VOL. X ISSUE 08 AUGUST-2019 BELTHANGADY

## ആശംസകൾ

ആശംസകൾ!



പ്രാർത്ഥനകൾ!

മെത്രാഭിഷേകത്തിന്റെ 20-ാം വാർഷികം ഓഗസ്റ്റ് 4 നും
നാമഹേതുകതിരുനാൾ ഓഗസ്റ്റ് 10 നും
പിറന്നാൾ ഓഗസ്റ്റ് 31 നും ആഘോഷിക്കുന്ന
രൂപതാദ്ധ്യക്ഷൻ

## മാർ ലോറൻസ് മുക്കുഴി പിതാവിന്

രൂപതാംഗങ്ങളുടെ പ്രാർത്ഥനകളും
മംഗളാശംസകളും!!!


# UDAYADEEPA BELTHANGADY

## ಉದಯದೀಪ ಬೆಳ್ತಂಗಡಿ

## ഉദയദീപ ബെൽത്തംഗഡി

### Belthangady Diocesan Bulletin

TO LOVE AND TO SERVE

Vol. X  Issue. 08  August- 2019  Page- 76

Annual Subscription: Rs. 140-00  Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439, 233975

## Feast of St. Lawrence
## August - 10



# CONTENTS


| | | |
|---|---|---|
| 1. | Circular No. 6/ 2019 | 7 |
| 2. | Pastoral Letter No. 5 / 2019 | 10 |
| 3. | അജപാലന സമിതിയുടെ റിപ്പോർട്ട് | 17 |
| 4. | Notifications from the Chancellery | 28 |
| 5. | സംക്ഷിപ്ത റിപ്പോർട്ട് | 31 |
| 6. | സംയുക്ത വൈദിക സമിതി റിപ്പോർട്ട് | 43 |
| 7. | Minor Seminary News | 47 |
| 8. | Catechism Department News | 51 |
| 9. | Family Apostolate | 58 |
| 10. | Social Service Department | 64 |
| 11. | St. Vincent De Paul Society News | 68 |
| 12. | Gaudete et Esultate : Pope Francis | 70 |
| 13. | Bishop's Diary | 73 |
| 14. | Programme of the Bishop | 75 |


*

**

***

# August - 15



"Let us pray that Mary, with her maternal intercession, will help us live our daily journey in the sure hope of joining her one day with all the saints and our loved ones in heaven," Pope Francis (15 August 2018)

Circular No. 6/ 2019

## ഇന്ത്യൻ സ്വാതന്ത്ര്യ ദിനം

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

2019 ആഗസ്റ്റ് 15 ന് ഭാരതം തന്റെ 73-ാം മത് സ്വാതന്ത്ര്യ ദിനം ആചരിക്കുകയാണ് ! നമ്മുടെ പ്രിയപ്പെട്ട രാജ്യം സ്വാതന്ത്ര്യം നേടിയതിന്റെ ഈ പൊൻ സുദിനത്തിൽ നിങ്ങൾക്കെല്ലാവർക്കും സ്വാതന്ത്ര്യ ദിനത്തിന്റ മംഗളങ്ങൾ ആശംസിക്കുന്നു.

ദീർഘകാലത്തെ വിദേശ അടിമത്വത്തിൽ നിന്ന് ഭാരതം കഠിനമായ പരിശ്രമത്തിലൂടെ ഒടുവിൽ മഹാത്മാഗാന്ധിജിയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യം നേടി ഇതിനുവേണ്ടി അനേകർ പ്രാണത്യാഗം ചെയ്തു; കഠിന പീഢനങ്ങളേറ്റു; അനേകർ പ്രാർത്ഥിച്ചു. ആഗസ്റ്റ് 15 ന് നാം അവരെയെല്ലാം നന്ദിയോടെ ഓർക്കണം. നമ്മുടെ ഈ നാടിന് ഇപ്രകാരമൊരു സ്വതന്ത്ര്യ ജീവിതം നല്കിയ സ്വർഗ്ഗപിതാവിന് നന്ദിയർപ്പിക്കണം. ഇന്ന് ഭാരതത്തെ നയിക്കുന്ന രാഷ്ട്ര തലവൻമാർക്ക് ഈ നാടിനെ നേരായ വിധം നയിക്കുന്നതിനുള്ള അനുഗ്രഹത്തിനായി നാം പ്രാർത്ഥിക്കണം. നാടിന്റെ ഭദ്രതക്കുവേണ്ടി അഹോ രാത്രം കാവലിരിക്കുന്ന പടയാളികളെ സ്നേഹത്തോടും നന്ദിയോടും ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും വേണം.

72 വർഷം ഭാരതം തന്റെ സ്വാതന്ത്ര്യം സംരക്ഷിച്ചുവെന്നുള്ളത് അഭിമാനകരമാണ് ! ലോക ചരിത്രം ഇന്നുവരെ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും സ്വീകാര്യമായ ജനാധിപത്യ ഭരണ ക്രമമാണ് നമ്മുടെ നാട്ടിലുള്ളത് ; ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് നമ്മുടേത്. അതിൽ നമുക്ക് അഭിമാനിക്കാം. ഈ കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ രാജ്യം വിവിധ തുറകളിൽ സാരമായ അഭിവൃദ്ധി കൈവരിച്ചിട്ടുണ്ട് എന്നുള്ളതും സത്യമാണ്. സുന്ദരമായ ഭരണഘടന ഭാരതത്തിനുണ്ട്. ദിവംഗതനായ ഡോ. അംബേദ്കർ പോലുള്ള ഭരണ ഘടന ശില്പ്പികളെയും ഭാരതത്തെ ഒരു വികസിത രാജ്യമായി സ്വപ്നം കണ്ട്

കൊണ്ട് അദ്ധ്വാനിച്ച ഭാരതത്തിന്റെ മുൻ നേതാക്കൻമാരെയും ഈ അവസരത്തിൽ നാം നന്ദിയോടെ സ്മരിക്കണം.

ഭാരതം സ്വതന്ത്ര്യം നേടിയിട്ട് 72 വർഷം പൂർത്തിയായെങ്കിലും ഇനിയും ദാരിദ്ര്യവും തൊഴിലില്ലായ്മയും നിരക്ഷരത്വവും ഈ രാജ്യത്ത് നടമാടുന്നുണ്ട്. മതവിദ്വേഷവും ഉച്ചനീജത്വവും സാമ്പത്തിക അസമത്വവും ഭാരതത്തിൽ ഇന്നും ചിലയിടങ്ങളിലെങ്കിലും ദൃശ്യമാണ്. സാമൂഹിക, സാംസ്ക്കാരിക, മാനവിക, ധാർമ്മിക, ശാസ്ത്രീയ മണ്ഡലങ്ങളിലും തെളിവാർന്ന പരിവർത്തനം ആവശ്യമാണ്. സ്ത്രീകൾക്കും, കുട്ടികൾക്കും, ദരിദ്രർക്കും ഇനിയും പൂർണ്ണ സുരക്ഷിതത്വം കൈവന്നിട്ടില്ല. ഈ മണ്ഡലങ്ങളിലെല്ലാം അഭിവൃദ്ധി കൈവരിക്കാൻ നമ്മുടെ പ്രിയപ്പെട്ട ഭാരതത്തിനു സാധിക്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. രാഷ്ട്രത്തോട് കൂറുള്ള പൗരനെന്ന നിലക്ക് ഈ രാജ്യത്തിന്റെ ഉന്നമനത്തിനുവേണ്ടി മനസ്സുകൊണ്ടും ആത്മാവുകൊണ്ടും ശരീരംകൊണ്ടും പ്രയത്നിക്കാമെന്ന് നാം ഓരോരുത്തരും പ്രതിജ്ഞ എടുക്കണം; ഈ രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കണം.

ആഗസ്റ്റ് 15 നമ്മുടെ സ്വർഗ്ഗീയ അമ്മയായ പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണമാണ്. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിക്കുന്നു. ദൈവപുത്രനായ മിശിഹയിക്ക് ജന്മം നല്കിയ മറിയത്തിന്റെ ശരീരം ഈ ഭൂമിയിൽ അഴിയുവാൻ പിതാവായ ദൈവം അനുവദിച്ചില്ല. തന്റെ തിരുസുതന്റെ അമ്മയെ ഉടലോടെ സ്വർഗ്ഗത്തിലെടുക്കുവാൻ അവിടുന്ന് തിരുമനസ്സായി. ''ഇതാ കർത്താവിന്റെ ദാസി, നിന്റെ തിരുവചനം പോലെ എന്നിൽ ഭവിക്കട്ടെ'' എന്ന് പറഞ്ഞുകൊണ്ട് തന്നെ പൂർണ്ണമായി ദൈവത്തിരുമനസ്സിന് സമർപ്പിച്ച് വാക്കിലും ചിന്തയിലും, പ്രവൃത്തിയിലും എപ്പോഴും വിശുദ്ധി കാത്ത് സൂക്ഷിച്ച ഒരു മനുഷ്യ വ്യക്തിക്ക് ലഭിക്കാവുന്ന പരമോന്നതമായ പ്രതിഫലമാണ് മാതവിന് ലഭിച്ചത് ! ഈ മറിയത്തെ ദൈവം നമുക്ക് മാതൃകയും മദ്ധ്യസ്ഥയുമായി നല്കി.



അവളെ നാം അനുകരിക്കണം അവളുടെ ശക്തമായ മാദ്ധ്യസ്ഥം നാം തേടണം.

ആഗസ്റ്റ് 15 നമുക്ക് കടമുള്ള ദിവസമാണ്. അന്നേ ദിവസം എല്ലാവരും വി. ബലിയിൽ പങ്കെടുക്കണം; ഭാരതത്തിനുവേണ്ടി പ്രാർത്ഥിക്കണം; പരി. മറിയത്തിന്റെ മാദ്ധ്യസ്ഥം തേടണം.

സ്വാതന്ത്ര്യ ദിനത്തിന്റെയും, സ്വർഗ്ഗാരോപണ തിരുനാളിന്റെയും മംഗളങ്ങൾ എല്ലാവർക്കും ഒരിക്കൽ കൂടി സ്നേഹത്തോടെ നേരുന്നു.

''ദൈവ വചനം കേട്ട് അത് പാലിക്കുന്നവർ കൂടുതൽ ഭാഗ്യവാൻമാർ'' (ലൂക്കാ 11 : 28) എന്ന തിരുവചന പ്രകാരം ജീവിച്ച് ഉടലോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട പരി. മറിയം നമ്മുടെ രാജ്യത്തിന് മാതൃകയാകട്ടെ അവളുടെ പ്രാർത്ഥനയാൽ നമുക്കും നമ്മുടെ രാജ്യത്തിനും അഭ്യുന്നതി ലഭിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റേയും + പുത്രന്റെയും +പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
16 -07- 2019

**+ മാർ ലോറൻസ് മുക്കുഴി**
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**N.B.:** ഈ ഇടയ ലേഖനം 11- 08- 2019 ന് ഞായറാഴ്ച എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

Pastoral Letter No 5/ 2019

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
അനുഗ്രഹത്താലും ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

**ലോറൻസ് മുക്കുഴി**

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും,
സന്യാസിനീ, സന്യാസികൾക്കും, ദൈവജനത്തിനും
നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും,

''കർത്താവിന് കൃതജ്ഞത അർപ്പിക്കുവിൻ ; അവിടുത്തെ നാമം വിളിച്ചപേക്ഷിക്കുവിൻ; അവിടുത്തെ പ്രവൃത്തികൾ ജനതകളുടെ ഇടയിൽ പ്രഘോഷിക്കുവിൻ'' (സങ്കീ 105 : 1).

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

നമ്മുടെ ചിരകാലാഭിലാഷമായിരുന്ന ബെൽത്തംഗഡി രൂപത ഉദ്ഘാടനം ചെയപ്പെട്ടിട്ട് 2024 ആഗസ്റ്റ് 4 ന് 25 വർഷം പൂർത്തിയവുകയാണ് ! നമ്മുടെ രൂപത രജത ജൂബിലിയിലേക്ക് അടുത്തുവരുകയാണ് ! 1999 ഏപ്രിൽ 24 നാണ് പുണ്യശ്ലോകനായ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ **''കും ആബ്ലാ''** എന്ന തിരുവെഴുത്തുവഴി നമ്മുടെ രൂപതയെ സ്ഥാപിച്ചത്. എന്നാൽ 1999 ആഗസ്റ്റ് 4 നാണ് രൂപത ഉദ്ഘാടനം ചെയ്യപ്പെടുകയും എളിയവനായ എന്റെ മെത്രാഭിഷേകം നടത്തപ്പെടുകയും ചെയ്യ്തത്. 4-08-2019 ന് 20 വർഷം പൂർത്തിയായി 21-ാം മത്തെ വർഷത്തിലേക്ക് നമ്മുടെ രൂപത പ്രവേശിക്കുന്നു.

ദൈവപരിപാലനയിൽ നമ്മുടെ ജനം കർണ്ണാടകയിലേക്ക് കുടിയേറിയിട്ട് 2024 ന് 75 വർഷം പുർത്തിയാവുകയാണ്! വേറൊരു വാക്കിൽ പറഞ്ഞാൽ 2024 നമ്മുടെ കുടിയേറ്റത്തിന്റെ പ്ലാറ്റിനം ജൂബിലിയും നമ്മുടെ രൂപതയുടെ സിൽവർ ജൂബിലിയുമാണ്. ആയതിനാൽ ഈ ജൂബിലിയും സമുചിതമായി ആചരിക്കേണ്ടത് നമ്മുടെ കടമയാണ്. 2019 ജൂൺ മാസം 25- 26 തിയതികളിൽ രൂപത പാസ്റ്റർ കൗൺസിലിൽ ഇതിനെ സംബന്ധിച്ച് ഗൗരവമേറിയ ചർച്ച നടത്തുകയും വരുന്ന 5



വർഷത്തേക്കുള്ള കർമ്മ പരിപാടികൾ തയ്യാറക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് ഈ മാസത്തെ (2019 ആഗസ്റ്റ്) ഉദയദീപത്തിൽ കാണാം.

ജൂബിലി എന്താണെന്നും എങ്ങനെ ആഘോഷിക്കണമെന്നും വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലേവ്യരുടെ പുസ്തകം 25 -ാം അദ്ധ്യായത്തിൽ ജൂബിലിയെക്കുറിച്ചുള്ള വിവരണം നമ്മുക്ക് കാണാം. ജൂബിലി തിരിഞ്ഞു നോട്ടത്തിനുള്ള സമയമാണ്; കഴിഞ്ഞ കാലങ്ങളിൽ ദൈവം നമുക്കായ് ചെയ്യ്തിട്ടുള്ള അനുഗ്രഹങ്ങളെ ഓർക്കുവാനും അവിടുത്തേക്ക് നന്ദി പറയുവാനുമുള്ള അവസരമാണ്. അതുപോലെ തന്നെ ദൈവ പ്രേരണകൾക്ക് വിരുദ്ധമായി നടന്നു പോയിട്ടുണ്ടങ്കിൽ അവയെക്കുറിച്ച് പശ്ചാത്തപിച്ച് മാപ്പ് അപേക്ഷിക്കുവാനുള്ള അവസരമാണ്. ആദ്ധ്യാത്മികവും ഭൗതികവുമായ കാര്യപരിപാടിയിലൂടെ നവീകരണത്തിന്റെ സമയമാണ്. കഴിഞ്ഞ് പോയ കാലങ്ങളിൽ നിന്ന് പാഠം പഠിച്ചുകൊണ്ട് ദൈവാരൂപിയുടെ സഹായം അപേക്ഷിച്ച് ഭാവി പദ്ധതികൾ തയ്യറാക്കുവാനുള്ള സമയവും കൂടിയാണ്.

നമുക്ക് നന്ദിയോടെ ഓർമ്മിക്കുവാനായ് ഏറെ കാര്യങ്ങൾ ഉണ്ട്. 2-ാം ലോക മഹായുദ്ധത്തിന്റെ പരിണിത ഫലമായി നാട്ടിലുണ്ടായ ദാരിദ്ര്യവും വിഷമതകളും കർണ്ണാടക എന്ന പ്രദേശത്തേക്ക് 75 വർഷം മുമ്പ് നമ്മുടെ പൂർവ്വികരെ കുടിയേറുവാൻ നിർബന്ധിച്ചു. ഈ നാട്ടിൽ വന്ന് ഏറെ ക്ലേശം സഹിച്ച് ജീവിതം ആരംഭിച്ചു. വ്യത്യസ്ഥമായ സംസ്കാരം, വ്യത്യസ്ഥമായ ഭാഷ, പ്രതികൂലമായ മറ്റ് സാഹചര്യം! ഇവ മൂലം നമ്മുടെ പൂർവ്വികർ സഹിച്ച ക്ലേശങ്ങൾ വർണ്ണനാതീതമാണ്. പല ഇടങ്ങളിലായി ചിതറി അവർ താമസിച്ചു. ആദ്യ കാലങ്ങളിൽ നമ്മുടെ ജനത്തിന്റെ അദ്ധ്യാത്മിക ആവശ്യങ്ങൾ മംഗലാപുരം, മൈസൂർ രൂപതകളാണ് നടത്തിയിരുന്നത്. ഭാഷയുടെയും റീത്തിന്റെയും വ്യത്യാസം കാരണം അജപാലന ആവശ്യങ്ങൾക്ക് ഏറെ ക്ലേശങ്ങളുണ്ടായിരുന്നു. എങ്കിലും ആ രൂപതകളിലെ ലത്തീൻ വൈദികർ നമ്മുടെ ജനത്തിന് ആവുന്ന വിധത്തിൽ ചെയ്യ്തിട്ടുള്ള സേവനങ്ങളെ നന്ദിയോടെ ഓർക്കണം. നമ്മുടെ പൂർവ്വികർ നമ്മുടെ സഭയുടെ പാരമ്പര്യമനുസരിച്ച് തന്നെ ആദ്ധ്യാത്മിക ആവശ്യങ്ങൾ നടത്തികിട്ടണമെന്ന് തലശ്ശേരി രൂപതാദ്ധ്യക്ഷനായിരുന്ന പുണ്യശ്ലോകനായ മാർ സെബാസ്റ്റ്യൻ വള്ളോപള്ളി പിതാവിനോട് നിരന്തരമായി അപേക്ഷിച്ചുകൊണ്ടിരുന്നു. അഭി. പിതാവ് നേരിട്ടും മറ്റ് വൈദികരെ അയച്ചും കാര്യങ്ങൾ മനസ്സിലാക്കിയതിന്റെ ഫലമായി 1960 കളിൽ നമുക്ക് ചിലയിടങ്ങളിൽ പള്ളികൾ ഉണ്ടാവുകയും നമ്മുടെ റീത്തിൽ തന്നെ വിശുദ്ധ കുർബ്ബാനയും

മറ്റ് അദ്ധ്യാത്മിക ആവശ്യങ്ങളും നടക്കുവാനും തുടങ്ങി. ആദ്യ കാലങ്ങളിൽ അഭി. പിതാവിന്റെ നിർദ്ദേശ പ്രകാരം കർമ്മലീത്താ (സി. എം. ഐ.) വൈദികരാണ് ഏറെ ത്യാഗം സഹിച്ച് കഷ്ടതയുടെ ആ കാലത്ത് നമ്മുടെ ജനങ്ങൾക്ക് സേവനം ചെയ്തത്! സി. എം. ഐ. വൈദികരുടെ ആ വലിയ സേവനത്തെ നാം നന്ദിയോടെ ഓർക്കണം. ക്രമേണ തലശ്ശേരി രൂപതയിൽ നിന്ന് രൂപതാ വൈദീകർ നിയമിക്കപ്പെട്ടു. തികച്ചും അവികസിതവും ഏറെ പരിമിതികളുമുള്ള പള്ളികളും പള്ളിമുറികളുമാണ് അന്നുണ്ടായിരുന്നത്. അതും വളരെ ചുരുക്കമായി മാത്രം. ദൈവം നമ്മോട് കൂടെ ഉണ്ടായിരുന്നത് കൊണ്ട് കാലങ്ങൾ മുന്നോട്ട് പോകുന്നതനുസരിച്ച് സ്ഥിതിഗതികൾ മെച്ചപ്പെട്ടുകൊണ്ടിരുന്നു! എങ്കിലും കേരളത്തിലെ കുടിയേറ്റ മേഖലകളിൽ ഉണ്ടായ വികസനം ഈ പ്രദേശത്ത് ഉണ്ടായില്ല. വൈദികരുടെ എണ്ണ ക്കുറവ്, ഭാഷ പരിജ്ഞാന ക്കുറവ്, സന്യസ്ഥരുടെ സാന്നിദ്ധ്യമില്ലായ്മ, സാബത്തിക ബുദ്ധിമുട്ടുകൾ ഒക്കെ ഇതിന് കാരണമായി പറയവുന്നതാണ്. ഈ പ്രദേശം വികസിക്കണമെന്ന് ക്രാന്തദർശിയായ മാർ സെമ്പാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവിന് വലിയ ആഗ്രഹമുണ്ടായിരുന്നു.

1979 നവംബർ 11 ന് അന്നത്തെ അവിഭക്ത ദക്ഷിണ കന്നഡ ജില്ലയെ (ദക്ഷിണ കന്നഡ, ഉഡുപ്പി) തലശ്ശേരി രൂപതയുടെ മിഷനായി പ്രഖ്യാപ്പിക്കുകയും “സൗത്ത് കെനറാ” എന്ന് നാമകരണം ചെയ്യുകയുംചെയ്തു. അന്ന് തന്നെ പെരിയ ബഹു. പീറ്റർ കൂട്ടിയാനി അച്ചനെ എപ്പിസ്കോപ്പൽ വികാരിയായി നിയമിക്കുകയും അദ്ദേഹത്തിന്റെ ആസ്ഥാനം ഉദനപള്ളിയിലായി നിശ്ചയിക്കുകയും ചെയ്തു. കൊഡഗു ജില്ലയുടെ കാര്യങ്ങൾ തലശ്ശേരിയിൽ നിന്ന് നേരിട്ട് നടത്തുവാനും തീരുമാനിച്ചു.

എപ്പിസ്കോപ്പൽ വികാരിയുടെ ആഗമനത്തോടെ സൗത്ത് കെന◌ാ മിഷന് പുതിയ ഉണർവ്വും വളർച്ചയുമുണ്ടായി. ബഹു. പീറ്റർ അച്ചന്റെ 1 8 വർഷത്തെ കഠിനാദ്ധ്വാനവും വൈദികരുടെയും, സിസ്റ്റേഴ്സിന്റെയും, അൽമായരുടെയും കൂട്ടായ പരിശ്രമവും സൗത്ത് കേനറ മിഷന് പുതിയ രൂപവും ഭാവവും നല്കി. ഇതോടെ ഈ പ്രദേശത്തെ ഒരു രൂപതയാക്കി ഉയർത്തണമെന്നുള്ള ബന്ധം പ്രബലപ്പെടുത്തുകയും അഭി. വള്ളോപള്ളി പിതാവ് ആരംഭിച്ച പ്രക്രിയ 1999ൽ അഭി. വലിയമറ്റം പിതാവ് പൂർത്തിയാക്കുകയും ബെൾത്തംഗഡി രൂപത സ്ഥപിതമാവുകയും ചെയ്തു. ദക്ഷീണ കന്നഡ, ഉഡുപ്പി, കൊഡഗു ജില്ലകളിലായി ചിതറികിടന്നിരുന്ന നമ്മളെ ഒരു രൂപതയാക്കി ഉയർത്തിച്ചുകൊണ്ട്



വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഉത്തരവിടുകയും നമ്മെ ഒരു പ്രാദേശിക സഭായാക്കി ഉയർത്തുകയും ചെയ്യ്തു.

രജതജൂബിലിക്ക് ഒരുങ്ങുന്ന നാം തിരിഞ്ഞുനോക്കുമ്പോൾ ദൈവ പരിപാലനയുടെ വലിയ അത്ഭുതങ്ങൾ നമുക്ക് കാണുവാൻ സാധിക്കും ! പ്രവചനങ്ങൾ പൂർത്തിയാക്കികൊണ്ട് അവിടുന്ന് നല്ലിടയനെപ്പോലെ നമ്മെ നയിച്ചു. നമുക്കിപ്പോൾ നമ്മുടെ ജനമുള്ള എല്ലായിടത്തും തന്നെ പള്ളികളായി, സന്യാസ ഭവനങ്ങളായി മറ്റ് സ്ഥപനങ്ങളുമായി! നമ്മുടെ രൂപതയിൽ നിന്ന് തന്നെ നമ്മുക്ക് വൈദികരും സിസ്റ്റേഴ്സുമായി; കുറവുകൾ പരിഹരിക്കാൻ തലശ്ശേരിയിൽ നിന്നും നമ്മുടെ സഭയുടെ മറ്റ് ഇടങ്ങളിൽ നിന്നും വൈദികരും സന്ന്യസ്ഥരും വന്നു. ഇന്ന് ബെൾത്തംഗഡി രൂപത കർണ്ണാടകത്തിലും സീറോ മലബാർ സഭയിലും അറിയപ്പെടുന്ന ഒരു രൂപതയാക്കി ദൈവം വളർത്തി. ബഹുമാനപ്പെട്ട വൈദികരുടെയും, സിസ്റ്റഴ്സിന്റെയും, അൽമായ പ്രേഷിതരുടെയും കഠിനമായ പരിശ്രമ ഫലമായും നിരവധി ഉപകാരികളുടെ സഹായം വഴിയായും നമ്മുടെ രൂപത വളർന്നുകൊണ്ടിരിക്കുന്നു!

നമ്മെ വളർത്തിയ നല്ല ദൈവത്തോട് എത്ര നന്ദി പറഞ്ഞാലും അധികമാവുകയില്ല. നമ്മുടെ വളർച്ച ലക്ഷ്യം വച്ചുകൊണ്ട് പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്ത അഭി. വള്ളോപ്പള്ളി പിതാവും, അഭി. വലിയമറ്റം പിതാവും എപ്പിസ്കോപ്പൽ വികാരിയായിരുന്ന പെരിയ ബഹു. പീറ്റർ കൂട്ടിയാനി അച്ചനും ഇവിടെ സേവനം ചെയ്തു കടന്നപോയ വൈദികരും, സന്ന്യസ്ഥരും നമ്മുടെ അകമഴിഞ്ഞ നന്ദി അർഹിക്കുന്നു. ഇപ്പോൾ നമ്മുടെ രൂപതയിൽ സേവനമനുഷ്ഠിക്കുന്ന ബഹുമാനപ്പെട്ട വൈദികർക്കും സിസ്റ്റേഴ്സിനും അല്മായ പ്രേഷിതർക്കും നന്ദിയും അഭിനന്ദനങ്ങളും നാം അർപ്പിക്കണം.

കഴിഞ്ഞ കാലങ്ങളിലേക്ക് തിരിഞ്ഞുനോക്കി കൈവരിച്ച നേട്ടങ്ങൾക്ക് ദൈവത്തിന് നന്ദിപറയുന്നതോടൊപ്പം വന്നു പോയ തെറ്റുകൾക്ക് നാം അവിടത്തോട് മാപ്പ് അപേക്ഷിക്കണം. വന്നു പോയ പരാജയങ്ങളുടെ കാരണങ്ങൾ അന്വേഷിച്ച് തിരുത്തണം. നമ്മുടെ രൂപത ഇനിയും ഉന്നതങ്ങളിലേക്ക് വളരേണ്ടതുണ്ട്. ആദ്ധ്യാത്മികമായും വിദ്യാഭ്യാസപരമായും, സംസ്കാരികമായും, രാഷ്ട്രീയമായും,സാമ്പത്തികമായും, മറ്റ് മേഖലകളിലും. ഈ മേഖലകളെ കുറിച്ചൊക്കെ ശരിയായ ചർച്ചകൾ നടത്തുകയും പദ്ധതികൾ തയ്യാറാക്കുകയും വേണം. 2019 ജൂൺ 25, 26 തിയ്യതികളിൽ നടന്ന പാസ്റ്റർ കൗൺസിലിൽ ജൂബിലി ആഘോഷത്തെക്കുറിച്ച് ചർച്ച നടന്നു. ഇനി മുമ്പോട്ട് 5 വർഷങ്ങളിലായി വിവിധ കാര്യപരിപാടികളോടെ ജൂബിലി ആചരണം നടക്കണ

മെന്ന് തീരുമാനമുണ്ടായി. പാരിഷ് കൗൺസിലും മറ്റ് സമിതികളിലും പ്രവർത്തക സമിതികളിലും ചർച്ച ചെയ്ത മുഴുവൻ കാര്യങ്ങളും ഇവിടെ രേഖപ്പെടുത്തുക സാദ്ധ്യമല്ലാത്തുകൊണ്ട് ചുരക്കമായിട്ട് മാത്രമേ ഇവിടെ അവയെക്കുറിച്ച് പരാമർശിച്ചിട്ടുള്ളു. അതിന്റെ സംക്ഷിപ്ത രൂപം മാത്രം ഈ താഴെ ചേർക്കുന്നു.

**ജൂബിലിയുടെ മോട്ടോ "നന്ദിയോടെ നാം ഒന്നായി "എന്നതാണ്**

പ്രവർത്തനങ്ങളിൽ ഇരട്ടിപ്പ് വരുത്താതിരിക്കാൻ പൊതുവായി എടുത്ത തീരുമാനം ഇപ്രകാരമാണ്. രൂപതയിലുള്ള എല്ലാ സംഘടനകളും കമ്മീഷനുകളും ജൂബിലി ആഘോഷം പ്രമാണിച്ച് കൂടുതൽ ശക്തിപ്പെടുത്തി രൂപതയുടെ യഥാർത്ഥ ലക്ഷ്യത്തിലേക്ക് നിങ്ങുക. ഇതിനുപുറമേ 2024 വരെ 5 വർഷത്തേക്ക് ഒരോ വർഷവും ശ്രദ്ധിച്ച് നടപ്പിലാക്കേണ്ട പ്രധാനപ്പെട്ട കാര്യപരിപാടികൾ ഈ താഴെ ചേർക്കുന്നു:

**ഒന്നാം വർഷം**

1. 4-08-2019 ന് കത്തീഡ്രൽ പള്ളിയിൽ തിരിതെളിച്ച് ജൂബിലി ഉദ്ഘാടനം ചെയ്യുക.
2. രൂപതയിലെ എല്ലാവരെയും ജൂബിലിയുടെ അർത്ഥത്തെയും ആഴത്തെയുക്കുറിച്ച് ബോധവൽകരിക്കുക. നമ്മുടെ സഭയുടെ ചരിത്രവും യഥാർത്ഥ കത്തോലിക്കാ ജീവിത ലക്ഷ്യവും പഠന വിഷയമാക്കുക.
3. രൂപതയിൽ 2024 ആകുമ്പോഴെക്കും 25 പാവപ്പെട്ട കുടുംബങ്ങൾക്കെങ്കിലും ഒരോ ഭവനം പണിതു കൊടുക്കുന്നതിലേക്ക് പ്രവർത്തനമാരംഭിക്കുക. ഇത് സംബന്ധമായി ഫൊറോന കൗൺസിലും പരിഷ് കൗൺസിലും തീരുമാനമെടുക്കുക.
4. രൂപതയുടെ ചരിത്രം എഴുതുവാൻ ആരംഭിക്കുക. 2024 ന് പൂർത്തിയാക്ക തക്ക വിധം.

**രണ്ടാം വർഷം**

1. ജീവിത നവികരണ ധ്യാനങ്ങൾ എല്ലാ ഇടവകകളിലും നടത്തുക. ധ്യാനം കൂടുതൽ വ്യക്തിഗതവും സഥലകാല സാഹചര്യങ്ങൾക്ക് ചേർന്നതുമായി നടത്തുന്നതിനുള്ള ടീം രൂപതയിൽ നിന്ന് തന്നെ സജ്ജമാക്കുക.
2. കൗൺസിലിംഗ് സൗകര്യ ഒരുക്കുക, ആഴത്തിലുള്ള അനുരഞ്ജനം കൈവരുത്തുക.
3. ഭവന നിർമ്മണം തുടരുക
4. ജൂബിലി സ്മരണികക്ക് കമ്മിറ്റിയുണ്ടാക്കുക, പ്രവർത്തനമരംഭിക്കുക.



**മൂന്നാം വർഷം**

1. എക്യുമിനിസം, മതാന്തര സംവാദം വർഷമായി ആചരിക്കുക
2. കൗൺസിലിഗ് സൗകര്യം തുടരുക
3. ഭവന നിർമ്മാണം തുടരുക

**നാലം വർഷം**

1. യുവജന വർഷമായി ആചരിക്കുക
2. ഭവന നിർമ്മണം തുടരുക
3. ഫൊറോന തലത്തിൽ കൺവെൻഷനുകൾ സംഘടിപ്പിക്കുക

**അഞ്ചാം വർഷം**

1. ജൂബലി വർഷം രൂപതാ തലത്തിൽ വിവിധ കാര്യപരിപാടികളോട് കൂടി വർഷാചരണം സമുചിതമായി ആചരിക്കുക

1. പ്രാർത്ഥനാ കാർഡുകൾ ഈ വർഷത്തിന്റെ ആരംഭത്തിൽ തന്നെ എല്ലാവർക്കും എത്തിച്ചു കൊടുക്കുക.
2. രൂപതാ തലത്തിൽ ജൂബിലി ആഘോഷം നടത്തുക. കൂടിയേറ്റത്തിന്റെ 75-ാം ജൂബിലി വർഷമായിക്കുടി ആഘോഷിക്കുക- വി.കുർബാന സമ്മേളനം
   - ♦ വിവിധ മേഖലകളിൽ വിജയം കൈവരിച്ചവരെ ആദരിക്കുക
   - ♦ വിവിധ മേഖലയിൽ ജോലി ചെയ്യുന്നവരുടെ സംഗമങ്ങൾ നടത്തുക
   - ♦ ഓരേ മേഖലയിൽ ജോലി ചെയ്യുന്നവരുടെ സംഗമങ്ങൾ നടത്തുക
   - ♦ ജൂബിലി ബൈബിൾ ക്വിസ്സ് നടത്തുക
   - ♦ മിഷനറി സംഗമം നടത്തുക
3. കുടിയേറ്റത്തെക്കുറിച്ച് നല്ല രീതിയിൽ ഒരു സെമിനാർ സംഘടിപ്പിക്കുക.
4. ജൂബിലി സ്മാരകമായി നിർമ്മിച്ച ഭവനങ്ങൾ കൈമാറുക
5. ജൂബിലി സ്മരണിക, രൂപതാചരിത്രം പ്രകാശനം ചെയ്യുക.
6. ജൂബിലി തീർത്ഥാടനം സംഘടിപ്പിക്കുക

ജൂബിലി തിരിഞ്ഞുനോട്ടത്തിനും സമൂല പരിവർത്തനം വരുത്തുവാനുള്ള സമയമാണ്. വ്യക്തി ജീവിത്തിലും കുടുംബ ജീവിതത്തിലും ഒരു സഭയെന്ന നിലയിലും നാം നമ്മുടെ ജീവിതത്തെ നവികരിക്കുകയും കൂടുതൽ ദീപ്തമാക്കുകയും ബഹ്യമായ ആഘോഷ

ങ്ങളെക്കാൾ ആത്മീയമായ ആഘോഷങ്ങൾക്ക് മുൻതൂക്കം നല്കണം. ഈ നാട്ടിൽ ഉദിച്ചുയർന്ന് എല്ലാവർക്കും പ്രകാശം നല്കുന്ന ഉദയ ദീപമാകണം നമ്മുടെ രൂപത. അതിനാൽ ബഹുമാനപ്പെട്ട വൈദികരും സിസ്റ്റേഴ്സും അല്മായ നേതാക്കളും ജൂബിലി ആഘോഷ പരിപാടി കൾക്ക് ശരിയായി നേതൃത്വം നല്കണം. എല്ലാവരും എല്ലാ കാര്യപരി പാടികളിലും ആത്മാർത്ഥമായി സഹകരിക്കണം. പെരിയ ബഹുമാന പ്പെട്ട ജനറാളച്ചൻ ജനറൽ കൺവിനറായികൊണ്ട് ഒരു ഏഴംഗ പ്രവർത്തക സമിതി രൂപികരിച്ചിട്ടുണ്ട്. പെരിയ ബഹുമാനപ്പെട്ട ഫൊറോന വികാരിമാരുടെ സഹകരണത്തോടെ ഈ സമിതി പ്രവർത്തന രൂപ രേഖ തയ്യാറാക്കി നല്ക്കുന്നതാണ്. പരിഷ് കൗൺസിൽ അംഗങ്ങളും ഫൊറോന കൗൺസിലംഗങ്ങളും വിവിധങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കൻ ശ്രദ്ധിക്കണമെന്ന് അപേക്ഷിക്കുന്നു. പ്രവർത്തനങ്ങുടെ രീതികളും പുരോഗതിയും ഓരോ ഘട്ടത്തിലും നല്ക്കേണ്ടതാണ്.

പരിപൂർണ്ണരായ ക്രൈസ്തവ വ്യക്തിത്വങ്ങളായി ജീവിച്ച് മറ്റു ള്ളവരെയും രക്ഷയിലേക്ക് നയിക്കതക്കവിധം ജനതതിയെ രൂപപ്പെടു ത്താനാണ് ദൈവം നമ്മുടെ രൂപതയെ സഹായിച്ചത്. 2024 ആകുമ്പോൾ 25 വർഷം പൂർത്തിയാക്കുന്ന നമ്മുടെ രൂപത കൂടുതൽ തേജോമയ മായി പ്രകാശിക്കാൻ നാമെല്ലാവരും പ്രാർത്ഥിക്കണം. തിരുവചനത്തിൽ (ലേവ്യർ.25) പറയുന്നത്പോലുള്ള ജൂബിലി ആഘോഷിക്കുവാൻ വരും നാളുകളിൽ ദൈവം നമ്മെ ഒരോരുത്തരെയും അനുഗ്രഹിക്കെട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റേയും + പുത്രന്റെയും +പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഏവരേയും ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി + മാർ ലോറൻസ് മുക്കുഴി
03 -07- 2019 ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**N.B.:** ഈ ഇടയ ലേഖനം 28- 07- 2019 ന് ഞായറാഴ്ച എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.



## ബൽത്തംഗഡി രൂപതാ അജപാലന സമിതിയുടെ 33-ാം മത് സമ്മേളന റിപ്പോർട്ട്

ബൽത്തംഗഡി രൂപത അജപാലന സമിതിയുടെ 33-ാം മത് സമ്മേളനം 2019 ജൂൺ മാസം 25, 26 തിയതികളിൽ രൂപതാ അജപാലന കേന്ദ്രമായ ജ്ഞാനനിലയത്തിൽ വച്ച് രൂപതാ അദ്ധ്യക്ഷൻ അഭി. ലോറൻസ് മുക്കുഴി പിതാവിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

ജൂൺ മാസം 25-ാം തിയതി വൈകിട്ട് ആറുമണിക്ക് ബഹുമാന പ്പെട്ട സെബസ്റ്റ്യൻ പൂവത്തിങ്കലച്ചന്റെ നേതൃത്വത്തിൽ നടന്ന ബൈബിൾ പ്രതിഷ്ഠയ്ക്കും വചന ശുശ്രൂഷയ്ക്കും ശേഷം പരിശുദ്ധ ദൈവമാ താവിനോടുള്ള ജപമാല പ്രാർത്ഥനയോടെ സമ്മേളനത്തിന് തുടക്കം കുറിച്ചു. അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച് രൂപത യുടെ 33-ാം മത് പാസ്റ്ററൽ കൗൺസിലിൽ ബൽത്തംഗഡി രൂപതാ വികാരി ജനറാൾ പെരിയ ബഹു. ജോസ് വലിയപറമ്പിലച്ചൻ അഭിവന്ദ്യ പിതാവിനും അജപാലന സമിതി അംഗങ്ങൾക്കും ഹൃദ്യമായ സ്വാഗതം ആശംസിച്ചു. തുടർന്ന് 32-ാം മത് അജപാലന സമിതി സമ്മേളന റിപ്പോർട്ട് സെക്രട്ടറി ശ്രിമതി വിൻസി ആന്റണി അവതരിപ്പിക്കുകയും യോഗം അംഗികരിക്കുകയും ചെയ്തു. അതിനു ശേഷം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവ് ദീപം തെളിയിച്ച് രൂപതയുടെ 33-ാം മത് അജപാലന സമിതി സമ്മേളനം ഉദ്ഘാടനം ചെയ്യുകയും തുടർന്ന് നൽകിയ ഉദ്ഘാടന പ്രസംഗത്തിൽ അജപാലന സമിതി രൂപ തയിലെ പരമോന്നത സമിതിയാണന്നും സമിതി അംഗങ്ങളുടെ പ്രവ ർത്തനങ്ങൾ സജിവമായാൽ അത് സഭയെ കൂടുതൽ ഔന്നത്യത്തി ലേക്ക് നയിക്കും എന്നും നമ്മുടെ രൂപതയിലെ സമിതിയുടെ പ്രവർത്ത നങ്ങൾ ശ്ലാഘനീയമാണന്ന് പറഞ്ഞു. ദൃശ്യവും അദൃശ്യവുമായ ഘട കങ്ങളുള്ള തിരുസഭ ലോക രക്ഷയ്ക്കുവേണ്ടി സ്ഥാപിക്കപ്പെട്ട കൂദാ ശ ആയതിനാൽ അജപാലന സമിതി അംഗങ്ങൾ ദൈവനിയോഗത്തിൽ തിരഞ്ഞെടുക്കപ്പെട്ടവരാന്നെന്നും ഓർമ്മിപ്പിച്ചുകൊണ്ട് പിതാവ് ബൽത്തംഗഡി രൂപതയുടെ 33-ാം മത് പാസ്റ്ററൽ കൗൺസിൽ ഔദ്യോ ഗികമായി ഉദ്ഘാടനം ചെയ്തതായി പ്രഖ്യാപിച്ചു.

## രൂപതാ പ്രവർത്തന വാർഷിക റിപ്പോർട്ട്

2018 -19 വർഷത്തെ രൂപതയുടെ നാളാഗമവും വിവിധ കമ്മീഷനുകളുടെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടും രൂപതാ ചാൻസലർ ബഹുമാനപ്പെട്ട ലോറൻസ് പൂണോലിലച്ചൻ അവതരിപ്പിച്ചതിനൊപ്പം വിശദമായ റിപ്പോർട്ടിന്റെ കോപ്പി എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കി.

ലെലിയ പ്രാർത്ഥനയ്ക്കുശേഷം നടന്ന ഒന്നാമത്തെ ഇൻപുട്ട് സെഷനിൽ ബഹുമാനപ്പെട്ട ജോസഫ് മറ്റത്തിലച്ചൻ ബൽത്തംഗഡി രൂപതാ ജൂബിലി ആഘോഷങ്ങൾക്കുവേണ്ടി തയ്യാറാക്കിയ കാര്യപരിപാടികളുടെ ഒരു കരടു രൂപം അവതരിപ്പിക്കുകയുണ്ടായി. 2019 മുതൽ 2024 വരെ ഓരോ വർഷങ്ങളിലും നാം എങ്ങനെയാവാം ജൂബിലിക്കായി ഒരുങ്ങേണ്ടതെന്ന വിശദീകരണവും അവതരണത്തിനോടൊപ്പം നൽക്കുകയുണ്ടായി. കാര്യപരിപാടികളുടെ കോപ്പി എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കി.

തയ്യാറാക്കിയ കാര്യപരിപാടികളിൽ മാറ്റങ്ങൾ വരുത്താനാവും എന്ന പൂർണ്ണ അനുമതി പിതാവ് അജപാലന സമിതി അംഗങ്ങൾക്ക് നൽകുകയുണ്ടായി. അത് ഈ താഴെ ചേർക്കുന്നു

## ബെൽത്തംഗഡി രൂപതാ ജൂബിലിക്കുവേണ്ടിയുള്ള ഒരുക്കങ്ങൾ

ബെൽത്തംഗഡി രൂപത സ്ഥാപിതമായിട്ട് ആഗസ്റ്റ് 04, 2019 നു 20 വർഷം പൂർത്തിയാവുകയാണ്. 2024 രൂപതയുടെ സിൽവർ ജൂബിലി വർഷമാണ്. ദൈവ പരിപാലനയിൽ 2024, കർണാടക കുടിയേറ്റത്തിന്റെ 75-ാം വർഷം (പ്ലാറ്റിനം ജൂബിലി) കൂടിയാണ്. നമ്മുടെ രൂപതയെ ഇത്രത്തോളം വളർത്തിയ നല്ല ദൈവത്തിനു നന്ദി പറയുവാനും ജൂബിലിക്കുവേണ്ടി ഒരുങ്ങുവാനുമുള്ള സമയമാണ് ഇനിവരുന്ന അഞ്ച് വർഷങ്ങൾ. വന്ന വഴികളെ തിരിഞ്ഞുനോക്കുവാനും ദൈവം തന്ന അനുഗ്രഹങ്ങൾക്ക് നന്ദി പറയുവാനും, വീഴ്ചകളും പോരായ്മക്കളും കണ്ടെത്തി തിരുത്തുവാനും, ഇനി മുമ്പോട്ടു ചെയ്യേണ്ട കാര്യപരിപാടി പ്ലാൻ ചെയ്യുവാനുമൊക്കെയുള്ള വർഷമാണ് ജൂബിലി വർഷം.

ജൂബിലി ആഘോഷങ്ങൾ രൂപതയുടെ എല്ലാ മേഖലകളുടെയും സമഗ്ര നവീകരണത്തിന് ഉതകും വിധം നിരന്തരമായ ഒരു പ്രക്രിയ ആയിരിക്കും.

ജൂബിലിയുടെ മോട്ടോ : **“നന്ദിയോടെ നാം ഒന്നായി”** (1കോറി 1 : 10).



ജൂബിലിയോടനുബന്ധിച്ച് എല്ലാ കമ്മീഷനുകളും തങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കേണ്ടതാണ്.

### ഒന്നാം വർഷം 2019-2020

ജൂബിലിക്കുവേണ്ടിയുള്ള ഒരുക്കത്തിന്റെ കാര്യപരിപാടികളുടെ ആരംഭം കുറിക്കുക.

**പൊതുവിലുള്ളത്**

രൂപതയിൽ നടക്കുന്ന എല്ലാ അജപാലന പ്രവർത്തനങ്ങളെയും- കുട്ടികൾക്കുള്ളത് , യുവജനങ്ങൾക്കുള്ളത്, കുടുംബങ്ങൾക്കുള്ളത്, ഭകത സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ. - രൂപതാ ജൂബിലി മനസ്സിൽ കരുതി ഊർജിതപ്പെടുത്തുക.

**പ്രത്യേകമായത്**

- ജൂബിലിയെക്കുറിച്ചുള്ള അവബോധം എല്ലാവർക്കും ഒന്നാം വർഷം തന്നെ കൊടുക്കുക.
- ഒരു കത്തോലിക്കൻ ആരെന്നും സഭാചരിത്രം എന്തെന്നും പഠിപ്പിക്കുക.
- ഓരോ ഇടവകയിലും സാധുക്കൾക്കുവേണ്ടി ഭവന നിർമ്മാണം ആരംഭിക്കുക.
- രൂപയുടെ ചരിത്രം എഴുവാൻ ആരംഭിക്കുക.

### രണ്ടാം വർഷം 2020 - 2021

**പാതുവിലുള്ളത്**

- രൂപതയിൽ നടക്കുന്ന എല്ലാ അജപാലന പ്രവർത്തനങ്ങളെയും- കുട്ടികൾക്കുള്ളത്, യുവജനങ്ങൾക്കുള്ളത്, കുടുംബങ്ങൾക്കുള്ളത്, ഭക്ത സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ. - രൂപതാ ജൂബിലി മനസ്സിൽ കരുതി ഊർജിതപ്പെടുത്തുക അജപാലന പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുക. വാർഡ് യോഗങ്ങൾ ശക്തിപ്പെടുത്തുകയും അതിൽ എല്ലാവരും പങ്കെടുക്കുന്നു എന്ന് ഉറപ്പുവരുത്തുക.

**പ്രത്യേകമായത്**

- എല്ലാ ഇടവകകളിലും ധ്യാനങ്ങൾ നടത്തുക

- കൗൺസിലിംഗ് ലഭ്യമാക്കുക
- ഭവന നിർമ്മാണം തുടരുക
- സഭയെക്കുറിച്ച് ക്വിസ്സ് നടത്തുക
- സ്മരണിക / ഡോക്കുമെന്ററി തയ്യാറാക്കുവാൻ ആരംഭിക്കുക .

**മൂന്നാം വർഷം 2021–2022**

**പൊതുവിലുള്ളത്**

- അജപാലന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക

**പ്രത്യേകമായത്**

- എക്യുമിനിസം, മതാന്തര സംവാദം വർഷമായി ആചരിക്കുക
- ഭവന നിർമ്മാണം തുടരുക
- കൗൺസിലിംഗിനുള്ള സൗകര്യം തുടരുക

**നാലം വർഷം 2022– 2023**

**പൊതുവിലുള്ളത്**

- അജപാലന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക

**പ്രത്യേകമായത്**

- യുവജന വർഷമായി ആചരിക്കുക
- ഭവന നിർമ്മണം തുടരുക
- ഫൊറോന തലത്തിൽ കൺവെൻഷനുകൾ സംഘടിപ്പിക്കുക

**അഞ്ചാം വർഷം 2023–2024**

**ജൂബിലി ആഘോഷ വർഷം**

1 . പ്രാർത്ഥന കാർഡുകൾ ഈ വർഷത്തിന്റെ ആരംഭത്തിൽ ത്തന്നെ എല്ലാവർക്കും എത്തിച്ചുകൊടുക്കുക.

2. രൂപതാ തലത്തിൽ ജൂബിലി ആഘോഷം നടത്തുക. കുടിയേറ്റത്തിന്റെ 75 ാം ജൂബുലി വർഷമായി ക്കൂടി ആഘോഷിക്കുക. വി. കുർബാന, സമ്മേളനങ്ങൾ

- വിവിധ മേഖലകളിൽ പ്രശസ്ത വിജയം കൈവരിച്ചവരെ ആദരിക്കുക
- ഓരോ മേഖലയിൽ ജോലി ചെയ്യുന്നവരുടെ സംഗമങ്ങൾ നടത്തുക
- ജൂബിലി ബൈബിൾ ക്വിസ്സ് നടത്തുക
- മിഷനറി സംഗമം നടത്തുക



3. കുടിയേറ്റത്തെക്കുറിച്ച് നല്ല രീതിയിൽ ഒരു സെമിനാർ സംഘടിപ്പിക്കുക
4. ജൂബിലി സ്മാരകമായി നിർമ്മിച്ച ഭവനങ്ങൾ കൈമാറുക
5. ജൂബിലി സൊവെനീർ, രൂപത ചരിത്രം പ്രകാശനം ചെയ്യുക
6. ജൂബിലി പിലിഗ്രിമേജ് സംഘടിപ്പിക്കുക.

രൂപതാ ജൂബിലിയുടെ ആപ്തവാക്യം ''നന്ദിയോടെ നാം ഒന്നായ്'' (1കോറി 1 : 10) എന്നത് സ്വീകരിക്കാനുള്ള കാരണങ്ങൾ പിതാവ് വിശദമാക്കി. എല്ലാറ്റിലും ഉപരിയായി ജൂബിലി ആഘോഷങ്ങൾ രൂപതയുടെ സമഗ്ര നവീകരണത്തിന് ഉതകും വിധത്തിലായിരിക്കണം എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഇൻപുട്ട് സെഷന് വിരാമം കുറിച്ച് യോഗം വിശ്രമത്തിനായി പിരിഞ്ഞു.

26–ാം തിയതി രാവിലെ സപ്ര പ്രാർത്ഥനയ്ക്കു ശേഷം അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിക്കപ്പെട്ടു. ദിവ്യബലിയിൽ വി. യോഹന്നാന്റെ സുവിശേഷം 4–ാം അദ്ധ്യായം 29 : 31, ഫിലി 2 12 :15 എന്നീ വചനഭാഗങ്ങൾ വായിക്കുകയും ഇതിനെ ആസ്പദമാക്കി വളരെ പ്രചോദനകരമായ സന്ദേശം അഭിവന്ദ്യ പിതാവ് നൽകുകയുണ്ടായി. വക്രതയും ദുഷ്പ്രേരണയും നിറഞ്ഞ ഈ തലമുറയിൽ മറ്റുള്ളവർക്ക് മുൻമ്പിൽ നമുക്ക് പ്രശോഭിക്കാൻ സാധിക്കണം, എങ്കിൽ മാത്രമേ ക്രിസ്ത്യാനി എന്ന നാമത്തിന് പൂർണ്ണത കൈവരിക്കാൻ സാധിക്കുകയുള്ളു. ഈശോയുടെ പ്രകാശം പകർന്നു നൽകേണ്ടത് ഈ തലമുറയുടെ ആവശ്യകതയാണ് എന്നോർപ്പിച്ചുകൊണ്ട് പിതാവ് തന്റെ സന്ദേശത്തിന് വിരാമമിട്ടു.

ദിവ്യബലിയ്ക്കുശേഷം പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയോടെ രണ്ടാം സെഷന് തുടക്കം കുറിച്ചു. രൂപതയുടെ ജൂബിലി ഒരുക്കങ്ങളുടെ ഭാഗമായി ജൂബിലിക്കുവേണ്ടി ഒരുങ്ങുവാനും ജൂബിലിയെക്കുറിച്ച് ഓരോ അംഗങ്ങൾക്കും അവബോധം പകർന്നു നൽകാനും തീരുമാനത്തിന്റെ ഭാഗമായി അജപാലന സമിതി അംഗങ്ങൾക്ക് ജൂബിലി ആഘോഷത്തിന്റെ പ്രസക്തി എന്താണണ് വിശദികരിക്കാനുമായി തലശ്ശേരി ആൽഫാ ഇൻസ്റ്റിട്ട്യുട്ടീന്റ വൈസ് ഡയറട്ടർ ബഹു.ജോസഫ് കാക്കരമറ്റത്തിൽ അച്ചനെ അംഗങ്ങൾക്ക് പരിചയപ്പെടുത്തിയ ബഹു. തോമസ് പാറേക്കാട്ടിൽ അച്ചൻ രൂപതയുടെയും

ഓരോ അജപാലന സമിതി അംഗങ്ങളുടെയും പേരിൽ ഹൃദ്യമായി സ്വാഗതം ആശംസിച്ചു. ബഹുമാനപ്പെട്ട ജോസഫ് കാക്കരമറ്റത്തിലച്ചൻ നയിച്ച സെഷൻ വളരെ ലളിതവും എന്നാൽ വളരെ അറിവ് പകരാൻ സഹായിച്ചതുമായ ഒന്നായിരുന്നു. നമ്മുടെ തലമുറയിൽ സത്യങ്ങൾ നിർജീവപ്പെടുകകയാണ്. സത്യമല്ലാത്ത ഒന്നിനെ സത്യമാക്കി തീർക്കുന്ന അവസ്ഥ. സഭാ നേതൃത്വം നിലനിൽക്കുന്നു എങ്കിലും സമുദായ നേതൃത്വം ഇല്ലായ്മ ചെയ്യപ്പെട്ടു. കത്തോലിക്കരായ നമുക്ക് ചരിത്ര ബോധം നഷ്ടപ്പെട്ടു, ഒന്നിലും അഭിമാനിക്കാനാവാത്ത അവസ്ഥ. ഏറെ നവോത്ഥാന നേതാകളെ സംഭാവന ചെയ്ത ചരിത്രമുണ്ട് നമ്മുടെ സഭയ്ക്ക്. എന്നാൽ വളരെ വിരളമായി മാത്രമേ കേരള ചരിത്രത്തിലോ ഇന്ത്യാ ചരിത്രത്തിലോ രേഖപ്പെടുത്തിയിട്ടുള്ളു. കാരണം നമ്മോടുള്ള അവഗണന. നമ്മുടെ സഭയുടെ ചരിത്രം അറിയണം കത്തോലിക്ക സഭ മർദ്ദിദരുടെയും പീഡിതരുടെയും സഭയാണ്. സഭയെ അറിഞ്ഞെങ്കിൽ മാത്രമേ അതിനെ സ്നേഹിക്കാൻ സാധിക്കുകയുള്ളു. സഭയുടെ പുറമേയുള്ള ശത്രുകൾക്ക് സഭയെ തകർക്കാനാവില്ല. നാം സഭയെ സ്നേഹിക്കണം അതിനായി നാം അതിനെ അറിയണം. ജൂബിലി അതിനുള്ള അവസരമാണ്. ഒരു തിരിഞ്ഞുനോട്ടം നമ്മുടെ ഇടവകയിലൂടെ, രൂപതയിലൂടെ നമ്മുടെ സഭയിലേക്ക് ഉണ്ടാക്കണം.

ലേവ്യരുടെ പുസ്തകം 25-ാം അധ്യായം അടിസ്ഥാനമാക്കി വി. ഗ്രന്ഥത്തിൽ ജൂബിലി ആഘോഷത്തിന്റെ പ്രസക്തിയെപ്പറ്റി ജോസഫച്ചൻ എടുത്തുപറയുകയുണ്ടായി. 7x 7=49 വർഷം തികയുമ്പോൾ ജൂബിലി ആഘോഷിക്കുന്നു. ജൂബിലി ഒരു സ്വാതന്ത്ര്യത്തിന്റെ കാഹളമാണ്. ജൂബിലി ആഘോഷിക്കുമ്പോൾ അതിന്റെ ശരിയായ ചൈതന്യം ഉൾകൊണ്ട് കൊണ്ട് ആഘോഷിക്കണം അതിലേക്ക് മൂന്ന് പ്രധാന ആശയങ്ങൾ മുന്നോട്ട് വച്ചു :

1. നഷ്ടപ്പെട്ടതിന്റെ വീണ്ടെടുക്കൽ
2. ഭൂമി ദൈവത്തിന്റേതാണന്ന ചിന്ത
3. ദൈവത്തിൽ കൂടുതലായി ആശ്രയം വെയ്ക്കുക

ഈ ആശയങ്ങൾക്ക് ഊന്നൽ നൽക്കുന്നതായിരിക്കണം ജൂബിലി ആഘോഷങ്ങൾ എന്നത് ഉത്ബോധിപ്പിച്ചുകൊണ്ട് അച്ചൻ ക്ലാസിന് വിരാമമിട്ടു. ജൂബിലിയുടെ പ്രസ്ക്തിയെക്കുറിച്ചും നമ്മുടെ ചരിത്രത്തെക്കുറിച്ചും അംഗങ്ങളെള്ള അവബോധമുള്ളവരാക്കിത്തീർക്കാൻ വളരെ മനോഹരമായി ക്ലാസ് നയിച്ച ബഹു. ജോസഫ് കാക്കരമറ്റത്തിൽ അച്ചന്, ബഹു. സി. വിമൽ റോസ് എഫ്. സി. സി രൂപതയുടെയും അംഗങ്ങളുടെയും പേരിലുള്ള നന്ദിയും സ്നേഹവും അറിയിച്ചു.



തുടർന്ന് അജപാലന അംഗങ്ങളെ ജൂബിലി ഒരുക്കത്തിൽ പങ്കാളികളാക്കുന്നതിനും അവരുടെ നിർദ്ദേശങ്ങൾ ആരായുന്നതിനുമായി ചർച്ച നടത്തപ്പെട്ടു. അംഗങ്ങളെ നാലുഗ്രൂപ്പുകളായി തിരിക്കുകയും ഓരോ ഗ്രൂപ്പിനും അഞ്ച് ചോദ്യങ്ങൾ നൽക്കുകയും ചെയ്തു. എല്ലാ ഗ്രൂപ്പും വളരെ സജിവമായി ചർച്ചയിൽ പങ്കെടുക്കുകയും നിർദ്ദേശങ്ങൾ നൽക്കുകയും ചെയ്തു.

**ജൂബിലി കമ്മിറ്റി അവതരിപ്പിച്ച കർമ്മപരിപാടിയും അവതരിപ്പിച്ച മോട്ടോയും അംഗികരിച്ചു**

ചർച്ച ചെയ്യപ്പെട്ട ചോദ്യങ്ങളും ഊരിത്തിരിഞ്ഞ നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു :

1. **ജൂബിലി വർഷത്തിനൊരുക്കമായി ഈ നാട്ടിൽ സുവിശേഷ പ്രഘോഷണത്തിനായി എന്തു ചെയ്യാൻ സാധിക്കും. ?**

- ♦ കന്നട ഭാഷയ്ക്ക് പ്രാധാന്യം നൽകി ക്രിസ്തീയ മൂല്യങ്ങളും സാക്ഷ്യങ്ങളും ഉൾപ്പെടുത്തിയ മാഗസിൻ കന്നടയിൽ തയ്യാറാക്കുക.
- ♦ സുവിശേഷ മൂല്യങ്ങളിലൂടെ മാതൃകാ ജീവിതം നയിക്കുക.
- ♦ സാമൂഹ്യ മാധ്യമങ്ങളെ സുവിശേഷ പ്രഘോഷണത്തിനായി കഴിവതും ഉപയോഗിക്കുക.

2. **നമ്മുടെ രൂപതയിൽ സഭയുടെ സൗന്ദര്യം സന്ന്യസ്ഥരാണ് അവരുടെ ദൈവവിളി പ്രോത്സാഹനത്തിന് എന്തു ചെയ്യാൻ സാധിക്കും?**

- ♦ വൈദികരും മതാദ്ധ്യപകരും ദൈവിളിയുടെ മഹത്വത്തെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞുകൊടുക്കുക.
- ♦ ദൈവവിളി കുറയുന്നതിന്റെ കാരണങ്ങൾ വിലയിരുത്തുക.
- ♦ സാമൂഹ്യ മാധ്യമങ്ങൾ കുട്ടികൾ ഉപയോഗിക്കുന്നത് നിയന്ത്രിക്കുക.
- ♦ സന്യാസ സമൂഹങ്ങൾ തങ്ങളുടെ ആദ്യ ചൈതന്യത്തിലേക്ക തിരിച്ചു വരുക.

♦. കുടുംബത്തിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ മാതാ പിതാക്കളെ ബോധവത്കരിക്കുക.

**3. കുടുംബ ബന്ധങ്ങളെ ശാക്തീകരിക്കാൻ എന്തു ചെയ്യാൻ സാധിക്കും**

- ♦ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വൈദി കരും സന്ന്യസ്ഥരും ജനസമ്മതരുമായ അൽമായരും ചേർന്ന ഒരു കമ്മിറ്റി ഫൊറോന തലത്തിൽ രൂപീകരിക്കുക.
- ♦ കുടുംബ കൂട്ടായ്മയും, പ്രാർത്ഥനയും ശക്തമാക്കുക
- ♦ കുട്ടികളിലും കുടുംബങ്ങളിലും പരസ്പര സ്നേഹം, സഹക രണം, ക്ഷമ എന്നീ പുണ്യങ്ങൾ വളർത്തിയെടുക്കുക
- ♦ കുടുംബ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് കൗൺസിലിംഗ് സെന്ററുകൾ തുറക്കുക.

**4. അക്രൈസ്തവരുടെ സാന്നിദ്ധ്യമുള്ള മേഖലയിൽ കാരുണ്യത്തിന് സാക്ഷികളാകാൻ എന്ത് ചെയ്യണം?**

- ♦ അക്രൈസ്തവരുടെ ഇടയിലേക്ക് ഇറങ്ങി ചെല്ലുക; അവരുടെ ഇടയിൽ കാരുണ്യ പ്രവൃത്തികൾ നടത്തുക.
- ♦ ജാതി, മത ഭേദമെന്യേ അപകട സ്ഥലങ്ങളിൽ, ദുരന്ത സ്ഥല ങ്ങളിൽ ഒക്കെ സഹായത്തിനെത്തിപ്പെടാനാവുന്ന ടീമുകളെ തയ്യാറാക്കുക.

**5. ഭാവിയെ ലക്ഷ്യമാക്കി രൂപതാ ക്കൂട്ടായ്മക്ക് എന്ത് ചെയ്യാൻ സാധിക്കും ?**

- ♦ വൈദികർ, സന്യസ്ഥർ, അൽമായർ ഇവരെ വചന പ്രഘോഷണ ത്തിൽ കൂടുതൽ പ്രാവിണ്യമുള്ളവരാക്കുക.
- ♦ കൗൺസിലിംഗ്, ഡി- അഡിക്ഷൻ സെന്ററുകൾ തുടങ്ങുക, അജപ ലാന സമിതിയിൽ എടുക്കുന്ന തീരുമാനങ്ങൾ കാര്യമായി നടപ്പി ലാക്കുവാൻ ശ്രദ്ധിക്കുക,
- ♦ വിശ്വാസത്തിൽ ആഴപ്പെട്ട് നല്ല ഒരു വ്യക്തി ജീവിതങ്ങളെ രൂപ പ്പെ ടുത്താൻ ശ്രമിക്കുക.



മേൽപറഞ്ഞ ചോദ്യങ്ങൾക്കൊപ്പം തന്നെ അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജൂബിലി പ്ലാനിംഗ് കമ്മിറ്റി തയ്യാറാക്കിയ ജൂബിലി ഒരുക്ക കാര്യപരിപാടികളുടെ മാർഗ്ഗ രേഖയിൽ മാറ്റങ്ങൾ നിർദ്ദേശിക്കാനുള്ള അവസരവും ഗ്രൂപ്പുകൾക്ക് നൽകിയരുന്നു. തുടർന്ന ഗ്രൂപ്പ് അംഗങ്ങൾ മുന്നോട്ട് വച്ച നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

- ♦ ജൂബിലി അവബോധം സെമിനാർ നടത്തുന്നതിനായി ടീമിനെ ഇട വക ഫൊറോനാ തലത്തിൽ ലഭ്യമാക്കുക,
- ♦ രൂപതാ ചരിത്രം എഴുതുന്നതിനൊപ്പം രൂപതയിലെ ഓരോ ഇടവ കയും അവരുടെ ചരിത്രം തയ്യാറാക്കാൻ ശ്രദ്ധിക്കുക.
- ♦ യുവജനങ്ങളുടെ പ്രവർത്തനങ്ങൾ ശക്തമാക്കുവാൻ യൂത്ത് സെൽ രൂപികരിക്കുക.
- ♦ രൂപതയിൽ കൗൺസിലിംഗ് സെന്ററിന്റെ ആവശ്യകതയെപറ്റി എല്ലാ ഗ്രൂപ്പ്ംഗങ്ങളും ആവർത്തിച്ചു.
- ♦ രൂപതയുടെ ജൂബിലിയോടൊപ്പം ജൂബിലി ആഘോഷിക്കുന്ന വൈദികർ, സന്ന്യസ്ഥർ എന്നിവരെ അനുമോദിക്കുകയും ആദരി ക്കുകയും ചെയ്യുക.

ഈ നിർദ്ദേശങ്ങൾ നിലവിലുള്ള കാര്യപരിപാടികൾക്കൊപ്പം കൂട്ടി ചേർക്കാൻ തിരുമാനമായി. അഭിവന്ദ്യ പിതാവ് നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുകയും ഇവ കാര്യക്ഷമമായി നടത്തുന്നതിനായി ഒരു പ്രവർത്തക കമ്മിറ്റി രൂപീകരിക്കുകയും ചെയ്യതു. ഏഴ് അംഗങ്ങളുള്ള ഈ കമ്മിറ്റിയുടെ ജനറൽ കൺവീണറായി രൂപതാ വികാർ ജനറാൽ പെരിയ ബഹു. ജോസ് വലിയപറമ്പിലച്ചനെ തിരഞ്ഞെടുത്തു. ഈ കമ്മിറ്റിയിലേക്ക് നിർദ്ദോശിക്കപ്പെട്ട മറ്റംഗങ്ങൾ

| | |
|---|---|
| ഫാ. ജോസഫ് മറ്റത്തിൽ | സഹായ കൺവീനർ |
| ഫാ. ജോസഫ് ആയംകുടി | മെമ്പർ |
| ഫാ. ലോറൻസ് പുണോലിൽ | ” |
| സി. വിമൽ റോസ് എഫ്.സി.സി. | ” |
| ശ്രീ ബിറ്റി നെടുനിലം | ” |
| ശ്രീമതി സോഫി വൈപ്പന | ” |

രൂപതാ ജൂബിലി ഒരുക്കങ്ങൾക്കുവേണ്ടി 2019- 2020 ൽ തലത്തിൽ ഫൊറോന തലത്തിൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള ചുമതല ഫൊറോന വികാരിമാർക്ക് നൽകപ്പെട്ടു.

ഫാ. കുരിയക്കോസ് വെട്ടുവഴി അച്ചനെ ചെയർമാനായി നിയമിച്ച് രൂപതാചരിത്രം തയ്യറാക്കുന്നതിനുള്ള കമ്മിറ്റി രൂപികരിച്ചു.

രൂപതാ ജൂബിലിയോടനുബന്ധിച്ച് ഭവന നിർമ്മണ പദ്ധതിയിൽ ഭവന നിർമ്മണം തിരുന്നതനുസരിച്ച് താക്കോൽ ദാനം നടത്താനും തീരുമാനമായി.

തുടർന്ന് അഭിവന്ദ്യ പിതാവ് തന്റെ ഉപസംഹാര പ്രസംഗം നടത്തി, തന്റെ സന്ദേശത്തിൽ പിതാവ് ഒരു നിമിഷം 20 വർഷം പിന്നിലേക്ക് നടന്നു. ബൽത്തംഗഡി രൂപതാ രൂപീകരണത്തിന്റെ സാഹചര്യങ്ങൾ പിതാവ് വ്യക്തമാക്കി. ഒന്നുമില്ലായ്മയിൽ നിന്നും വളർന്ന് വലുതായതാണ് ഈ രൂപത. ചിതറികിടന്ന ദൈവ ജനതയെ ഒന്നിച്ച് ചേർത്ത് രൂപതയാക്കി തിർത്ത ദൈവത്തിന് പിതാവ് നന്ദിപറഞ്ഞു. എല്ലാ കാര്യപരിപാടികളും ഇടവക - ഫൊറോന തലങ്ങളിൽ ചർച്ച ചെയ്യപ്പെടണം എന്ന് പിതാവ് നിർദ്ദേശിക്കുകയുണ്ടായി. സഭാ ചരിത്രം പുതിയ തലമുറയെ പറഞ്ഞ് പഠിപ്പിക്കുന്നതിലൂടെ സഭയെ സ്നേഹിക്കാൻ അവർക്ക് കഴിയും എന്ന് പിതാവ് ഓർമ്മിപ്പിച്ചു. തങ്ങളുടെ ജീവിത സഹാചര്യങ്ങളിലെ ബുന്ധിമുട്ടുകളെ അവഗണിച്ച് ഈ അജപാലന സമിതി സമ്മേളനം വിജയകരമാക്കിത്തിർക്കുവാൻ എത്തിയ എല്ലാ അംഗങ്ങൾക്കും പിതാവ് സ്നേഹത്തോടെ നന്ദിപറഞ്ഞു. എല്ല തിരുമാനങ്ങളും കാര്യക്ഷമമായി നടപ്പിലാക്കാൻ ഏവരുടേയും സഹകരണം പിതാവ് അഭ്യത്ഥിർച്ചുകൊണ്ട് ബൽത്തംഗഡിയുടെ 33-മത് അജപാലന സമിതി യോഗം സമാപിച്ചതായി അഭിവന്ദ്യ പിതാവ് പ്രഖ്യാപിച്ചു.

തുടർന്ന് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രിമാൻ ബിറ്റി നെടുനിലം തന്റെ കൃതജ്ഞത പ്രസംഗത്തിലൂടെ അഭിവന്ദ്യ പിതാവിനും, പെരിയ.ബഹു ജോസ് വലിയപറമ്പിലച്ചനും മറ്റ് വൈദികർക്കും സിസ്റ്റേഴ്സിനും അൽമായർക്കും ഈ അജപാലന സമിതി സമ്മേളനത്തിനവേണ്ടി പ്രത്യക്ഷമായും പരോക്ഷമായും പരിശ്രമിച്ച് എല്ലാവർക്കും നന്ദി അറിയിച്ചു.



അഭിവന്ദ്യ പിതാവിന്റെ ആശിർവാദ പ്രാർത്ഥനയോടു കൂടി 33-മത് ബൽത്തംഗഡി അജപാലന സമിതി സമ്മേളനത്തിന് സമാപനം ക്കുറിച്ചു.

പ്രാർത്ഥനയുടേയും ദിവ്യബലിയുടെയും ചൈതന്യത്തിൽ ചൊരിയപ്പെട്ട ദൈവിക കൃപയ്ക്ക് നന്ദി അർപ്പിച്ചുകൊണ്ട് ദൈവമാതവായ പരിശുദ്ധ കന്യകമറിയത്തിന്റെയും ഇന്ത്യയുടെ അപ്പസ്തോലനായ മാർ തോമ്മാശ്ലീഹായുടേയും മറ്റ് സകല വിശുദ്ധരുടെയും മദ്ധ്യസ്ഥ പ്രാർത്ഥനയിൽ അഭയം തേടി ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

എന്ന്,

ബെൽത്തംഗഡി<br>26.06.2019

യോഗത്തിനുവേണ്ടി<br>സെക്രട്ടറിമാർ<br>**ഫാ. ജോസഫ് ആയംകൂടി**<br>**ശ്രീ ബിറ്റി നെടുനിലം**<br>**ശ്രീമതി വിൻസി അന്റണി**

# കച്ചേരിക്കാര്യം

## 1) Pope's Monthly Intention for August 2019

*" യഥാർത്ഥ മനുഷ്യവളർച്ചയുടെ വിദ്യാലയം കുടുംബമാണ്. കുടുംബത്തിലെ സ്നേഹത്തിന്റെയും പ്രർത്ഥനയുടെയും അനുഭവങ്ങളാണ് അവന് ഏറ്റവും വലിയ അറിവ് പ്രദാനം ചെയ്യുന്നതും മരണം വരെ അവനെ നയിക്കുന്നതും. അതിനാൽ നമ്മയുടെ, സ്നേഹത്തിന്റെ, പ്രാർത്ഥനയുടെ കുടുംബങ്ങൾ കെട്ടിപ്പെടുക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം."*

*അഭിവന്ദ്യ ലോറൻസ് പിതാവിന് മെത്രാഭിഷേകത്തിന്റെയും നാമഹേതുക തിരുന്നാളിന്റെയും ജന്മദിനത്തിന്റെയും മംഗളങ്ങൾ പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു!*

*ആഗസ്റ്റ് 15 ന് പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണത്തിരുനാളും ഇന്ത്യൻ സ്വാതന്ത്ര്യദിനവും ആചരിക്കുകയാണല്ലോ. എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു!*

## 2) ഓർമ്മിക്കേണ്ട ദിവസങ്ങൾ

1. കൈത്താ ഒന്നാം വ്യാഴം **വി. അൽഫോൻസ് ലിഗോരി**
2. ആദ്യ വെള്ളി **വി. യാക്കോബ്**
3. കൈത്താ ഒന്നാം ശനി **വി. ജോൺ മരിയ വിയാനി**
6. കൈത്താ രണ്ടാം ചൊവ്വ **കർത്താവിന്റെ രൂപാന്തരീകരണം**
8. കൈത്താ രണ്ടാം വ്യാഴം **വി. ഡോമിനിക്**
10 കൈത്താ രണ്ടാം ശനി **വി. ക്ലാര (11 ഞായർ)**
14 കൈത്താ മൂന്നാം ബുധൻ **വി. മാക്സിമില്യൻ കോൾബേ**
15 മൂന്നാം വ്യാഴം **പ. മറിയത്തിന്റെ സ്വർഗ്ഗാരോപണം, ഇന്ത്യൻ സാതന്ത്ര്യ ദിനം**
21 കൈത്താ നാലം ബുധൻ **വി. പത്താംപീയൂസ് മാർപാപ്പ**
24. കൈത്ത നാലം ശനി **വി. ബർത്തലോമിയശ്ലീഹാ**
28. കൈത്താ അഞ്ചാം ബുധൻ **വി. അഗസ്റ്റിൻ**
29. കൈത്താ അഞ്ചാം വ്യാഴം **വി. എവുപ്രാസ്യ**
30 കൈത്താ അഞ്ചാം വെള്ളി **വി. ശിമോനിയും ഏഴുമക്കളും**



## 3) Prayerful Greetings to Rev. Fathers

### Birth day

Rev. Fr. Mathew Thazhekattil - 01
Rev. Fr. Thomas Kallikat - 07
Rev. Fr. Thomas Kannamkal - 08
Rev. Fr. Sebastian Chelackappally - 18
Rev. Fr. Lawrence Poonolil - 20



### Feast Day

Rev. Fr. Lawrence Poonolil - 10
Rev. Fr. Rocky Menacherry - 17
Rev. Fr. Augustine Pottamkulangara- 28

## 4) രൂപതാ അജപാലന സമിതി സമ്മേളനം :

2019 ജൂൺ 25, 26 തിയ്യതികളിൽ രൂപതാ കേന്ദ്രത്തിൽ വച്ച് അഭി. പിതാവിന്റെ അദ്ധ്യക്ഷതയിൽ 33-ാം രൂപതാ അജപാലന സമിതി സമ്മേളനം നടന്നു.

## 5) Retreat for Priest :

ബൾത്തംഗഡി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികർക്കുമായി ഈ വർഷത്തെ വാർഷിക ധ്യാനം ജ്ഞാനനിലയത്തിൽ വച്ച് 2019 ജൂലൈ 8 തിങ്കളാഴ്ച്ച വൈകുന്നേരം 6 മണിക്ക് അരംഭിച്ച് 13 ന് ശനിയാഴ്ച്ച രാവിലെ 8 മണിക്ക് സമാപിച്ചു. പ്രസിദ്ധ ധ്യാന ഗുരുകൻമാരായ ബഹു. ജോസ് വെട്ടിയാങ്കലച്ചനും, ബഹു. ജോൺ ചെറിയവെളി അച്ചനുംമാണ് ധ്യാനം നയിച്ചത്.

## 6) നന്ദിയുടെ നറുമലരുകൾ :

ബെൾത്താംഗഡി രൂപതയിലെ ഷിരാടി പള്ളിയിൽ 04-02-2018 മുതൽ 20-07-2019 വരെ വികാരിയായി സ്തുത്യർഹമായി സേവനം ചെയ്ത കപ്പൂച്ചിയയൻ സഭംഗമായ ബഹു. സ്റ്റീഫൻ ജയരാജ് അച്ചന് നന്ദിയുടെ നറുമലരുകൾ! മനോഹരമായ ഒരു വൈദിക മന്ദിരം അച്ചൻ നിർമ്മിക്കുകയുണ്ടായി.പുതുതായി പാവനാത്മ കപ്പുച്ചിയൻ സഭയുടെ പ്രൊവിൻഷ്യൽ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ട ബഹു. സ്റ്റീഫൻ ജയരാജ് അച്ചൻ രൂപതയുടെ എല്ലാ വിധ പ്രാർത്ഥനാശംസകൾ നേരുന്നു.

**7) വെഞ്ചിരിപ്പ്**

ഷിരാടി പള്ളിയിൽ പുതുതായി നിർമ്മിച്ച വൈദിക മന്ദിരം 21-07-2019 ന് അഭി. ലോറൻസ് മുക്കുഴി പിതാവ് വെഞ്ചിരിച്ചു. മനോഹരമായ വൈദിക മന്ദിരം നിർമ്മിച്ച ബഹു. സ്റ്റീഫൻ ജയരാജ് അച്ചനും, ബഹു. ജോസഫ് കേളംപറമ്പിൾ അച്ചനും, ഇടവക ജനങ്ങൾക്കും ആശംസകൾ നേരുന്നു.

**8) പ്രാർത്ഥനാംശംസകൾ**

ജർമ്മനിയിലെ Cologne രൂപതയിലെക്ക് അജപാലന ശുശ്രൂഷയ്ക്കായി പോവുന്ന ബഹു. ജോൺ മാളിയേക്കലച്ചനും, ബഹു. സെവിയർ വടക്കെയിലച്ചനും രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ





**9) ജൂബിലി പ്രവർത്തക കമ്മിറ്റി**

ബെൽത്തംഗഡി രൂപത ഉദ്ഘാടനം ചെയ്യപ്പെട്ടിട്ട് ആഗസ്റ്റ് 4, 2024 ന് 25 വർഷം പൂർത്തിയവുകയാണ്. ജൂബിലിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനായി ഒരു പ്രവർത്തക കമ്മിറ്റി രൂപീകരിച്ചു. ജൂബിലിയുടെ ഭാഗമായി പ്രവർത്തക കമ്മിറ്റി 2019 ജൂലൈ 20 ന് ജ്ഞാനിലയത്തിൽ വച്ച് കൂടുകയുണ്ടായി. ഇതിന്റെ ജനറൽ കൺവീണറായ പെരിയ ബഹു. ജോസ് വലിയപറമ്പിലച്ചന്റെ നേതൃത്വത്തിൽ യോഗം കൂടി. ഈ കമ്മിറ്റിയുടെ മറ്റംഗങ്ങൾ ഫാ. ജോസഫ് മറ്റത്തിൽ, ഫാ. ജോസഫ് ആയംകുടി, ഫാ. ലോറൻസ് പുണോലിൽ, സി. വിമൽ റോസ് എഫ്.സി.സി., ശ്രീ ബിറ്റി നെടുനിലം, ശ്രീമതി സോഫി വൈപ്പന എന്നിവരാണ്. ഈ സമിതി വരുന്ന അഞ്ച് വർഷത്തെ പ്രവർത്തന രൂപരേഖ ചർച്ച ചെയ്തു തയ്യാറാക്കി.

10) പിരിവ് : **John Vianney - 4th August 2019**
**Justice Sunday - 18th August 2019**

**Fr. Lawrence Poonolil**
Chancellor



## അജപാലന പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട്

**ആമുഖം**

20 വർഷം പിന്നിടുന്ന നമ്മുടെ രൂപതയുടെ 2018- 19 വർഷത്തെ അജപാലന പ്രവർത്തനത്തെ സംക്ഷിപ്തമായി അവതരിപ്പിക്കുന്നു. 2018 മെയ് മാസം 26-ാം തിയതി തിങ്കളാഴ്ച അഭി. പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന പാസ്റ്ററൽ കൗൺസിൽ യോഗം രൂപതയിലെ അജപാലന പ്രവർത്തനങ്ങളെ വിലയിരുത്തിയതോടൊപ്പം തുടർന്നുള്ള രൂപതയുടെ പ്രവർത്തനങ്ങളെ ക്കുറിച്ച് സമഗ്രമായ ചർച്ച നടത്തുകയും ഉചിതമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉരുതിരിയുകയും ചെയ്തു. രൂപതയുടെ ഈ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ പൊതുവായ ചില കാര്യങ്ങൾ ഞാൻ ഇവിടെ സൂചിപ്പിക്കുന്നു.

### ♦ ഇടവകകൾ, വൈദികർ, സന്ന്യസ്തർ

നമ്മുടെ രൂപതയിൽ 54 ഇടവകകളും 7 Mass Centers മാണുള്ളത്. നിലവിൽ 4650 കുടുംബങ്ങളും 20350 കത്തോലിക്കാ അംഗങ്ങളും നമ്മുടെ രൂപതയ്ക്കുണ്ട്. ഏകദേശം 10,000 ത്തോളം ജനങ്ങൾ നമ്മുടെ രൂപതാ അതിർത്തിയിൽ പഠനം, പരിശീലനം, വ്യവസായം, കൃഷി, കച്ചവടം എന്നീ മേഖലകളിൽ കഴിയന്നു. അവർക്കും ആത്മീയ ശുശ്രൂഷ ലഭിക്കുവാൻ രൂപത ശ്രദ്ധ ചെലുത്തുന്നു.

55 വൈദികരിൽ 48 രൂപതാ വൈദികരും 7 സന്ന്യാസ വൈദികരും രൂപതയിലെ അജപാലന മേഖലയിൽ ശുശ്രൂഷകൾ ചെയ്തുവരുന്നു. ഇവരിൽ 7 സന്യാസ സഭകളിൽപ്പെട്ട 11 സന്യാസ ഭവനങ്ങളിലായി 22 സന്യാസ വൈദികരുടെയും, 11 സന്യാസിനി സഭകളിൽപ്പെട്ട 40 സന്ന്യാസ ഭവനങ്ങളിലായി 184 സന്ന്യാസിനി സഹോദരിമാരുടെയും ശുശ്രൂഷ രൂപതയിൽ ലഭിച്ചുകൊണ്ടിരിക്കുന്നു. വിവിധ പ്രസ്ഥാനങ്ങളിലൂടെ, സാമൂഹിക- ആദ്ധ്യാത്മീക ആതുര രംഗത്ത് സവിശേഷ ശുശ്രൂഷകൾ ചെയ്യുവാൻ നമ്മുക്ക് കഴിയുന്നുണ്ട് എന്നുള്ളത് അഭിനന്ദനാർഹമാണ്.

### ♦ നവവൈദികർ

2019 ഡിസംബറിൽ നമ്മുടെ രൂപതയ്ക്ക് 5 നവ വൈദികരെ ലഭിച്ചു. മഡ്ഡോഡി ഇടവകാംഗമായ മാത്യു അംബാട്ട്, ജഡ്ക്കൽ ഇടവകാംഗമായ മാത്യു കൊട്ടാരത്തിൽ, ഉദനെ ഇടവകാംഗമായ മാത്യു

വെള്ളച്ചാലിൽ, ബംഗാഡി ഇടവകാംഗമായ സെബാസ്റ്റ്യൻ ചെറിയപ്പള്ളി ദേവഗിരി ഇടവകാംഗമായ ദേവസ്യ പൈക്കാട്ട് എന്നീ ബഹു. ഡീക്കന്മാർ ഡിസംബർ 28, 29, ജനുവരി 1, 2, 3 എന്നീ തീയ്യതികളിൽ അഭി. പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു.

### ♦ അനുമോദനങ്ങൾ

ബഹു. ലോറൻസ് പൂണോലിയച്ചൻ റോമിലെ Pontifical Oriental Institute ൽ കാനൻ നിയമത്തിൽ Licentiate വിജയകരമായി പൂർത്തിയാക്കി തിരിച്ചെത്തി, ഇപ്പോൾ അഭി. പിതാവിന്റെ Secretary, Chancellor എന്നീ ചുമതലകൾ ഏറ്റെടുത്തിരിക്കുന്നു.

### ♦ വൈദികരുടെ വാർഷിക ധ്യാനം, റിഫ്രെഷ് കോഴ്സ്, വൈദിക സമ്മേളനം

രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ ബഹുമാനപ്പെട്ട വൈദികർക്കായി ബഹു. ദേവമിത്ര നിലങ്കാവിലച്ചന്റെ നേതൃത്വത്തിൽ 2018 സെപ്റ്റംബർ 24 തിങ്കളാഴ്ച മുതൽ 29 വെള്ളിയാഴ്ച്ച വരെ വാർഷിക ധ്യാനം നടത്തുകയുണ്ടായി. പ്രസ്തുത ധ്യാനം നല്ല ഒരു അനുഭവമായി വൈദികർ വിലയിരുത്തി.

രൂപതയിലെ അജപാലന രംഗത്ത് സേവനം അനുഷ്ഠിക്കുന്ന വൈദികർക്കുവേണ്ടിയുള്ള റിഫ്രെഷ് കോഴ്സ് 2018 ജൂലൈ 10- 11 എന്നീ തീയതികളിലും, 2018 നവംബർ 27 - 28, 2019 ഏപ്രിൽ 2-3 തീയതികളിൽ വൈദിക സമ്മേളനം നടത്തുകയുണ്ടായി.

2018 ജുലൈ 31, ഓഗസ്റ്റ് 1 എന്നീ തീയതികളിൽ രൂപതയിലെ യുവ വൈദികരുടെ (തിരുപ്പട്ടശേഷം 5 വർഷത്തിൻ താഴെയുള്ള) സമ്മേളനം പുത്തൂർ സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു.

### ♦ നന്ദിയുടെ നറുമലരുകൾ

വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നു, രൂപതയിൽ സേവനത്തിനായി കടന്ന് വന്ന്, സ്തുത്യർഹമായ സേവനത്തിനുശേഷം, തിരിച്ചു പോകുന്ന വൈദികരെ നന്ദിയോടെ അനുസ്മരിക്കുന്നു. നെല്യാടി, ഇചിലംപാടി, ആർള എന്നീ ഇടവകകളിൽ കഴിഞ്ഞ 1 വർഷകാലം അസിസ്തേന്തിയായി സ്തുത്യർഹമായി സേവനം ചെയ്ത് പ്രോവിൻസിലേയ്ക്ക് തിരിച്ചുപോകുന്ന സി. എം. ഐ. സഭാംഗമായ പ്ലാക്കുട്ടത്തി



ലച്ചനും, കൽമക്കി, മഡ്ഡോഡി, ഷിരൂർ എന്നീ ഇടവകളുടെ അസിസ്തേന്തിയായിരുന്ന നെടുമ്പാക്കാരൻ ജോസഫ് അച്ചനും, കുട്രുപാടി, പദാവ് ഇടവകളുടെ അസിസ്തേന്തിയായി സേവനം ചെയ്ത ജോസഫ് ചെത്തിപ്പുഴ അച്ചനും, ജഡ്ക്കൽ ഇടവകയിൽ അസിസ്തേന്തിയായിരുന്ന വിമൽ ദേവ് കണ്ടത്തിൽ അച്ചനും, തോട്ടത്താടി, കഞ്ചാൽ ഇടവകളുടെ അസിസ്തേന്തിയായി 6 മാസം സേവനം ചെയ്ത ബഹു. ജോൺസൻ ആറ്റുചാലിൽ സി.എം.ഐ. അച്ചനും രൂപത മുഴുവന്റെയും നന്ദിയും സ്നേഹവും അറിയിക്കുന്നതിനോടൊപ്പം, പുതിയ സേവന രംഗങ്ങളിൽ ദൈവാനുഗ്രഹവും, വിജയങ്ങളും നേരുകയും ചെയ്യുന്നു.

കഴിഞ്ഞ 3 വർഷമായി ബിഷപ്സ് ഹൗസിൽ മെസ് മാനേജരായി സ്തുത്യർമായി പ്രവർത്തിച്ച ബഹു. സി. മേരിലിറ്റ് എഫ്. സി. സി ക്കും കഴിഞ്ഞ 3 വർഷ ക്കാലം രൂപതാ കോടതിയിൽ സഹായിച്ചിരുന്ന സി. റിൻസി എസ്.സി.വിക്കും നന്ദിയും പ്രാർത്ഥനാ മംഗളങ്ങളും പുതിയ പ്രവർത്തന മേഖലകളിൽ വിജയങ്ങളും നേരുന്നു.

### ♦ സ്വാഗതം

ബെൽത്തംഗഡി രൂപതയിൽ സേവനത്തിനായി കടന്നു വന്നിരിക്കുന്ന എം. സ്. റ്റി. സഭാംഗമായ ബഹു. രാജു അച്ചന് സ്വാഗതം നേരുന്നു. ബെൽത്തംഗഡി രൂപതയിലെ അച്ചന്റെ സേവനം ദൈവാനുഗ്രഹപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു.

### ♦ സന്യാസിനീ സമ്മേളനം (Sisters' Gathering)

രൂപതയിൽ സേവനം ചെയ്തു കൊണ്ടിരിക്കുന്ന വിവിധ സന്യാസിനി സഭകളിൽപ്പെട്ട ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ സംഗമം 2 ബാച്ചുകളിലായി, 2018 നവംബർ 30, ഡിസംബർ 1, ഡിസംബർ 14, 15 തീയതികളിൽ ജ്ഞാനനിലയത്തിൽ വച്ച് അഭി. പിതാവിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. **Gaudete et Exsultate (Rejoice and be Glad)** എന്ന വിഷയത്തെക്കുറിച്ച് ബഹു. ജനറാളച്ചനും, ബഹു. ലോറൻസ് പുണോലിലച്ചനും, ക്ലാസെടുക്കുകയും ശേഷം ചർച്ചകളും വിലയിരുത്തലുകളും നടത്തുകയും ചെയ്തു.

### ♦ സെമിനാരി വാർത്തകൾ

2018 - 2019 വർഷങ്ങളിലെക്ക് ആകെ 29 പേരിൽ 15 പേർ പുത്തൂർ മൈനർ സെമിനാരിയിലും 14 പേർ ആലുവ, കോട്ടയം, കുന്നോത്ത്, മം

ഗളൂരു, റോം എന്നീ മേജർ സെമിനാരികളിൽ തത്വ ശാസ്ത്രം ദൈവ ശാസ്ത്ര പഠനത്തിലും ഒരാൾ റീജൻസിയും ചെയ്യുന്നു.

### ♦ കൂദാശ കർമ്മം വെഞ്ചിരിപ്പുകൾ

പുതിയതായി പണിത ഹോസ്കോട്ടയിലെ എസ്. എച്ച്. സിസ്റ്റേഴ്സിന്റെ ബാലഭവൻ 2018 ജൂലൈ 14 നും, മണിപാലിലെ എസ്. സി. വി. സിസ്റ്റേഴ്സിന്റെ കോൺവെന്റ് ചാപ്പൽ 2018 സെപറ്റംബർ 5 നും, ഗോണികൊപ്പ സെന്റ് തോമസ് ഇടവക ദേവലയത്തിന്റെ മുഖ വാരം വെഞ്ചിരിപ്പ് 2018 സെപറ്റംബർ 8 നും, മണിപാൽ സെന്റ് ജോസഫ് ഇടവകയിൽ പുതിയതായി നിർമ്മിക്കുവാൻ പോകുന്ന ഇടവക ദേവാലയത്തിന്റെ തറക്കല്ലീടിൽ ശുശ്രൂഷ 2018 ഡിസംബർ 15 നും, മൂർജ്ജെ ഇടവകയിൽ വൈദിക മന്ദിരത്തിന്റെ തറക്കല്ലിടൽ 2018 ഡിസംബർ 23 നും, ഹോസ്കോട്ടയിൽ പുതിയതായി നിർമ്മിച്ച പാരിഷ് ഹാൾ വെഞ്ചിരിപ്പ് 2019 ജനുവരി 27 നും, ദേവഗിരി ഇടവകയിൽ പുതിയതായി നിർമ്മിച്ച സിമിത്തേരി കപ്പേളയുടെ വെഞ്ചിരിപ്പും, നവീകരിച്ച മദ്ബഹയുടെ പുനർ കൂദാശയും 2019 ഫെബ്രുവരി 24 നും, സിദ്ധപൂരം ഇടവകയിൽ വൈദിക മന്ദിരത്തിന്റെയും അജപാലന ഭവനത്തിന്റെയും ആശീർവ്വാദ കർമ്മം 2019 ഏപ്രിൽ 4 നും, ശിർളാൽ വൈദിക മന്ദിരത്തിന്റെ ആശീവ്വാദം കർമ്മം 2019 മെയ് 26 നും, നെട്ടണ സെന്റ് മേരീസ് ഇടവക ദേവാലയം കൂദാശകർമ്മം 2019 മെയ് 2 നും നടന്നു.

### ♦ നിർമ്മാണ പ്രവർത്തനങ്ങളിൽ മുന്നേറ്റം

ഹോസ്കോട്ടെ, മണിപാൽ, ഗണ്ടിബാഗ് എന്നി പള്ളികളുടെയും, മൂർജ്ജെ വൈദിക മന്ദിരത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നകൊണ്ടിരിക്കുന്നു.

### ♦ INTER - COMMISSION MEETING

2018 നവംബർ 17 നും, 2019 ജൂൺ 17 നും രൂപതയിൽ പ്രവർത്തിക്കുന്ന, വിവിധ കമ്മീഷനുകളുടെ ഉത്തരവാദിത്വം വഹിക്കുന്ന ബഹുമാനപ്പെട്ട വൈദികർ അഭി. പിതാവിന്റെ അദ്ധ്യക്ഷതയിൽ ഒരുമിച്ചുകൂടി രൂപതയുടെ അജപാലന കാര്യപരിപാടികൾ വിലയിരുത്തുകയും ഭാവി കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു.



### ♦ രൂപതാ ഉപദേശക സമിതി സമ്മേളനം

**2018 Oct** 9 നും, 2018 ഡിസംബർ 18 നും രൂപത ആലോചന സമിതി കൂടുകയും രൂപതയുടെ അജപാലന പ്രവർത്തനത്തെക്കുറിച്ച് വിലയിരുത്തുകയും വിവിധ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

### ♦ കൈക്കാരൻമാരുടെ പരിശീലന പരിപാടി

2018 ആഗസ്റ്റ് മാസം 11 -ാം തിയതി രൂപതയിലെ എല്ലാ കൈക്കാരൻമാരുടെയും പരിശീലന പരിപാടി ജ്ഞാനനിലയത്തിൽ വച്ച് നടത്തുകയുണ്ടായി. പ്രസ്തുത പരിശീലനം കൈക്കാൻമാരുടെ ദൗത്യം മനസ്സിലാക്കി പ്രവർത്തിക്കുവാൻ വളരെ സഹായകരമണെന്ന് അവർ അഭിപ്രായപ്പെടുകയുണ്ടായി.

### ♦ അജപാലന സന്ദർശനങ്ങൾ

അഭി. പിതാവ് 2018 നവംബർ 25 – 26 തീയതികളിൽ കുട്രൂപാടി, 2019 മാർച്ച് 10 – 11 ന് തീയതികളിൽ കളഞ്ച, മാർച്ച് 17 ന് ആർളം, മാർച്ച് 31 – ഏപ്രിൽ 1 തീയതികളിൽ നെല്ലിയാടി, മെയ് 2 ന് സംപാജെ എന്നീ ഇടവകകളിൽ ഇടയനടുത്ത സന്ദർശനങ്ങൾ നടത്തുകയും അവിടെയെല്ലാം വി. ബലിയർപ്പിച്ച് വചന സന്ദേശം നൽകുകയും ഇടവകയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുയോഗത്തിൽ ചർച്ചകൾ നടത്തുകയും, വിവിധ സംഘടനകളിൽപ്പെട്ട ആളുകളുമായി കൂടിക്കാഴ്ച നടത്തുകയും വിലയിരുത്തുകയും ചെയ്തു. കൂടാതെ കിടപ്പുരോഗികളുടെയും പ്രായമായവരുടെയും ഭവനങ്ങളിൽ പോകുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഒപ്പം തന്നെ മതസൗഹാർദ്ദ യോഗത്തിലും പങ്കെടുത്തു.

### ♦ പുതുവർഷ സൗഹാർദ്ദ സമ്മേളനം

ജനുവരി 2-ാം തിയതി ജ്ഞാനനിലയത്തിൽ വച്ച് ബെൾത്തംഗഡിയിലും പരിസരങ്ങളിലും സേവനം ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥർ, വിവിധ മതനേതാക്കന്മാർ, ബഹു. വൈദികർ, സന്ന്യസ്തർ തുടങ്ങിയവരുടെയും സമ്മേളനം നടത്തപ്പെട്ടു.

### ♦ അഭി. പിതാവ് മാർപാപ്പയെ സന്ദർശിച്ചു.

2018 ജൂൺ മാസം അഭി.പിതാവ് മാർപാപ്പയുമായി കൂടികാഴ്ച്ച നടത്തി. മാർപാപ്പയുമായുള്ള കൂടിക്കാഴ്ച്ചയിൽ രൂപതയുടെ പ്രാർത്ഥനകളും ആശംസകളും പരസ്പരം കൈമാറി.

## ♦ പാസ്റ്ററൽ കൗൺസിൽ

രൂപത അജപാലന സമിതിയുടെ 32 -ാ മത് സമ്മേളനം മെയ് മാസം 22 - 23 തീയതികളിൽ ജ്ഞാന നിലയത്തിൽ വച്ച് നടന്നു. 22 ാം തീയ്യതി വൈകുന്നേരം 7 മണിക്ക് അഭിവന്ദ്യ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതയിലെ അജപാലന പ്രവർത്തനങ്ങളെ കുറിച്ച് വിലയിരുത്തുകയും പുതിയ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

## ♦ സീറോ മലബാർ സിനഡ്

അഭി. പിതാവ് 2019 ജനുവരി 7 മുതൽ 19 വരെ കാക്കനാട് വച്ച് നടന്ന സിനഡിൽ പങ്കെടുത്തു.

## ♦ വി. മൂറോൻ വെഞ്ചരിപ്പു

ഈ വർഷത്തെ വി. മൂറോൻ വെഞ്ചരിപ്പു 2019 ഏപ്രിൽ 3-ാം തീയതി അഭി. പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ രൂപതയിലെ എല്ലാ വൈദികരുടെയും സാന്നിദ്ധ്യത്തിൽ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തുകയുണ്ടായി.

## ♦ കെ. ആർ. എസ്. റ്റി. മീറ്റിംഗ് (KRST)

2018 നവംബർ 26 നും, ഡിസംബർ 2 നും മംഗളൂരു ബിഷപ്പ്സ് ഹൗസിൽ വച്ചും, 2019 മാർച്ച് 2, 3, 4 തിയതികളിൽ ബംഗളുരു വച്ചും, ജൂൺ 2, 3 തിയതികളിൽ ബൽംത്തഗഡിയിൽ ജ്ഞാന നിലയത്തിൽ വച്ചും നടന്ന കെ. ആർ. എസ്. റ്റി. മീറ്റിംങ്ങുകളിൽ അഭി. പിതാവ് സംബന്ധിച്ചു.

## ♦ കെ. ആർ. സി. ബി.സി. മീറ്റിംഗ് (KRCBC)

ബംഗളൂരു വച്ച് 2018 സെപ്റ്റംബർ 12- 14, 2018 നവംബർ 19-20, 2019 ഫെബ്രുവരി 21- 22 എന്നീ തീയതികളിൽ നടന്ന കെ. ആർ. സി. ബി.സി. യുടെ വിവിധ കമ്മീഷനുകളുടെ മീറ്റിംങ്ങുകളിൽ അഭി. പിതാവ് സംബന്ധിച്ചു.

## ♦ Vocation

കാക്കനാട് വച്ച് നടന്ന Vocation നു വേണ്ടിയുള്ള പരിശീലന പരിപാടിയിലും വാർഷികത്തിലും അഭി. പിതാവും, രൂപതാ വോക്കെഷൻ പ്രോമോട്ടർ ഫാ. മാത്യു അലപ്പാട്ടും പങ്കെടുത്തു.



## ♦ അഭി. പിതാക്കന്മാർക്ക് പ്രാർത്ഥനാശംസകൾ

മംഗലാപുരം രൂപതക്കുവേണ്ടി അഭിഷിക്തനായ Most Rev. Paul Saldhanaക്കും, Belgaum രൂപതക്കുവേണ്ടി അഭിഷിക്തനായ Most Rev. Dereek Fernandes നും പുതുതായിഉയർത്തപ്പെട്ട മിസ്സിസാഗോ രൂപതയ്ക്കും, രൂപതാദ്ധ്യക്ഷൻ മാർ ജോസ് കല്ലുവേലിനും ബെൽത്തംഗഡി രൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

## ♦ അഭി. പിതാക്കന്മാർക്ക് സ്വീകരണം

2018 നവംബർ 27 ന് ക്രിസ്തുമസിന് ഒരുക്കമായുള്ള വൈദികരുടെ മാസധ്യാനത്തിന് ധ്യാനം നയിക്കുവാൻ കടന്നുവന്ന അഭി. മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിനും, 2019 ഏപ്രിൽ 30-ാം തീയതി മംഗലാപൂരം രൂപതയുടെ മെത്രാനായ ബിഷപ്പ് പീറ്റർപോൾ സൾദ്ദനയ്ക്കും ബിഷപ്പ്സ് ഹൗസിൽവച്ച് സ്വീകരണം കൊടുത്തു.

## ♦ മേജർ സുപ്പീരിയേഴ്സ് യോഗം

രൂപതയിൽ സേവനം ചെയ്യുന്ന വിവിധ സന്ന്യാസിനി സമൂഹങ്ങളിലെ മേജർ സുപ്പീരിയേഴ്സ് യോഗം ബീഷപ്പ്സ് ഹൗസിൽ വച്ച് 2019 ഏപ്രിൽ മാസം 11 -ാം തീയതി നടത്തപ്പെട്ടു. അഭി. പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപതയിലെ സമർപ്പിതരുടെ സേവനത്തെ വിലയിരുത്തി പുതിയ തിരുമാനങ്ങൾ എടുത്തു.

## ♦ സംയുക്ത വൈദിക സമിതി യോഗം

തലശ്ശേരി അതിരൂപതയിലെ, തലശ്ശേരി, മാനന്തവാടി, താമരശ്ശേരി, ബെൽത്തംഗഡി, ഭദ്രാവതി, മാണ്ഡ്യ രൂപതകളിലെ വൈദിക സമിതികളുടെ ഒരു സംയുക്ത സമ്മേളനം 2019 ജൂൺ 10 -ാം തിയതി തലശ്ശേരിയിൽ നടന്നു. രൂപതകൾ തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളമാക്കുന്നതിനും, വൈദികർ തമ്മിലുള്ള ബന്ധം വർദ്ധിപ്പിക്കുന്നതിനും, പൊതുവായ പ്രവർത്തന പദ്ധതികളും നയങ്ങളും രൂപീകരിക്കുന്നതിനും സഹായകരമായി. നമ്മുടെ രൂപതയിൽ നിന്നും അഭി. പിതാവും, 15 വൈദികരും പങ്കെടുത്തു.

## ♦ വിശ്വാസ പരിശീലനം

നമ്മുടെ രൂപതയിൽ 50 സൺഡെ സ്ക്കുളുകളിലായി 2018-19 അദ്ധ്യായന വർഷത്തിൽ 163 അദ്ധ്യാപകൻന്മാരും, 274 അദ്ധ്യാപിക മാരും, 94 സിസ്റ്റേഴ്സും, 4 ബ്രദേഴ്സും, 2 വൈദികരും ഉൾപ്പെടെ 537 വിശ്വാസ പരിശീലന അദ്ധ്യാപകർ സ്തുത്യർഹമായ സേവനം ചെയ്തു വരുന്നു. ആകെ 3198 വിദ്യാർത്ഥികൾ (1603 ആൺകുട്ടികളും, 1597 പെൺക്കുട്ടികളും) വിശ്വാസ പരിശീലനം നേടി വരുന്നു.

2018 മെയ് 17 ന് വിശ്വാസ പരിശീലന കൗൺസിൽ, മെയ് 25 -ാം തിയതി പ്രധാന അദ്ധ്യാപകരുടെ സമ്മെളനം, ജൂൺ മാസം 24 -ാം തിയതി ആമുഖ സെമിനാർ, ജൂലൈ 21 മുതൽ നവംബർ 25 വരെ വിശ്വാസ പരിശീലന ഫൊറോന സെമിനാറുകൾ, 2018 മെയ് 22-24 വരെ ക്രിസ്റ്റീൻ ധ്യാനം, 2018 ഏപ്രിൽ 27-28 അൾത്താരബാലൻന്മാരുടെ ക്യാമ്പ് എന്നിവ രൂപതാ കേന്ദ്രത്തിലും, ഫൊറോനകളിലുമായി നട ന്നു. 2018 നവംബർ 4 മുതൽ 2019 മാർച്ച് 17 വരെ രൂപതാ വിശ്വാസ പരി ശീലന ടീം എല്ലാ ഇടവകകളും സന്ദർശിച്ചു.

2018-19 ആദ്ധ്യായന വർഷത്തിൽ 643 കുട്ടികൾ വിശ്വാസ പരിശീ ലന സ്കോളർഷിപ്പ് പരീക്ഷയെഴുതുകയുണ്ടായി.

വിശ്വാസ പരിശിലന രംഗത്ത് 25 വർഷം പൂർത്തിയാക്കുകയും S.S.L.C, PUC ക്ക് 95% കൂടുതൽ മാർക്ക് നേടിയവരെയും, ബൈബിൾ പരീക്ഷ വിജയികളായവരെയും ആദരിക്കുകയും ചെയ്തു.

## ♦ Commission for Social Concern & Development

രൂപതയുടെ സാമൂഹിക സേവന വിഭാഗത്തിന്റെ കീഴിൽ വിവി ധങ്ങളായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2018-19 വർഷത്തിൽ വേറോനിക്ക്യ വേൽഫെർ ഫണ്ടിലൂടെ 108 കുട്ടികളേ സഹായിച്ചു. ക്രെഡിറ്റ് യൂണിയൻ, സുരക്ഷ പരിപാടികൾ, കുട്ടികളുടെയും സ്ത്രീക ളുടെയും ആരോഗ്യത്തിന് സഹായകരമായ പരിപാടികൾ, പഞ്ചായത്ത് പോലീസ് വകുപ്പുകളുമായുള്ള സംവാദത്തിനുള്ള പരിശീലനം, ജൈവ കൃഷി രിതി, മാധ്യമങ്ങളുമായുള്ള ബന്ധം, സ്ത്രീ ശാക്തികര ണത്തിന് സഹായമാക്കുന്ന കാര്യപരിപാടികൾ, നേതൃത്വ പരിശീലനം,



എന്നിവ കൊഡഗു, ദക്ഷിണ കന്നഡ, ഉഡുപ്പി എന്നീ ജില്ലാകളിലായി നടത്തി വരുന്നു. 113 മഹിള സ്വസഹായ സംഘങ്ങൾ, 8 മഹാ സംഘ ങ്ങൾ, 2 താലുക്ക് സംഘങ്ങൾ സജീവമായി പ്രവർത്തിക്കുന്നു.

## ♦ Commission for Justice of Peace

സൗഹാർദ്ദ വേദികെയുടെ ആഭിമുഖ്യത്തിൽ ബെൽത്തം ഗഡിയിൽ ശാന്തിഗാഗി നടികെ നടന്നു. ശാന്തിഗാഗി നടിക്കെ ഈ പരി പാടിയിൽ മഹാസംഘത്തിൽ നിന്നും 20 പേർ പങ്കെടുത്തു. തൊഴിൽ മേഖലയിൽ ഉള്ളവർക്കുവേണ്ടി കേന്ദ്ര സർക്കാറിന്റെ മജ്തുർ (പിംഞ്ചണി) കാര്യപരിപാടിയിൽ 260 പേർക്ക് ആനുകുല്യങ്ങൾ ലഭിച്ചു വരുന്നു.

## ♦ Commision for Labour

തോഴിൽ മേഖലയിൽ ഉള്ളവർക്ക്വേണ്ടി, കേന്ദ്രസർക്കാറിന്റെ മജ്തുർ (പിംഞ്ചണി) കാര്യപരിപാടിയിൽ 20 പേർ ആനുകുല്യങ്ങൾ സ്വീകരിച്ചുവരുന്നു.

## ♦ Health Commission

നവ ജീവന ആരോഗ്യ വിമ കാര്യപരിപാടിയിൽ 387 അംഗങ്ങളും, 148 കുടുംബങ്ങളുമാണുള്ളത്. നവജീവന എച്. ഐ. വി. കാര്യപരിപാ ടിയിലൂടെ 200 എച്. ഐ. വി. ബാധിതരെ സഹായിച്ച് പോരുന്നു. ഇവരുടെ കുട്ടികൾക്ക് വേണ്ടി അവധിക്കാല ക്യാമ്പ്, മൽസരങ്ങൾ, എ ന്നിവ സംഘടിപ്പിച്ച് പോരുന്നു. രൂപതയിലുള്ള രണ്ട് ഹോസ്പ്പിട്ടിലുക ളിലും, ക്ലിനിക്ക്കളിലായിട്ട് അനേകം കാര്യപരിപാടികൾ ചെയ്തുവരു ന്നു.

## ♦ വിൻസെന്റി ഡി പോൾ സോസൈറ്റി

രൂപതയിലെ പാവപ്പെട്ടവരെയും അവശരെയും സഹായിച്ച് വരുന്ന അൽമായ സംഘടനയാണിത്. ഇതിന്റെ സെന്റ്രൽ കമ്മിറ്റി യിൽ 39 അംഗങ്ങൾ ആണ് ഉള്ളത്. കർഷകർക്ക് ആവശ്യമായ കൃഷി സാധനങ്ങളും കുട്ടികൾക്ക് പഠന സഹായവും, നല്കുന്നു. ഈ സംഘാടന കളഞ്ചയിൽ വച്ച് Career Guidence നടത്തി. അംഗങ്ങൾ ഒരോ ഇടവകയിലെ രോഗികളെ സന്ദർശിക്കുകയും, Wenlock പൊലുള്ള ആശു പത്രികളിൽ സന്ദർശിക്കുകയും അവരെ ശുശ്രൂഷിക്കുകയും ചെയ്തു പോരുന്നു.

## ♦ മാതൃവേദി

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ വിവിധ സഹയ നിധി, വനിതാ ദിനാഘോഷം, ഹരിതോൽസവം, വി.കുർബാനയെപ്പറ്റി ആഴത്തിൽ അറിയാനുള്ള (വിരുന്ന്), മാതൃ വേദി കുടുംബ സംഗമം എന്നീ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

## ♦ പിതൃവേദി

പിതൃവേദിയുടെ ആഭിമുഖ്യത്തിൽ പ്രധാനമായും സൗജന്യ നേത്ര രക്ത പരിശോധന ക്യാമ്പ്, എച്ച് ഐ.വി എയ്ഡ്സ് ബാധിത കുടുംബ സഹായ പദ്ധതി നടത്തുകയുണ്ടായി.

## ♦ എസ്. എം. വൈ. എം.

ഈ സംഘടനയുടെ നേതൃത്വത്തിൽ പല ഇടവകകളിലും അദ്ധ്യാത്മിക ധ്യാനവും, ഏക ദിന ധ്യാനവും, രൂപതയിൽ 10, +1, +2 ,കുട്ടികൾക്കുള്ള ധ്യാനവും നടത്തപ്പെട്ടു, ഗ്ലോറിയ കരോൾ ഗാനം മൽത്സരവും, ഫോറോന രൂപത തലങ്ങളിൽ യുവജനങ്ങൾക്കുള്ള മത്സരങ്ങളും നടത്തി.

## ♦ കുടുംബ പ്രേഷിതത്വം

നാലും അതിനും കൂടുതൽ മക്കളുള്ള 5 കുടുംബകളിലെ കുട്ടികളുടെ മാമ്മോദീസ അഭി. ലോറൻസ് പിതാവ് നടത്തികൊടുത്തു. അഖണ്ഡ ജപമാലയും, മരിയൻ റാലിയും, മരിയൻ കൺവെൻഷനും നടത്തി. ബിബ്ലിയ സംഗമം, വി.മത്തായിയുടെ സുവിശേഷം പകർത്തിയെഴുതി,സമ്മാനങ്ങൾ കരസ്ഥമാക്കിയവരെ ആദരിച്ചു. വിവിധ ഇടവകകളിലായി, ഏകദിന സെമിനാർ, നൈറ്റ് വിജിൽ, 3 ഇടവകളിൽ ആരാധനാഗ്നി ധ്യാനങ്ങൾ, ഹോം മിഷൻ, രൂപതാ തലത്തിൽ 9 ഏക ദിന ധ്യാനങ്ങൾ എന്നിവയും നടത്തുകയുണ്ടായി.

## ♦ KSMCA :Karnataka Syro Malabar Catholic Association :

രൂപതയുടെ അല്മായ സംഘടനയാണിത്. കഴിഞ്ഞ വർഷം പ്രാധാനമായും കാല വർഷകെടുതികൾ മൂലം ദുരിതത്തിലായവർക്ക് പ്രത്യേകിച്ച് വയനാട്, കൊഡഗു എന്നീ പ്രദേശങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്ക് ഭക്ഷണം, വസ്ത്രം എന്നിവ നല്കുകയുണ്ടായി. ഒപ്പം അനേകർക്ക് Minority Fund വഴി ലഭിക്കേണ്ട ആനുകുല്യങ്ങൾ നേടിയെടുക്കാൻ ആവശ്യമായ എല്ലാ സഹയങ്ങളും ചെയ്തു. കൂടാതെ കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് സർക്കാരിൽ നിന്നും ആനുകുല്യങ്ങൾ നേടിയെടുക്കുവാൻ ശ്രമിക്കുകയുണ്ടായി.



## ♦ Ecumenism

നെല്യാടി, കുട്രപാടി എന്നീ സ്ഥലങ്ങളിൽ മറ്റു സഭാവിഭഗങ്ങളുമായി ഒത്തൊരുമയിൽ പോകുന്നതിന്റെ ഭാഗമായി തിരുനാളുക്കൾക്ക് Ecumeniക്ക്ൽ കൂട്ടായ്മ നടത്തുകയുണ്ടായി.

## ♦ സൗഹാർദ്ദ വേദികെ

സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും ഊഷ്മളത പകരുന്ന കൂടി ചേരലുകൾ, ജാതിയും, മതവും നോക്കാതെ സർവ്വ മതസ്ഥരെയും ഒരുമയുടെ കുട കിഴിൽ ഒരുമിച്ച് ചേർത്ത് നിർത്തിക്കൊണ്ട് അഭി. പിതാവിന്റെ നേതൃത്വത്തിൽ സൗഹാർദ്ദ വേദികെ ബെൾത്തംഗഡിയിൽ പ്രവർത്തന നിരതമായിരിക്കുന്നു. മാസ സമ്മേളനങ്ങൾ, ഗ്രാമ സന്ദർശനങ്ങൾ, ഹൈസ്ക്കുൾ കുട്ടികൾകുവേണ്ടിയുള്ള പ്രസംഗ മൽസരങ്ങൾ, മതസൗഹാർദ്ദ ബോധവൽക്കരണ പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു,

## ♦ 100 വിജയികൾക്ക് അനുമോദനങ്ങൾ

കഴിഞ്ഞ 2018 – 19 അദ്ധ്യയന വർഷത്തിൽ **100%** വിജയം കരസ്ഥമാക്കിയ St. Thomas Kannada Medium School,Gandibagilu; St. Mary's English Medium School, Laila ; St. Savio English Medium School, Thotathady; St. Chavara Kuriakose English Medium School, Guthigar; Divya Jyothi Eng. Medium School, Kalenja; St. Francis Eng. Medium School, Kokkada; Sacred Heart English Medium School, Bajagoli; St. Thomas English Medium School, Gonikoppa എന്നി സ്ക്കുളുകൾക്ക് രൂപതയുടെ അനുമോദനങ്ങൾ.

## ♦ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടവർ

ഗ്വാളിയർ രൂപതാ മെത്രൻ തോമസ് തെനാട്ട്, മാനന്തവാടി രൂപതാംഗവും, ആലുവ മംഗലപ്പുഴ സെമിനാരി അദ്ധ്യാപകനുമായ ബഹു.

ജോസഫ് തൊണ്ടിപറമ്പിലച്ചന്റെയും ഓർമ്മയ്ക്കു മുമ്പിൽ ബൽത്തംഗഡി രൂപതയുടെ ആദരാജ്ഞലികൾ.

ബഹു. മാത്യു താഴെകാട്ടിലച്ചന്റെ പ്രിയ പിതാവ് 2018 ഒക്ടോബർ 14നും നിര്യതനായി. പരേതന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെയെന്ന് പ്രാർത്ഥിച്ചു കൊണ്ട് രൂപതയുടെ അനുശോചനവും ആദരാജ്ഞലികളും അർപ്പിക്കുന്നു. രൂപതയിൽ തങ്ങളുടെ സന്യാസ ഭവനങ്ങളിലായിരുന്നുകൊണ്ടു അജപാലന ശുശ്രൂഷയിൽ സഹായിച്ചിരുന്ന സി. ലിസ്യു എഫ്. സി.സി(ജഡ്ക്കൽ), സി. മരിയറ്റ് എഫ്.സി.സി (പുത്തൂർ), സി. ലിയോൺ മരിയ അകമ്പടിയിൽ എസ്. എച്ച്. എന്നിവർക്കും, രൂപതാ കുടുംബത്തിൽ നിന്നും മൺമറഞ്ഞുപോയ പ്രിയപ്പെട്ട സഹോദരി സഹോദരങ്ങൾക്കും ദൈവം നിത്യസമ്മാനം നൽകട്ടെ എന്നും പ്രാർത്ഥിക്കുന്നു.

### ♦ ഉപസംഹരം

കഴിഞ്ഞാ 2 പതിറ്റാണ്ട് കാലം ബെൽത്തംഗഡി രൂപതയെ തന്റെ കരുണയുടെ പൊൻചിറകിൻ കീഴിൽ സംരക്ഷിച്ച് വഴി നടത്തിയ നല്ല ദൈവത്തിന് നന്ദി പറയുന്നതോടൊപ്പം, രൂപതയുടെ സർവ്വോന്മുഖ വളർച്ചയ്ക്കായി അഭി. പിതാവിനോടൊപ്പം സദാ യത്നിക്കുന്ന ബഹു. വൈദികർക്കും, സിസ്റ്റേഴ്സിനും, അൽമായ സഹോദരങ്ങൾക്കും ദൈവ കൃപ നേരുകയും ചെയ്യുന്നു. അപ്പസ്തോലിക പ്രവർത്തനങ്ങൾക്കായി ചിലവഴിച്ച നിങ്ങളുടെ വിലയേറിയ സമയത്തിനും, ത്യാഗത്തിനും, പ്രാർത്ഥനകൾക്കും, നല്ല ദൈവം പ്രതി ഫലം നല്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് രൂപതയുടെ ഈ വർഷത്തെ പ്രവർത്തന റിപ്പോർട്ട് ഇവിടെ സമർപ്പിക്കുന്നു.

**Fr. Lawrence Poonolil**
Chancellor



## തലശ്ശേരി അതിരൂപത സംയുക്ത വൈദികസമിതി സമ്മേളനം

### 2019 ജൂൺ 10, സന്ദേശഭവൻ തലശ്ശേരി

### റിപ്പോർട്ട്

തലശ്ശേരി അതിരൂപതയിലെ സാമന്ത രൂപതകളുടെ സംയുക്ത വൈദിക സമിതി സമ്മേളനം 2019 ജൂൺ മാസം 10-ാം തിയ്യതി തലശ്ശേരി സന്ദേശഭവനിൽ വച്ച് രാവിലെ 10.15 ന് ചേർന്നു. ഈശ്വര പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. പ്രാർത്ഥനകൾക്ക് തലശ്ശേരി അതിരൂപതാ കുടുംബക്കൂട്ടായ്മ ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ നേതൃത്വം നൽകി. തുടർന്ന് താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ബൽത്തങ്ങാടി രൂപതാദ്ധ്യക്ഷൻ മാർ ലോറൻസ് മുക്കുഴിയിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. സഭയെ തകർക്കാൻ തല്പരകക്ഷികൾ കിണഞ്ഞു പരിശ്രമിക്കുമ്പോൾ കൂട്ടായ്മയിലൂടെ മാത്രമെ അതിനെ അതിജീവിക്കാൻ സാധിക്കുകയുള്ളുവെന്നും അതിന് ഇത്തരമൊരു സംയുക്ത പൗരോഹിത്യ കൂട്ടായ്മ അനിവാര്യമാണെന്നും മാർ ലോറൻസ് മുക്കുഴി അദ്ധ്യക്ഷ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. തുടർന്ന് നടന്ന ഉദ്ഘാടന പ്രസംഗത്തിൽ സഭ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ കൂടുതൽ മെച്ചപ്പെട്ട സംഭാവനകൾ നൽകാൻ മലബാർ രൂപതകളിലെ വൈദിക സമൂഹത്തിനു കഴിയുമെന്നും അതിനെ കഴിഞ്ഞ തലമുറയിലെ നമ്മുടെ വൈദികരുടെ വിശ്വാസതീക്ഷ്ണതയും സമർപ്പണ മനോഭാവവും നമുക്ക് മാതൃകയാക്കാമെന്നും മാർ ജോർജ്ജ് ഞറളക്കാട്ട് അഭിപ്രായപ്പെട്ടു. അവിഭക്ത തലശ്ശേരി രൂപതയുടെ മക്കളായ നമുക്ക് പരിചയം പുതുക്കുന്നതിനും ബന്ധങ്ങൾ ഊട്ടിഉറപ്പിക്കുന്നതിനും ഇത്തരം കൂട്ടായ്മകൾ സഹായകരമാണെന്നും പിതാവ് ഓർമ്മിപ്പിച്ചു. തുടർന്ന് മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം സമ്മേളനത്തിന് ആശംസകളറിയിച്ച് സംസാരിച്ചു.

സമ്മേളനത്തിന്റെ രണ്ടാം ഭാഗം 11. 15 ന് മാണ്ഡ്യ രൂപതാദ്ധ്യക്ഷൻ മാർ ആന്റണി കരിയിലിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. തലശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി വിഷയാവതരണപ്രസംഗം നടത്തി. സഭയിലെ സമകാലീന പ്രതിസന്ധികളുടെ കാരണങ്ങളിലേയ്ക്കുള്ള ഒരെത്തിനോട്ടമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. പുറമെനിന്ന് ഒരുശക്തിയ്ക്കും തകർക്കാ

നാവാത്ത വിധത്തിലാണ് ക്രിസ്തു സഭയെ രൂപപ്പെടുത്തിയതെന്നും അകമേയുള്ളവരുടെ അലസതയും അശ്രദ്ധയും അവിശ്വസ്തതയുമാണ് സഭയുടെ മുഖം വികൃതമാക്കുന്നതെന്നും അതുകൊണ്ട് സഭയുടെ പുനരുദ്ധാരണം സഭാശുശ്രൂഷകരുടെ ദൗത്യമാണെന്നും പിതാവ് ഓർമ്മിപ്പിച്ചു. സഭയിലെ ഭിന്നതകൾ അൾത്താരയിൽ ആരംഭിക്കുന്നു എന്ന പരിശുദ്ധ ബെനഡിക്റ്റ് മാർപാപ്പയുടെ നിരീക്ഷണത്തിന്റെ പശ്ചാതലത്തിൽ സീറോ മലബാർ സഭയുടെ വളർച്ച അൾത്താരയിലെ കൂട്ടായ്മയിലൂടെയാകണമെന്നും അതിന് ആരാധനാക്രമത്തിലുള്ള ഐക്യം കാലഘട്ടത്തിന്റെ അനിവാര്യമാണെന്നും പിതാവ് അഭിപ്രായപ്പെട്ടു. ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ മാത്രമെ സഭയുടെ മുഖഛായ വർദ്ധിപ്പിക്കാനാകുവെന്നും പിതാവ് ഓർമ്മിപ്പിച്ചു. തുടർന്ന് ഓരോ രൂപതകളിലേയും അജപാലനപ്രവർത്തനങ്ങളിലെ വെല്ലുവിളികളെക്കുറിച്ചുള്ള അവലോകനമായിരുന്നു. മോൺ അലക്സ് താരാമംഗലം-തലശ്ശേരി, മോൺ. അബ്രാഹം നെല്ലിക്കൽ-മാനന്തവാടി, ഫാ. ബെന്നി മുണ്ടനാട്ട്-താമരശ്ശേരി, ഫാ, അബ്രാഹം അരീപ്പറമ്പിൽ - ഭദ്രാവതി, ഫാ. ജോമോൻ കോലഞ്ചേരി-മാണ്ഡ്യ, ഫാ. കുര്യാക്കോസ് വെട്ടുവഴി-ബൽത്തങ്ങാടി എന്നിവർ അതാതു രൂപതകളിലെ അജപാലന പ്രതിസന്ധികളെക്കുറിച്ച് സംസാരിച്ചു. തുടർന്ന് സമ്മേളനത്തിൽ പങ്കെടുത്ത അച്ചൻമാരെ പന്ത്രണ്ടു ഗ്രൂപ്പുകളിലായി തിരിച്ച് ഓരോ ഗ്രൂപ്പും താഴെ പ്രതിപാദിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്തു..

1. മലബാർ പ്രൊവിൻസിലെ രൂപതകൾ തമ്മിലുള്ള ഐക്യവും ബന്ധവും വളർത്താൻ വേണ്ടി ശ്രദ്ധ പതിപ്പിക്കേണ്ട മേഖലകൾ (ആരാധനാ ക്രമ ഐക്യരൂപ്യം, ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള യോജിച്ച പ്രവർത്തനം).
2. വൈദികർ തമ്മിലും വൈദീകരും മേലദ്ധ്യക്ഷനും തമ്മിലുള്ള ഐക്യവും ബന്ധവും വളർത്താൻ എന്ത് ചെയ്യണം?
3. പങ്കാളിത്ത സ്വഭാവമുള്ള നേതൃത്വം വളർത്താൻ രൂപതാ തലത്തിലും, ഇടവകാ തലത്തിലും എന്ത് പ്രവർത്തന രീതികൾ അനുവർത്തിക്കണം?
4. സാമൂഹ്യ, രാഷ്ട്രീയ, കാർഷിക രംഗത്ത് പൊതുവായി പ്രവർത്തിക്കാൻ എന്ത് ചെയ്യണം? (രാഷ്ട്രീയ ശക്തിയാകേണ്ട ആവശ്യം, സാംസ്കാരിക രംഗത്തെ നമ്മുടെ സാന്നിധ്യം, ഭക്ഷ്യ സ്വയം പര്യാപ്തത).



5. സന്യസ്തരുടെ ഇടവകാ പ്രവർത്തനങ്ങളെ പുന:ക്രമീകരിക്കേണ്ടതിന്റെ ആവശ്യകതയും സന്യസ്ത ദൈവ വിളികളുടെ അപര്യാപ്തതയും! (ഇടവകയിൽ മുഴുവൻ സമയവും സേവനം ചെയ്യുന്ന സിസ്റ്റേഴ്സിന് ശമ്പളം, മുതലായവ)
6. ഇടവക കൂട്ടായ്മയ്ക്ക് ദോഷകരമായി ബാധിക്കുന്ന അവസ്ഥകളും സാഹചര്യങ്ങളും വിശകലനം ചെയ്യുക. (ഇടവക കൂട്ടായ്മയ്ക്ക് സമാന്തരമായി മറ്റ് ഗ്രൂപ്പുകളിലേക്ക് പോകുന്നവർ, ഇടവക ജനതയുടെ നിസ്സംഗതയും അസഹിഷ്ണുതയും)
7. സാമൂഹ്യ സമ്പർക്ക ഇടങ്ങളിലെ സഭയുടെ ഇടപെടൽ എപ്രകാരം ഫലവത്താക്കാം. (ഓൺ ലൈൻ മാധ്യമങ്ങൾ, Common Social Media Plat Form, ദീപിക ദിനപത്രം മുതലായവ.)

എല്ലാ ഗ്രൂപ്പുകളുടേയും ചർച്ചകളുടെ റിപ്പോർട്ട് ക്രോഡീകരിച്ച് ഫാ. ബെന്നി മുണ്ടനാട്ട് അവതരിപ്പിച്ചു. ഏറ്റവുമൊടുവിൽ നടന്ന പൊതുചർച്ചകൾക്ക് മാർ ജോർജ്ജ് ഞറളക്കാട്ട് നേതൃത്വം നൽകി. ചർച്ചയിലെ പൊതു തീരുമാനങ്ങൾ:

1. അതിരൂപത സംയുക്ത വൈദിക സമിതി വർഷത്തിലൊരിക്കൽ വ്യത്യസ്ത രൂപതകളിലായി നടത്തുക.
2. മലബാറിലെ എല്ലാ രൂപതകളിലും വി. കുർബ്ബാനയർപ്പണം ഏകീകരിക്കുന്നതിനായി ഓരോ രൂപതകളിലേയും പ്രസ്ബിത്തേരിയത്തെ അതിരൂപതാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ എല്ലാ പിതാക്കൻമാരും ഒന്നിച്ച് കണ്ട് സംസാരിക്കാനും സാവകാശം മലബാറിലെ എല്ലാ രൂപതകളിലും സിനഡിന്റെ നിർദ്ദേശപ്രകാരമുള്ള വി. കുർബ്ബാനയർപ്പണം നടപ്പിലാക്കാനും തീരുമാനിച്ചു. ഇതിന്റെ ഭാഗമായി മതബോധനാവശ്യത്തിനായി ഇനി മുതൽ കുർബ്ബാന പുസ്തകം അച്ചടിക്കുമ്പോൾ സിനഡ് നിർദേശിച്ചി രിക്കുന്ന രീതിയിൽ മാത്രം തയ്യാറാക്കുക.
3. മലബാറിലെ വൈദിക കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തലശ്ശേരി പ്രൊവിൻസിലെ മേജർ സെമിനാരി വിദ്യാർത്ഥികളുടെ ഒരു സംഗമം വർഷം തോറും സംഘടിപ്പിക്കുക.

4. രൂപതകളിലെ സംഘടനാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംഘടനകളുടെ ഡയറക്ടറമാരുടെ യോഗം വർഷത്തിൽ ഒന്നോ രണ്ടോ തവണ ഒന്നിച്ചുചേരുക.

5. ഭാരത സുവിശേഷവത്കരണത്തിന്റെ ഭാഗമായി ഷംഷാബാദ് രൂപതയുടെ പരിധിയിൽപ്പെട്ട അരുണാചൽ പ്രദേശ് സംസ്ഥാനം, തലശ്ശേരി, മാനന്തവാടി, താമരശ്ശേരി, ഇടുക്കി രൂപതകളുടെ ആഭിമുഖ്യത്തിൽ ഏറ്റെടുത്ത് 2020 ഫെബ്രുവരി മാസം മുതൽ അജപാലനശുശ്രൂഷകൾ ആരംഭിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുക.

6. എറണാകുളം അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ തലശ്ശേരി പ്രൊവിൻസിലെ എല്ലാ രൂപതകളും മേജർ ആർച്ച് ബിഷപ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന് പിന്തുണ അറിയുന്നക്കുന്നുവെന്നും കാർഷിക മേഖലയിലെ പ്രതിസന്ധികളിൽ സഭയെന്നും കർഷകർക്കൊപ്പമാണെന്നും പത്രക്കുറിപ്പിലൂടെ അറിയിക്കാനും തീരുമാനിച്ചു.

ഈ മീറ്റിങിന്റെ പൊതുവികാരം ഇതിൽ പങ്കെടുത്ത വൈദീകർ അതാതു രൂപതകളിലെ മറ്റ് വൈദീകരെ ബോദ്ധ്യപ്പെടുത്തണമെന്ന് മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഓർമ്മിപ്പിച്ചു. തുടർന്ന് മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ അബ്രാഹം നെല്ലിക്കൽ എല്ലാവർക്കും നന്ദി അറിയിക്കുകയും നാലു മണിയോടുകൂടി തലശ്ശേരി അതിരൂപതാ സംയുക്ത സമിതിയുടെ പ്രഥമ സമ്മേളനം അവസാനിക്കുകയും ചെയ്തു.

**Fr. Sajan George Thengumpally**
Chancellor
Archdiocese of Tellicherry

*
**



# സാൻ തോമ് ഗുറുമന്ദിറ മൈനർ സെമിനാരി വാർത്തകൾ

" To become a Priest or a Religious is not primarly our choice, it is our answer to a Calling, a Calling of Love".
(Pope Francis)

## പുതിയ അദ്ധ്യയന വർഷം

മൈനർ സെമിനാരി സാൻ തോമ് ഗുരുമന്ദിര -പുതിയ അദ്ധ്യയന വർഷം ജൂൺ മാസം 13-ാം തിയ്യതി ആരംഭിച്ചു.

## കുഞ്ഞനുജന്മാർക്ക് സ്വാഗതം

ഈ അദ്ധ്യയന വർഷം സെമിലാരിയിലേക്ക് പുതുതായി കടന്നു വന്നിരിക്കുന്ന എല്ലാ സഹോദരങ്ങൾക്കും ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യത്തിലേക്കുള്ള യാത്രയിലെ ഓരോ കാൽവയ്പും ദൈവഹിതമനുസരിച്ച് മാത്രമായിരിക്കാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.

## ഒന്നാം വർഷ ബ്രദേർസ്

| | | | |
|---|---|---|---|
| 1. | Bro. Kolamkuzhiyil Mathew | – | Belthangady Parish |
| 2. | Bro. Odampallil Johnson | – | Dharmasthala Parish |
| 3. | Bro. Panayolil Dominic | – | Shirlal Parish |
| 4. | Bro. Poovathingal Paul | – | Kalenja Parish |
| 5. | Bro. Pullatt Joseph | – | Maddiody Parish |

## 2019-20 അദ്ധ്യയന വർഷം - ഉദ്ഘാടനം

ജൂൺ മാസം 15-ാം തിയ്യതി അഭിവന്ദ്യ മാർ ലോറൻസ് പിതാവ് ദീപം തെളിച്ച് 2019-20 അദ്ധ്യയന വർഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

## അഭിനന്ദനങ്ങൾ

സെയിന്റ് ഫിലോമിനാ കോളേജിൽ ആർട്ട്സ് വിഭാഗത്തിൽ രണ്ടാം വർഷ പി. യു. സി. പരീക്ഷയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ കംക്കനാഡി ഇടവകാംഗമായ ബ്രദർ ആന്റോ കൊള്ളന്നൂരിന് അഭിനന്ദനങ്ങൾ.

## MINOR SEMINARY BROTHERS: 2019-20

**6th Year Brothers (Degree 3rd Year) (2)**

1. Bro. Pottananiyil Cherian – Devagiri Parish
2. Bro. Upputtil Lawrence – Mudur Parish

**4th Year Brothers (2)**

3. Bro. Kalathukulangara Thomas – Udane Parish
4. Bro. Thekkekoot Joseph – Kanchal Parish

**3rd Year Brothers (2nd P.U.C.) (2)**

5. Bro. Kanjiravila Philip – Mudur Parish
6. Bro. Pottakkatt Antony – Thottathady Parish

**2nd Year Brothers (1st P.U.C.) (4)**

7. Bro. Chennakattukunnel Emmanuel – Kervase Parish
8. Bro. Pandamackel Sebastian – Dharmasthala Parish
9. Bro. Valookaran Paulose – Thottathady Parish
10. Bro. Varangalakudy Paul – Kalenja Parish

**1st Year Brothers (5)**

11. Bro. Kolamkuzhiyil Mathew – Belthangady Parish
12. Bro. Odampallil Johnson – Dharmasthala Parish
13. Bro. Panayolil Dominic – Shirlal Parish
14. Bro. Poovathingal Paul – Kalenja Parish
15. Bro. Pullatt Joseph – Maddiody Parish

## MAJOR SEMINAY BROTHERS: 2019 – 20

1. Bro. Arayandiyil Emmanuel - Higher Study, Rome

**4th Year Theology (2)**

2. Bro. Pudiyakunnel Christin - Aluva Seminary
3. Bro. Puthuparambil Joseph - Kottayam Seminary



**2nd Year Theology (4)**

4. Bro. Kolakunnel Varghese - Kunnoth Seminary
5. Bro. Manapattu Mathew - Mangalore Seminary
6. Bro. Thadathanayil William - Aluva Seminary
7. Bro. Valiaparambil Joseph - Aluva Seminary

**1st Year Theology (1)**

8. Bro. Thurackal Joseph - Kottayam Seminary

**Regency (1)**

9. Bro. Kizhakethazhe Joseph - Regency, Mudur

**1st Year Philosophy (5)**

10. Bro. Kuttickal Emmanuel - Kottayam Seminary
11. Bro. Kollannur Anto - Kottayam Seminary
12. Bro. Menacherry Sebastian - Kunnoth Seminary
13. Bro. Puthettupadavil Kuriakose - Kunnoth Seminary
14. Bro. Vadakkemulanjinal Joseph - Aluva Seminary

### പിതാവ് - സെമിനാരിക്കാരോടൊപ്പം

ജൂൺ 15, 16 ജൂലൈ 27, 28 തിയ്യതികളിൽ അഭിവന്ദ്യ മാർ ലോറൻസ് പിതാവ് സാൻ തോമ് ഗുരുമന്ദിര – മൈനർ സെമിനാരി സന്ദർശിച്ചു. സെമിനാരിക്കാരോടൊപ്പം സമയം ചിലവഴിക്കുകയും ക്ലാസ്സുകൾ നൽകുന്നതോടൊപ്പം അവരെ വ്യക്തിപരമായി കണ്ട് വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി.

### മാസധ്യാനം

ജൂൺ മാസം 29, 30 തിയ്യതികളിൽ ഒ. സി. ഡി. സഭാംഗമായ ബഹുമാനപ്പെട്ട വിൻസെന്റ് അച്ചൻ – ശിഷ്യത്വം – എന്ന വിഷയത്തെ ആസ്പദമാക്കി ധ്യാനം നയിച്ചു.

ജൂലൈ മാസം 21, 22 തിയ്യതികളിൽ അഡ്ഡഹൊളെ ഇടവക വികാരിയായ ബഹുമാനപ്പെട്ട പൗലോസ് കൊച്ചു

പുത്തൻപുരക്കലച്ചൻ – ജീവിതം പരിശുദ്ധാത്മാവിനാൽ നിറയപ്പെടണം – എന്ന വിഷയത്തെ കേന്ദ്രീകരിച്ച് ധ്യാനം നൽകി.

### സാൻ തോമ് - സെമിനാരി ഡേ

ജൂലൈ മാസം 2, 3–ാം തിയ്യതികളിലായി സെമിനാരിയുടെ മദ്ധ്യസ്ഥനായ വി. തോമാശ്ലീഹായുടെ തിരുന്നാൾ ഗുരുമന്ദിരയിൽ ആഘോഷിച്ചു. 2–ാം തിയ്യതി വൈകുന്നേരം നടന്ന പൊതുപരിപാടിയിൽ കുട്രുപ്പാഡി ഫൊറോന വികാരിയായ ബഹുമാനപ്പെട്ട ജോസ് ആയാംകുഡി അച്ചൻ അദ്ധ്യക്ഷനായിരുന്നു.

3–ാം തിയ്യതി വൈകുന്നേരം കുത്തല്ലൂർ ഇടവകയുടെ വികാരിയായ ബഹുമാനപ്പെട്ട ജോസഫ് മുക്കാട്ടച്ചൻ ആഘോഷമായ വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ പുത്തൂർ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ മക്കാരിയൂസ് പിതാവ് – വി. തോമാശ്ലീഹായുടെ പ്രേഷിത ധീരത – ഓരോ ക്രിസ്ത്യാനിയുടെയും ജീവിതമാകണം എന്ന സന്ദേശം നൽകി. അഭിവന്ദ്യ മാർ മക്കാരിയൂസ് പിതാവിനോടൊപ്പം പുത്തൂർ രൂപതയുടെ വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട എൽദോ പുത്തൻക്കണ്ടത്തിലച്ചൻ, പുത്തൂർ രൂപതാകേന്ദ്രത്തിലെ ബഹുമാനപ്പെട്ട വൈദികർ, പുത്തൂർ, മരിൽ, ബന്നൂർ ഇടവകയുടെ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ, ഫിലോമിനാ കോളേജിലെ ബഹുമാനപ്പെട്ട വൈദികർ, ഡി. എം., എഫ്. സി. സി., ബെത്തനി, സെയിന്റ് ജോസഫ്, ബ്രിജിട്ടൈൻ സഭകളിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ്, സാൻ ജോസ് മൈനർ സെമിനാരിയിലെ വൈദിക വിദ്യാർഥികൾ, സാൻ തോം ഇടവകാംഗങ്ങൾ പൊതുസമ്മേളനത്തിലും സ്നേഹവിരുന്നിലും പങ്കെടുത്തു.

ഫാ. സണ്ണി ആലപ്പാട്ട്
റെക്ടർ, മൈനർ സെമിനാരി,
സാൻ തോമ് ഗുരുമന്ദിര, പുത്തൂർ



## വിശ്വാസപരിശീലന രംഗം

***“ അങ്ങ് എനിക്കു രക്ഷയുടെ പരിച നൽകി; അവിടുത്തെ വലത്തുകൈ എന്നെ താങ്ങിനിറുത്തി; അവിടുത്തെ വാത്സല്യം എന്നെ വലിയവനാക്കി.” (സങ്കീ 18 : 35)***

**പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും 73 ാം ഭാരത സ്വാതന്ത്ര്യ ദിനത്തിന്റെയും ആശംസകളും ഭാവുകങ്ങളും !!!**

ആഗസ്റ്റ് 15 ഇന്ത്യൻ ക്രൈസ്തവർക്ക് ഇരട്ട ആഘോഷത്തിന്റെ സന്തോഷം പകരുന്ന അനുഗ്രഹീത ദിനം. പരി. അമ്മയുടെ സ്വർഗ്ഗാരോപണവും ഇന്ത്യൻ സ്വാതന്ത്ര്യവും സമുചിതമായി ആഘോഷിക്കുന്ന പുണ്യ ദിനം. അനേകം സുമനസുകളുടെ ത്യാഗ ജീവിതത്തിനുമുമ്പിൽ അസ്വാതന്ത്ര്യത്തിന്റെ അടിമച്ചങ്ങലകൾ തകർന്നുവീണെങ്കിൽ ആത്മീയ സ്വാതന്ത്ര്യത്തിന്റെ പൊൻവെളിച്ചം കാണാനാകാതെ ഇരുളിൽ തപ്പിത്തടയുന്ന മനുഷ്യമക്കളെ സ്വാതന്ത്ര്യത്തിന്റെ ചിറകിലേറ്റുവാൻ ശരീരവും ആത്മാവും സ്വർഗ്ഗീയ മഹത്വത്തിലേക്കുയർത്തപ്പെട്ട വിശ്വാസത്തിന്റെ വനിതയായ പരി. കന്യാകാ മറിയം ഇതാ നമുക്കു മുമ്പിൽ. തന്റെ ജീവിത വിശുദ്ധികൊണ്ടും സമർപ്പണംകൊണ്ടും സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ട സ്വർഗ്ഗീയ റാണിയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും 73ാം ഭാരത സ്വാതന്ത്ര്യ ദിനത്തിന്റെയും ആശംസകളും ഭാവുകങ്ങളും !!!

- **ജ്ഞാന സന്ദേശ ബൈബിൾ ക്വിസ് – 2019**

**പഠന വിഷയം** : ഉത്പത്തി പുസ്തകം

4 ാം ക്ലാസ് മുതൽ 7ാം ക്ലാസുവരെയുള്ള കുട്ടികൾക്ക് 1 മുതൽ 25 വരെയുള്ള അദ്ധ്യായങ്ങൾ.

8 ാം ക്ലാസ് മുതൽ മുതിർന്നവർ വരെ 1 മുതൽ 50 അദ്ധ്യായങ്ങൾ.

ഈ വർഷത്തെ ബൈബിൾ ക്വിസ് രണ്ട് ഘട്ടങ്ങളായിട്ടാണ് നടത്തപ്പെടുക. ആദ്യ ഘട്ടം ഇടവക തലത്തിലും, രണ്ടാം ഘട്ടം രൂപതാ തലത്തിലുമായിരിക്കും. ചോദ്യ പേപ്പറും ഉത്തര കടലാസും (Answer Key) വിശ്വാസ പരിശീലന കേന്ദ്രത്തിൽനിന്ന് ലഭിക്കുന്നതായിരിക്കും. ഇടവകാതല ക്വിസ്സിന്റെ മൂല്യനിർണ്ണയം ഇടവകയിൽ തന്നെ നടത്തി, രൂപതാതല ടീമിനെ തിരഞ്ഞെടുക്കുക. ഇടവകയിൽനിന്നും രൂപതാതലത്തിൽ നടത്തപ്പെടുന്ന രണ്ടാം ഘട്ടം ബൈബിൾ ക്വിസ്സിന് പങ്കെടുക്കേണ്ട

ഗ്രൂപ്പുകളുടെ വിവരം താഴെ നൽകിയിരിക്കുന്നതനുസരിച്ചായിരിക്കും. ഒരു ഇടവകയിൽനിന്നും രണ്ട് ഗ്രൂപ്പുകളാണ് പങ്കെടുക്കേണ്ടത്.

**1. മുതിർന്നവരുടെ ഗ്രൂപ്പ് - അംഗങ്ങൾ അഞ്ച് പേർ**

8ാം ക്ലാസ് മുതൽ 12ാം ക്ലാസ് വരെ -രണ്ട് പേർ.

അദ്ധ്യാപകർ, സിസ്റ്റേഴ്സിന്റെ ഗ്രൂപ്പിൽ നിന്ന് രണ്ട് പേർ

യൂത്ത്, മാതാപിതാക്കളുടെ ഗ്രൂപ്പിൽ നിന്ന് ഒരാൾ

**2. ജൂനിയർ കുട്ടികളുടെ ഗ്രൂപ്പ് - മൂന്ന് പേർ**

ജൂനിയേഴസ്: 4ാം ക്ലാസ് മുതൽ 7ാം ക്ലാസ് വരെ - മൂന്നു പേർ.

**• Sunday School Forane Council Members**

1. ഫൊറോന സൺഡെ സ്കൂൾ ഡയറക്റ്റർ (ഫൊറോന വികാരി)
2. ഫൊറോന സൺഡെ സ്കൂൾ വൈസ് ഡയറക്റ്റർ (ഫൊറോന വികാരി നിയമിക്കുന്ന സിസ്റ്റർ)
3. എല്ലാ ഇടവകകളിലെ പ്രധാന അദ്ധ്യാകർ
4. സെക്രട്ടറി (ഇടവക സൺഡെ സ്കൂൾ സെക്രട്ടറിമാരുടെ പ്രതിനിധി)
5. PTA പ്രസിഡന്റ (ഇടവക PTA പ്രസിഡന്റമാരുടെ പ്രതിനിധി)

**• Sunday School Forane Council Activities**

1. ഫൊറോനയിലെ എല്ലാ സൺഡെ സ്കൂളുകളുടെ മേൽനോട്ടം വഹിക്കുക.
2. സൺഡെ സ്കൂൾ പ്രവർത്തനങ്ങളെ വിലയിരുത്തുക (ചുരുങ്ങിയത് വർഷത്തിൽ മൂന്നു മീറ്റിങ്ങുകളെങ്കിലും കൂടുക)
3. അദ്ധ്യാപകർക്കുവേണ്ടി ഫൊറോന തലത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യുക.
   (One day Seminar, Training Program, Prayer meeting etc.)
4. പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി Exam Superviser മാരെ നിയമിക്കുക.
5. കുട്ടികൾക്കു ഫൊറോന തലത്തിൽ ധ്യാനം നടത്തുക. (ആവശ്യമനുസരിച്ച്)

**വചന ഡയറി**

• ഈ കഴിഞ്ഞ **2018 –19** വർഷത്തെ വചന ഡയറി മത്സരത്തിൽ ഇടവക തലത്തിൽ പങ്കെടുത്ത് ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയ രണ്ടു ഡയറികൾ ഓഗസ്റ്റ് 15 ന് മുമ്പ് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**വിശ്വാസ പരിശീലന അദ്ധ്യാപകരുടെ ഫൊറോന സെമിനാറുകൾ**

**വിഷയം : ഉത്പത്തി പുസ്തകം**

| | | | |
|---|---|---|---|
| Auguest | 11 | - | Udane Forane |
| Auguest | 18 | - | Kutrupady Forane |
| Auguest | 25 | - | Mangalore Forane |
| September | 01 | - | Kodagu Forane |
| September | 15 | - | Dhamastala Forane |
| Septembe | 22 | - | Jadkal Forane |
| September | 29 | - | Thottathady Forane |

**സെമിനാർ നടകുന്ന ഇടവകയിലെ വി. കുർബാനക്കു സംബ്ന്ധിക്കുവാൻ അദ്ധ്യാപകർ എല്ലാവരും ശ്രദ്ധിക്കുമല്ലോ. വി. കുർബാനക്കു ശേഷം ക്ലാസ് ആരംഭിക്കുന്നതാണ്. സെമിനാറിനു വരുമ്പോൾ എല്ലാവരും സംപൂർണ ബൈബിൾ കൊണ്ടുവരേണ്ടതാണ്. ഉത്പത്തി പുസ്തകം വായിച്ചട്ടു വരണമെന്നു ഓർമിപ്പിക്കുന്നു.**

ബെൽത്തംഗഡി ഫൊറോനയിലെ അദ്ധ്യാപകരുടെ സെമിനാർ 21 –07 – 19 ാം തിയതി ജ്ഞാനനിലയത്തിൽ വച്ച് നടതപ്പെട്ടു. വിശ്വാസ പരിശീലന ഡയറക്ടർ ജോസഫ് മറ്റത്തിൽ അച്ചൻ, ശ്രീ വർഗ്ഗീസ് കഴുതാടിയിൽ സാറും, ശ്രീ. ജോൺ കോച്ചുചെറുനിലം സാറും ക്ലാസുകൾക്കു നേതൃത്വം നൽകി. പ്രസ്തുത സെമിനാറിൽ 74 അദ്ധ്യാപകർ പങ്കെടുത്തു.

## ചെറുപുഷ്പ മിഷൻലീഗ്

**• അനുസ്മരിക്കുന്ന തിരുനാൾ**

വി. ഈഡിത്ത് സ്റ്റെയിൻ (ആഗസ്റ്റ് 9)

വി. ലോറൻസ് രക്തസാക്ഷി (ആഗസ്റ്റ് 10)

**• പ്രാർത്ഥനാ നിയോഗം**

നമ്മുടെ രാജ്യത്തിന്റെ ഭരണാധികാരികളെ സമർപ്പിച്ച് മിഷൻലീഗിന്റെ പ്രാർത്ഥാനയോടൊപ്പം 1 സ്വർഗ്ഗ 1 നന്മ 1 ത്രീത്വ സ്തുതി. ചൊല്ലി കാഴ്ച വയ്ക്കുക.

• **പ്രവർത്തനം.**

**"രാജ്യ സ്നേഹം സഹോദര സ്നേഹം"**

– ഏലീശ്വയെ ശുശ്രൂഷിച്ച മാതാവിന്റെ പ്രേഷിത ചൈതന്യത്തെ ഉൾക്കൊണ്ടു വീട്ടിലോ അയൽവക്കത്തോ ഉള്ള നമ്മുടെ ശുശ്രൂഷ ആവശ്യമുള്ളവരെ കണ്ടെത്തി അവരെ ശുശ്രൂഷിക്കുക. അനുഭവം ഗ്രൂപ്പിൽ പങ്കുവയ്ക്കുക.

• **സുകൃതജപം**

മാതാവിന്റെ വിമല ഹൃദയമേ ഭാരതത്തിനുവേണ്ടി അപേക്ഷിക്കണമേ.

• **വചനം**

നാം ദൈവത്തിൻെറ കരവേലയാണ്; നാം ചെയ്യാൻവേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ (എഫേ 2 : 10)

### • CML Forane Council Members

1. ഡയറക്ടർ (രൂപതായിൽനിന്നു നിയമിക്കപ്പെട്ട അച്ചൻ)
2. വൈസ് ഡയറക്ടർ (ഇടവക വൈസ് ഡയറക്ടർ സിസ്റ്റേഴ്സിന്റെ പ്രതിനിധി).
3. പ്രസിഡന്റ് (ഇടവക ഭാരവാഹികളിൽനിന്നും)
4. വൈസ് പ്രസിഡന്റ് (ഇടവക ഭാരവാഹികളിൽനിന്നും)
5. General Secretory (ഇടവക ഭാരവാഹികളിൽനിന്നും)
6. Joint Secretory (ഇടവക ഭാരവാഹികളിൽനിന്നും)
7. General Organizer (അദ്ധ്യാപകരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർ)
8. 2 Forane Organizers (അദ്ധ്യാപകരിൽനിന്നും, ആവശ്യമുണ്ടെങ്കിൽ)

### CML Forane Council Activities

1. എല്ലാ മിഷൻലീഗ് യൂനിറ്റുകളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും വിലയിരുത്തലും നടത്തുക. (മൂന്നു മാസത്തിൽ ഒരിക്കൽ )
2. ഫൊറോന തലത്തിൽ അംഗങ്ങളുടെ വളർച്ചയ്ക്കുതകുന്ന നേതൃത്ത്വ പരിശീലന ക്യാമ്പുകൾ, പരിശീലന സെമിനാറുകൾ, സമ്മേളനങ്ങൾ, റാലികൾ മുതലായവ സംഘടിപ്പിക്കുക.
3. ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനായി ക്യാപുകൾ, ക്ലാസുകൾ മുതലായവ നടത്തുക.
4. അംഗങ്ങളുടെ കലാ - കായിക വാസനകളെ പരിപോഷിപ്പിക്കാൻവേണ്ടി മത്സരങ്ങൾ നടത്തുക.
5. രൂപതയിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുക.
6. ഫൊറോന തല പ്രവർത്തനങ്ങളുടെ രേഖകൾ സൂക്ഷിക്കുകയും അതിന്റെ റിപോർട്ട് രൂപതയിൽ സമർപ്പിക്കുകയും ചെയ്യുക.

**മിഷൻലീഗ് കുട്ടികൾക്കു പ്രർത്ഥികാൻ നൽകിയിരിക്കുന്ന മിഷൻഗ്രാമങ്ങൾ. സാധിക്കുന്നവർ സന്ദർശിക്കുകയോ സഹായിക്കുകയോ ചെയ്യാവുന്നതാണ.**

### 1. Belthangady Forane

| | Parish | | Mission Grama |
|---|---|---|---|
| 1. | Ajekar | - | Belthangady |
| 2. | Bajagoly | - | Venur |
| 3. | Bangady | - | Bajagoly |
| 4. | Belthangady | - | Shirlal |
| 5. | Kuthlur | - | Moorje |
| 6. | Mala - Chowki | - | Bangady |
| 7. | Moorje | - | Mala -Chowki |
| 8. | Navoor | - | Kuthlur |
| 9. | Shirlal | - | Ajekar |
| 10. | Venur | - | Navoor |

### 2. Dharmastala Forane

| | | | |
|---|---|---|---|
| 1. | Battiyal | - | Ujire |
| 2. | Bolminar | - | Battial |
| 3. | Dharmastala | - | Kalenja |
| 4. | Kalenja | - | Bolminar |
| 5. | Ujire | - | Dharmastala |

## 3. Jadkal Forane

| | | |
|---|---|---|
| 1. Ajri | - | Maddody |
| 2. Hebri | - | Kalmakki |
| 3. Jadkal | - | Hebri |
| 4. Kalmakki | - | Mudur |
| 5. Maddody | - | Jadkal |
| 6. Mudur | - | Siddapur |
| 7. Siddapur | - | Ajri |

## 4. Kodagu Forane

| | | |
|---|---|---|
| 1. Banavara | - | Hoskote |
| 2. Gonikoppalu | - | Heggala |
| 3. Heggala | - | Siddapur |
| 4. Hoskote | - | Gonikoppalu |
| 5. Siddapur | - | Banavar |

## 5. Kutruppady Forane

| | | |
|---|---|---|
| 1. Guthigar | - | Kutruppady |
| 2. Kutrupady | - | Putturu |
| 3. Nettana | - | Padavu |
| 4. Padavu | - | Sampaje |
| 5. Puttur | - | Nettana |
| 6. Sampaje | - | Sullia |
| 7. Sullia | - | Guthigar |

## 6. Mangaluru Forane

| | | |
|---|---|---|
| 1. Kankanady | - | Manipal |
| 2. Katipalla | - | Kankanady |
| 3. Manipal | - | Katipalla |



## 7.Thottathady Forane

| | | |
|---|---|---|
| 1. Devagiri | - | Mundaje |
| 2. Gandibagilu | - | Kanjal |
| 3. Kanjal | - | Devagiri |
| 4. Mundaje | - | Thottathady |
| 5. Thottathady | - | Gandibagilu |

## 8. Udane Forane

| | | |
|---|---|---|
| 1. Addahole | - | Arla |
| 2. Arla | - | Shirady |
| 3. Nelliyady | - | Udane |
| 4. Shirady | - | Nelliyady |
| 5. Udane | - | Addahole |

# തിരുബാലസഖ്യം

- **അനുസ്മരിക്കുന്ന തിരുനാൾ**

  പരി. കന്യകാമറിയത്തിന്റെ സ്വർഗാരോപണം (ആഗസ്റ്റ് 15)

  വി. എവുപ്രാസ്യ (ആഗസ്റ്റ് 29)

- **പ്രാർത്ഥനാ നിയോഗം:**

  കർണ്ണാടകയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.

- **സുകൃതജപം:**

  ഈശോയേ അങ്ങെ സ്നേഹത്തിൽ എന്നെ വളർത്തണമേ.

- വചനം:

മുൻപിലും പിൻപിലും അവിടന്ന് എനിക്കു കാവൽ നിൽക്കുന്നു. അവിടുത്തെ കരം എന്റെ മേലുണ്ട്.
(സങ്കീ 139: 5)

**ഫാ. ജോസഫ് മറ്റം**
രൂപതാ വിശ്വാസപരിശീലന ഡയറക്ടർ

# ഫാമിലി അപ്പസ്തോലേറ്റ്

**ഏകദിന കൺവെൻഷൻ**

2019 ജൂലൈ 20 -ാം തീയതി രാവിലെ 9.30 മുതൽ 2.30 വരെ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ഏകദിന കൺവെൻഷൻ നടത്തപ്പെട്ടു. ബ്രദർ അഗസ്റ്റ്യൻ ക്ലാസ്സ് നയിച്ചു, ബഹു. ഫാ.ജെയ്സൻ വി. ബലിയർപ്പിച്ചു തുടർന്ന് ഫാ. തോമസ് പുതിയറ ആരാധനയ്ക്ക് നേതൃത്വം നൽകി.

**വിഷൻ 2019**

2019 ജൂലൈ 7- ാം തീയതി രാവിലെ 9 മണി മുതൽ വൈകുന്നേരം 4.30 വരെ സെന്റ്. തോമസ് കോളേജിൽ വച്ച് എസ്.എം. വൈ. എം ലീഡർഷിപ്പ് ട്രയ്നിംങ്ങ് വിഷൻ 2019 എന്ന പേരിൽ നടത്തപ്പെട്ടു.

**ഉദ്ഘാടനം**

ബഹു. ഫാ. സേവ്യർ വടക്കേൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് വിഷൻ 2019 എസ്.എം. വൈ. എം ലീഡർഷിപ്പ് ട്രയ്നിംങ്ങ് പ്രോഗ്രാം ബഹു. ഫാ. പീറ്റർ പതാരംച്ചിറ, ബഹു. ഫാ. തോമസ് പുതിയറ, സിസ്റ്റർ ബെറ്റ്സി സി.എം.,സി. മി.ഷാജു (തൃശ്ശൂർ), പ്രസിഡന്റ് പ്രിൻസ് വലിയപറമ്പിൽ മറ്റു ഭാരവാഹികളും ചേർന്ന് ദീപം തെളിച്ച് ഉദ്ഘാടനം ചെയ്തു. ബഹു. പുതിയറ അച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ബഹു. ഫാ. പീറ്റർ ഉദ്ഘാടന സന്ദേശം നൽകി. തുടർന്ന് മി.ഷാജു (തൃശ്ശൂർ) ക്ലാസ്സ് നയിച്ചു. മി. അനിൽ (കൊഡഗു) ഗാനശുശ്രൂഷക്ക് നേതൃത്വം നൽകി.

**ജനറൽബോഡി**

തെരെഞ്ഞെടുപ്പ്: ഉച്ചകഴിഞ്ഞ് 2019-22 വർഷത്തേക്കുള്ള രൂപതാ ഭാരവാഹികളെ തെരെഞ്ഞെടുത്തു. രൂപതാ ആനിമേറ്റർ സി. ബെറ്റ്സി സി.എം.സി. എല്ലാവരേയും സ്വാഗതം ചെയ്തു. ജോത്സന പുളിക്കൽ 2018-19 വർഷത്തെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അഭി. മാർ ലോറൻസ് പിതാവ് ജനറൽബോഡി ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. 2017-19 വർഷത്തെ രൂപതാ ഭാരവാഹികൾക്ക് ഡയറക്ടർ ബഹു. ഫാ. തോമസ് പുതിയറ അനുമോദനങ്ങൾ അറിയിക്കുകയും നന്ദി സൂചകമായി അഭി. പിതാവ് മെമെന്റോ നൽകുകയും ചെയ്തു. അതോടൊപ്പം സ്റ്റേറ്റ് കമ്മിറ്റിയിലേക്ക് തെരെഞ്ഞെടുക്കപ്പെട്ട അജേഷ്, ജെസ്ന എന്നിവർക്കും അനുമോദനങ്ങൾ അറിയിച്ചു. പ്രിൻസ് വലിയപറമ്പിൽ



തന്റെ 2 വർഷത്തെ അനുഭവങ്ങൾ പങ്കുവച്ചു. തുടർന്ന് പുതിയഭാരവാഹികളെ പുഷ്പം നൽകി സ്വീകരിക്കുകയും, പുതിയഭാരവാഹികളെ രൂപതാ ഡയറക്ടർ ഫാ. തോമസ് പുതിയറ പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും ചെയ്തു. പ്രസിഡന്റ് പ്രമോദും മറ്റു ഭാരവാഹികളും തങ്ങളുടെ നയപ്രഖ്യാപനം നടത്തുകയും, എസ്.എം.വൈ.എം പതാകയും നിയമാവലിയും ഏറ്റെടുക്കുകയും ചെയ്തു. ജീവൻ എല്ലാവർക്കും നന്ദി പറഞ്ഞു.

**എസ്.എം.വൈ.എം. 2019-21 വർഷത്തേക്കുള്ള രൂപതാ ഭാരവാഹികൾ**

| | | |
|---|---|---|
| **President** | **Pramod Naduvathett** | **Devagiri** |
| **Vice President** | **Jesna Mary Patteril** | **Battial** |
| **Deputy President** | **Prince Nellikyanirappel** | **Mala Chowki** |
| **General Secretary** | **Anitha Vallathinkara** | **Gandibagilu** |
| **Treasurer** | **Ajith Boby Poonolil** | **Kankanady** |
| **Secretary** | **Jeevan Jin Jose** | **Arla** |
| **Joint Secretary** | **Jude Nedunilam** | **Guthigar** |
| **Counselor Male** | **Jaison Metayil** | **Dharmasthala** |
| **Counselor Female** | **Krithika Vaipana** | **Belthangady** |

**ഷോർട്ട് ഫിലിം**

യുവജനം ദൈവ രാജ്യത്തിനും നവസമൂഹ നിർമ്മിതിക്കും. എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ **ഷോർട്ട് ഫിലിം** മത്സരത്തിൽ സമ്മാനാർഹരായ ഇടവകകളുടെ പേര് താഴെ കൊടുത്തിരിക്കുന്നു.

ഒന്നാം സമ്മാനം : എസ്.എം.വൈ.എം. സുള്ള്യ
രണ്ടാം സമ്മാനം : എസ്.എം.വൈ.എം ബെൾത്തംഗടി
മൂന്നാം സമ്മാനം : എസ്.എം.വൈ.എം. കങ്കനാടി
പ്രത്യേക സമ്മാനം : എസ്.എം.വൈ.എം. ബെഗാടി

**ഡെങ്കു പനിക്കുള്ള പ്രതിരോധ മരുന്ന് വിതരണം**

2019 ജൂലൈ 7- ാം തീയതി സെന്റ്. തോമസ് കോളേജിൽ വച്ച് നടന്ന എസ്.എം. വൈ. എം രൂപതാ ജനറൽ ബോഡിയിൽ വച്ച് 175 യുവജനങ്ങൾക്കും അവരുടെ കുടുംബങ്ങൾക്കും ഡെങ്കു പനിക്കുള്ള ഹോമിയോ പ്രതിരോധ മരുന്ന് സൗജന്യമായി വിതരണം ചെയ്യ്തു. ഇതിന് നേതൃത്വം നല്കിയ റവ. ഡോ. രശ്മി മരിയ സി.എം.സി. (കാർമ്മൽ ഹോമിയോ കടബ) പ്രത്യേകം നന്ദി.

# മാതൃവേദി - പിതൃവേദി

***മാതൃ വേദി ജനറൽബോഡി***

2019 ജൂലൈ 15-ാം തീയതി മാതൃവേദി ജനറൽബോഡി ജ്ഞാന നിലയത്തിൽ വച്ച് നടത്തപ്പെട്ടു. ഉദ്ഘാടന സമ്മേളനത്തിലേക്ക് രൂപതാ പ്രസിഡന്റ് ശ്രീമതി. ബീനാ ബിറ്റി സ്വാഗതം ചെയ്തു. സെക്രട്ടറി ശ്രീമതി. അൽഫോൻസ 2018-19 വർഷത്തെ റിപ്പോർട്ട് അവതരിപ്പിച്ചു. അഭി. മാർ ലോറൻസ് പിതാവ് ദീപം തെളിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു. 2017-19 വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും അഭിനന്ദിക്കുകയും കുറവുകളെ നിറവുകളാക്കി ജൂബിലി വർഷത്തെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അടുത്ത വർഷത്തെ മാർഗ്ഗ രേഖ തയ്യാറാക്കുവാൻ ആഹ്വാനംചെയ്തു. നമ്മുടെ ക്രിസ്തീയ കുടുംബങ്ങളുടെ പാരമ്പര്യത്തെ വിലയിരുത്തുകയും ഒരമ്മ ജീവന്റെ സംരക്ഷകയും കുടുംബങ്ങളിൽ വിശ്വാസപാരമ്പര്യങ്ങളും ജീവിതമൂല്യങ്ങളും നിലനിർത്തുമ്പോൾ കുടുംബം വിശുദ്ധിയിലും സമൂഹം ഉണർന്ന് പ്രവർത്തിക്കുകയും ചെയ്യുക എന്ന സന്ദേശം നൽകി ഏവരേയും അനുഗ്രഹിച്ചു.

വിശിഷ്ഠാതിഥികളായി സീറോമലബാർ അന്തർദേശീയ മാതൃവേദി ഡയറക്ടർ ബഹു. ഫാ. വിൽസൻ, പ്രസിഡന്റ് ശ്രീമതി. ഡോ.റീത്താമ്മ ജെയിംസ് , ജോ. സെക്രട്ടറി ശ്രീമതി. ജോസി മാക്സിൻ എന്നിവരും സന്നിഹിതരായിരുന്നു. സമ്മേളനത്തിന്റെ അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ച പ്രസിഡന്റ് ശ്രീമതി. ഡോ. റീത്താമ്മ ജെയിംസ് അമ്മമാർ അവരുടെ ശക്തി തിരിച്ചറിയുകയും കാലഘട്ടത്തിന്റെ വെല്ലുവിളികളെയും പ്രലോഭനങ്ങളേയും നേരിടാൻ ശക്തരാകണം, കരുത്താർജിക്കണം. തോളോട് തോൾ ചേർന്ന് ഉണർന്ന് പ്രവർത്തിക്കണം.

ജോയിന്റ്. സെക്രട്ടറി ശ്രീമതി. ജോസി മാക്സിൻ - അന്തർദേശീയ സീറോ മലബാർ മാതൃവേദിയിൽ അമ്മമാരുടെ സജ്ജീവ സാന്നിദ്ധ്യത്തെ വിലയിരുത്തുകയും, നല്ല അമ്മ എങ്ങനെയായിരിക്കണമെന്നും, അമ്മമാരുടെ സ്നേഹം നല്ല വാക്കുകളിലൂടെയും പ്രവർത്തി പദത്തിലൂടെയും നമ്മെ ഉണർത്തുന്നതായിരിക്കണം.

ബഹു. തോമസ് പുതിയറ അച്ചൻ 2016-19 വർഷത്തെ രൂപതാ ഭാരവാഹികളുടെ വിലയേറിയ സേവനങ്ങളെക്കുറിച്ച് സംസാരിച്ച്



ആശംസകളർപ്പിക്കുകയും നന്ദി പറയുകയും ചെയ്തു. മറുപടിയായി ശ്രീമതി. സെലിൻ തോമസ് ഈ കഴിഞ്ഞ 3 വർഷത്തെ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. തുടർന്ന് അഭി. പിതാവ് രൂപതാ ഭാരവാഹികൾക്ക് മെമെന്റോ നല്കി ആദരിച്ചു. വിശിഷ്ഠാതിഥികളെ ഷോളണിയിച്ച് ആദരിക്കുകയും മെമെന്റോ നൽകുകയും ചെയ്തു. ശ്രീമതി. വൽസ തോമസ് എല്ലാവർക്കും നന്ദി പറഞ്ഞു.

സീറോമലബാർ അന്തർദേശീയ മാതൃവേദി ഡയറക്ടർ ബഹു. വിൽസൻ അച്ചന്റെ ക്ലാസ്സിലുടെ

1. സഭയിൽ എന്നെന്നും പ്രവർത്തിക്കണമെന്ന ബോധ്യം ഉണ്ടായിരിക്കുക.

2. സുരശിക്ഷിത മാതൃത്വം സുരക്ഷിത തലമുറയ്ക്ക്.

ആത്മീയ സുരക്ഷ, മാനസിക സുരക്ഷ, ശാരീരിക സുരക്ഷ, സൈബർ സുരക്ഷ .ഓരോ അമ്മയും കുടുംബത്തിന്റയും ഇടവകയുടെയും കാതലും കാവലും കരുതലുമാകണം എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സ് നയിച്ചു.

ഉച്ചക്ക് ശേഷം 2019-22 വർഷത്തെ മാർഗ്ഗരേഖയെക്കുറിച്ച് ഡയറക്ടർ ബഹു. തോമസ് പുതിയറ അച്ചൻ വിശദീകരിച്ചു.

**2019-22 വർഷത്തെക്കുള്ള രൂപതാ ഭാരവാഹികളെ തെരെഞ്ഞെടുത്തു.**

| | |
|---|---|
| 1. ആനിമേറ്റർ | സി. റെനീസ് എസ്.എ.ബി.എസ് |
| 2. പ്രസിഡന്റ് | ശ്രീമതി.ഷൈനി സജി മാളിയേക്കൽ (മുണ്ടാജെ) |
| 3. വൈസ് പ്രസിഡന്റ് | ശ്രീമതി. ജിസ്മി ലിജോ (ഗുത്തിഗാർ) |
| 4. സെക്രട്ടറി | ശ്രീമതി. ഡാലി മനയത്തുമാരിയിൽ (മൂർജെജ) |
| 5. ജോയിന്റ് സെക്രട്ടറി | ശ്രീമതി. നിഷാ അഗസ്റ്റിൻ (നെല്യാടി) |
| 6. ട്രഷറർ | ശ്രീമതി. ജോളി ടോണി (കങ്കനാടി) |
| 7. സെനറ്റ് മെമ്പർ | ശ്രീമതി. ബീനാ ബിറ്റി നെടുനിലം |
| 8. സെനറ്റ് മെമ്പർ | ശ്രീമതി. ഷൈനി സജി പീടികപറമ്പിൽ, |

**പ്രവർത്ത വർഷം -ഉദ്ഘാടനം**

തുടർന്ന് നടന്ന മീറ്റിംങ്ങിൽ ശ്രീമതി. അൽഫോൻസാ എല്ലാവരെയും സ്വാഗതം ചെയ്തു. 2019-22 വർഷത്തെ രൂപതാ ഭാരവാഹികൾക്ക് രൂപതാ ഡയറക്ടർ ബഹു. ഫാ. തോമസ് പുതിയറ പ്രതിജ്ഞ ചൊല്ലികൊടുത്തു അതോടൊപ്പം ശ്രീമതി. ബീനാ ബിറ്റി മാതൃവേദി

നിയമാവലിയു, പതാകയും ശ്രീമതി. ഷൈനി സജി മാളിയേക്കലിനും, ശ്രീമതി. അൽഫോൻസാ റിപ്പോർട്ട് ബുക്ക് ശ്രീമതി. ഡാലി മനയത്തു മാരിയിലിനും കൈമാറി. പുതുതായി തെരെഞ്ഞെടുക്കപ്പെട്ട രൂപതാ ആനിമേറ്റർ - സി. റെനീസ് എസ്.എ.ബി.എസ് ആശംസകളർപ്പിച്ചു. പെരിയ ബഹു. ഫാ. ജോസ് വലിയപറമ്പിൽ തൂവാനിസ (പ്രവർത്ത വർഷം) ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുകയും ബഹു. ഫാ.വിൽസൻ തൂവാനിസ മാർഗ്ഗ രേഖ പ്രകാശനം ചെയ്തു. ബഹു. ഫാ. ലോറൻസ് പൂണോളിൽ 2019-22 വർഷത്തെ രൂപതാ ഭാരവാഹിക ൾക്ക് ആശംസകൾ അർപ്പിച്ചു. ശ്രീമതി. ഷൈനി സജി പീടികപറമ്പിൽ എല്ലാവർക്കും നന്ദി പറഞ്ഞു. മാതൃവേദി ആന്തത്തോടു കൂടി സമ്മേ ളനം സമാപിച്ചു

**ജൂലൈ 16 രൂപതാതല ഉദ്ഘാടനം.**

ജൂലൈ 16 -ാം തിയ്യതി ജ്ഞാനനിലയത്തിൽ വച്ച് തൂവാനിസ 2019-20 വർഷത്തെ കർമ്മപദ്ധതി ബഹു. ഫാ. ജോസ് വലിയപറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു

**ആഗസ്റ്റ് 4 ഒരുക്കദിനം**

2019-20 വർഷത്തിൽ മാതൃവേദിയുടെയും പിതൃവേദിയുടെയും നേതൃത്വത്തിൽ നടത്തുന്ന കർമ്മ പദ്ധതിയെക്കുറിച്ച് വി. കുർബ്ബാന മദ്ധ്യേ ഇടവക സമൂഹത്തിന് ലഘുവിവരണം (തന്നിരിക്കുന്ന മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ) നൽകുക. അതിനുശേഷം അമ്മ മാർക്ക് അപ്പന്മാക്കും കർമ്മപദ്ധതിയെക്കുറിച്ച് വിശദീകരണം നൽകു ക.

**ഓഗസ്റ്റ് 11 - ഇടവകാതല ഉദ്ഘാടനം**

തൂവാനിസ 2019-20 പ്രവർത്തന വർഷം നിലവിളക്ക് തെളിച്ച് ഉദ്ഘാ ടനം ചെയ്യുന്നു.

**ഓഗസ്റ്റ് 27 - വി.മോനിക്കാ പുണ്യവതിയുടെ തിരുന്നാൾ**

മാതൃവേദി സഹമദ്ധ്യസ്ഥ വി.മോനിക്കാ പുണ്ണ്യവതിയുടെ തിരു ന്നാൾ ഓഗസ്റ്റ് 27 അതത് ഇടവകകളിൽ നടത്തുക.

**പിതൃവേദി രൂപതാ തല സംഗമം:**

2019 ജൂലൈ 27 -ാം തിയതി ജ്ഞാനനിലയത്തിൽ വച്ച് പിതൃ വേദിയുടെ രൂപതാ ജനറൽ ബോഡി നടത്തപ്പെട്ടു. 7 ഫൊറോനകളിൽ



നിന്നുള്ള 80 പ്രതിനിധികൾ ഇതിൽ പങ്കെടുത്തു. അഭി. മാർ ലോറൻസ് പിതാവ് ദീപം തെളിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു. ബഹു. ഫാ. ജോസഫ് മുക്കാട്ട് പിതാകന്മാരുടെ ദൗത്യത്തെ കുറിച്ചും പിതൃ വേദിയുടെ പ്രാധാന്യത്തെക്കുറിച്ചും ക്ലാസ് നയിച്ചു. ഗ്രൂപ്പ് ചർച്ചക ൾക്ക് ശേഷം രൂപതാ ഭാരവാഹികളെ തെരഞ്ഞെടുത്തു. അവരുടെ പേരു വിവരങ്ങൾ :

| | | | |
|---|---|---|---|
| 1. | **ആനിമേറ്റർ** | **സി. റെനീസ് എസ്.എ.ബി.എസ്** | |
| 2. | **പ്രസിഡന്റ്** | **ടൈറ്റസ് മാതവത്ത്** | **ഗണ്ടിവാഗിലു** |
| 3. | **വൈസ് പ്രസിഡന്റ്** | **റോബിൻ ഓടംപ്പള്ളി** | **ധർമ്മസ്ഥല** |
| 4. | **സെക്രട്ടറി** | **നിക്കോളവാസ് ചുള്ളി** | **കാട്ടിപ്പള്ള** |
| 5. | **ജോയിന്റ് സെക്രട്ടറി** | **ജെയേഷ് വിലങ്ങോലിൽ** | **നെല്ലിയാടി** |
| 6. | **ട്രഷറർ** | **സിബി പുളിക്കൽ** | **ഉജ്ജിറെ** |

**തുടർന്ന് നടന്ന ജനറൽ ബോഡിയിലേക്ക് കോ-ഓഡിനേറ്റർ :**

സിബി പുളിക്കൽ എല്ലാവരെയും സ്വാഗതം ചെയ്തു. സെക്ര ട്ടറി മാത്യു അറക്കത്തറ റിപ്പോർട്ട് അവതരിപ്പിച്ചു. ബഹു.ഫാ. ടോമി കള്ളികാട്ട് ദീപം തെളിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു. 2017-19 വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു. ബഹു. തോമസ് പുതിയറ അച്ചൻ 2017-19 വർഷത്തെ രൂപതാ ഭാരവാഹികളുടെ വിലയേറിയ സേവനങ്ങൾക്ക് നന്ദി പറഞ്ഞു. റവ.ഫാ. ടോമി കള്ളികാട്ട് രൂപതാ ഭാരവാഹികൾക്ക് മെമെന്റോ നല്കി ആദരിച്ചു.

**ഫാ.തോമസ് പുതിയറ**
ഡയറക്ടർ, ഫാമിലി അപ്പസ്തോലേറ്റ്.

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್(ರಿ) ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಭಾದಿತರಿಗೋಸ್ಕರ ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದ್ದು 120 ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ವ್ಯಕ್ತಿಗಳನ್ನು ಹಾಗೂ 40 ಸೋಂಕಿತ ಮಕ್ಕಳನ್ನು ಗುರುತಿಸಿ ಅವರಿಗೆ ಮಾನಸಿಕ ಸ್ಥೈರ್ಯ ನೀಡುವ ಕೆಲಸವನ್ನು ಮಾಡುತ್ತಿದೆ.

ದಿನಾಂಕ 20.07.19 ರಂದು ಮಾಸಿಕ ಬೆಂಬಲ ಸಭೆಯನ್ನು ಬೆಳ್ತಂಗಡಿ ಸಾನ್ ತೋಮ್ ಟವರ್‌ನಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ನವಚೈತನ್ಯ ಸಂಘದ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಲಲಿತರವರು ಅಧ್ಯಕ್ಷತೆ ವಹಿಸಿದ್ದರು. ನಿರ್ದೇಶಕರಾದ ವಂ. ಫಾ। ಬಿನೋಯಿರವರು ಶುಭ ಹಾರೈಸಿದರು. ಮಹಿಳಾ ಸಶಕ್ತತಾ ಯೋಜನೆಯ ಸಂಯೋಜಕಿ ಕು. ಶುಭಾ ತಾಪಮಾನ ಏರಿಕೆ ಮತ್ತು ಹವಾಮಾನ ಬದಲಾವಣೆಯ ಕುರಿತು ಮಾಹಿತಿ ನೀಡಿದರು. ಅರ್ಥಿಗಳಿಗೆ ಪೌಷ್ಟಿಕ ಆಹಾರ ವಿತರಿಸಲಾಯಿತು. ವೈದ್ಯಾಧಿಕಾರಿ ಡಾ। ಮುರಳೀಕೃಷ್ಣರವರು ವೈದ್ಯಕೀಯ ತಪಾಸಣೆ ನಡೆಸಿದರು. ಒಟ್ಟು 35 ಮಂದಿ ಭಾಗವಹಿಸಿದ್ದರು.

**ಸ್ನೈಕ್ ಸುರಕ್ಷಾ ಯೋಜನೆ**

ಈ ಯೋಜನೆಯನ್ನು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮಕ್ಕಳ ಆರೋಗ್ಯ ಸುಧಾರಣೆ, ಪೌಷ್ಟಿಕ ಆಹಾರ ಪೂರೈಕೆ ಮತ್ತು ಶಿಕ್ಷಣಕ್ಕೆ ನೆರವು ನೀಡುವ ಉದ್ದೇಶದಿಂದ ಸಂಸ್ಥೆ ಮಟ್ಟದಲ್ಲಿ ಅನುಷ್ಠಾನಗೊಳಿಸಿದ್ದು ಸೋಂಕಿತ ಮಕ್ಕಳ ಅಭಿವೃದ್ಧಿ ಮತ್ತು ಅವರನ್ನು ಸಮಾಜದ ಮುಖ್ಯ ವಾಹಿನಿಗೆ ತರುವುದು ಈ ಯೋಜನೆಯ ಮುಖ್ಯ ಉದ್ದೇಶವಾಗಿದೆ.

ಮೇ, ಜೂನ್ ಹಾಗೂ ಜುಲೈ ತಿಂಗಳಲ್ಲಿ ರೂ 93,620/– ಧನ ಸಹಾಯ ಬಂದಿದ್ದು, ಪೌಷ್ಟಿಕ ಆಹಾರ ಪೂರೈಕೆ, ಶಿಕ್ಷಣಕ್ಕೆ ನೆರವು ಹಾಗೂ ವೈದ್ಯಕೀಯ ಚಿಕಿತ್ಸೆಗಾಗಿ ಸಹಕಾರಿಯಾಗಿದೆ.

**ಸಮೃದ್ಧಿ ಯೋಜನೆ**

ಈ ಯೋಜನೆಯು ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಸ್ವ ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಕಾರ್ಯಕ್ರಮಗಳಿಗಾಗಿ ಸಾಲ ಕೊಡುವ ಯೋಜನೆಯಾಗಿದೆ.ಈ ತಿಂಗಳಲ್ಲಿ ತೋಟತ್ತಾಡಿ ಹಾಗೂ ಧರ್ಮಸ್ಥಳ ಕ್ಷೇತ್ರದ ಸದಸ್ಯರಿಗೆ ಕಿರು ಉದ್ದಿಮೆ ಹಾಗೂ ಕೌಶಲ್ಯಾಭಿವೃದ್ಧಿ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಲಾಗಿದೆ ಹಾಗೂ ತೋಟತ್ತಾಡಿಯ ಜೀವನ್‌ಜ್ಯೋತಿ ಸಂಘದ ಸದಸ್ಯರಿಗೆ ರೂ 1,75,000/– ಕಿರು ಉದ್ದಿಮೆಗಾಗಿ ಸಾಲ ನೀಡಲಾಗಿದೆ.



**ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮ**

ಮಿಸರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್. ಡಿ.ಎಸ್.ಸಂಸ್ಥೆಯ ಮುಖಾಂತರ ಬೆಳ್ತಂಗಡಿ ಹಾಗೂ ಪುತ್ತೂರು ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 123 ಮಹಿಳಾ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು,ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಇವೆ. ಒಟ್ಟು 1411 ಮಂದಿ ಸದಸ್ಯರು ಕಾರ್ಯನಿರ್ವಹಿಸುತ್ತಿದ್ದಾರೆ.

ದಿನಾಂಕ 16.6.2019ರಂದು ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ ಮತ್ತು ಅರುಣೋದಯ ಮಹಾಸಂಘ ಬೆಳ್ತಂಗಡಿ, ಗ್ರಾಮ ಪಂಚಾಯತ್ ಇಂದಬೆಟ್ಟು, ಸ್ಪಂದನಾ ಪೋಲಿಕ್ಲಿನಿಕ್ ಲ್ಯಾಬೋರೋಟರಿ ಬೆಳ್ತಂಗಡಿ ಮತ್ತು ಪ್ರಸಾದ್ ನೇತ್ರಾಲಯ ಉಡುಪಿ ಇವುಗಳ ಜಂಟಿ ಆಶ್ರಯದಲ್ಲಿ ಉಚಿತ ನೇತ್ರ ತಪಾಸಣಾ ಶಿಬಿರವನ್ನು ಮರಿಯಾಂಬಿಕ ಆಂಗ್ಲಮಾಧ್ಯಮ ಪ್ರೌಢಶಾಲೆ ಬೆದ್ರಬೆಟ್ಟು ಇಲ್ಲಿ ಆಯೋಜಿಸಲಾಯಿತು. ಮರಿಯಾಂಬಿಕ ಚರ್ಚಿನ ಧರ್ಮಗುರುಗಳಾದ ವಂ। ಫಾ.ದೇವಸ್ಯ ವಡಕ್ಕೆವೀಟ್ಟಿಲ್ ಇವರು ಅಧ್ಯಕ್ಷತೆ ವಹಿಸಿದರು. ಶ್ರೀ.ದುರ್ಗಾದೇವಿ ದೇವಸ್ಥಾನ ಕೊಲ್ಲಿ ಇದರ ಮಾಜಿ ಆಡಳಿತ ಮೋಕ್ತೇಸರರಾದ ಶ್ರೀ. ಮಂಜುನಾಥ್ ಕಾಮತ್‌ರವರು ಕಾರ್ಯಕ್ರಮ ಉದ್ಘಾಟಿಸಿ ಮಾತನಾಡಿದರು. ಅರುಣೋದಯ ಮಹಾಸಂಘದ ಉಪಾಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ಸುಶೀಲ, ಪ್ರಸಾದ್ ನೇತ್ರಾಲಯ ನೇತ್ರ ತಜ್ಞರಾದ ಡಾ। ಧನಂಜಯ, ಬಂಗಾಡಿ ಸಿ.ಎ ಬ್ಯಾಂಕ್ ಉಪಾಧ್ಯಕ್ಷರಾದ ಶ್ರೀ.ಕೃಷ್ಣಪ್ಪ ಪೂಜಾರಿ ವೇದಿಕೆಯಲ್ಲಿ ಉಪಸ್ಥಿತರಿದ್ದರು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ। ಫಾ। ಬಿನೋಯಿ ಎ.ಜೆ.ರವರು ಪ್ರಾಸ್ತಾವನೆಗೈದರು. ಸಭಾ ಕಾರ್ಯಕ್ರಮದ ನಂತರ ನೇತ್ರ ತಪಾಸಣೆ ನಡೆಸಲಾಯಿತು. ಬೆಳ್ತಂಗಡಿ ಸ್ಪಂದನಾ ಪೋಲಿಕ್ಲಿನಿಕ್ ಇವರಿಂದ ಉಚಿತವಾಗಿ ಬಿ.ಪಿ ಮತ್ತು ಮಧುಮೇಹ ತಪಾಸಣೆಯನ್ನು ಮಾಡಲಾಯಿತು. 45 ಸದಸ್ಯರು ಇದರ ಪ್ರಯೋಜನ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 18.6.2019 ರಂದು ಉದಯ ಮಹಾಸಂಘ ಗಂಡಿಬಾಗಿಲು ಇದರ ವತಿಯಿಂದ ಸದಸ್ಯರಿಗೆ ಗಿಡಮೂಲಿಕಾ ಔಷಧಿಗಳ ಮಹತ್ವ ಮತ್ತು ಸರ್ಕಾರಿ

ಸೌಲಭ್ಯಗಳ ಕುರಿತು ತರಬೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು.

ಕಾರ್ಯಕರ್ತರಾದ ಜಾನ್ಸನ್‌ರವರು ಗಿಡಮೂಲಿಕಾ ಔಷಧಿಗಳ ಮಹತ್ವದ ಕುರಿತು ಮಾಹಿತಿ ನೀಡಿದರು. ಶ್ರೀ. ಲತೇಶ್, ಜ್ಞಾನಭಾರತಿ ಆರ್ಥಿಕ ಸಾಕ್ಷರತಾ ಕೇಂದ್ರ ಇವರು ಸರಕಾರಿ ಸೌಲಭ್ಯಗಳ ಕುರಿತು ಮಾಹಿತಿ ನೀಡಿದರು. ಸಂಯೋಜಕಿ ಶುಭಾ ಪ್ರಾಸ್ತಾವನೆಗೈದರು.

ದಿನಾಂಕ 19.6.2019 ರಂದು ಅಕ್ಷಯ ಮಹಾಸಂಘದ ವತಿಯಿಂದ ಅಡ್ಡಹೊಳೆಯ ಸ.ಹಿ.ಪ್ರಾ.ಶಾಲೆಯಲ್ಲಿ ಸ್ವಚ್ಛ ಮೇವ ಜಯತೇ ಕಾರ್ಯಕ್ರಮ ಮತ್ತು ಮಳೆ ನೀರಿನ

ಕೊಯ್ಲಿನ ಮಹತ್ವದ ಕುರಿತು ತರಭೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಹಮ್ಮಿಕೊಳ್ಳಲಾಯಿತು.ಅಧ್ಯಕ್ಷತೆಯನ್ನು ಶಿರಾಡಿ ಗ್ರಾಮ ಪಂಚಾಯತ್ ಸದಸ್ಯರಾದ ಶ್ರೀ.ಪ್ರಕಾಶ್‌ರವರು ವಹಿಸಿದರು. ಅಡ್ಡಹೊಳೆ ಶಾಲಾ ಮುಖ್ಯೋಪಾದ್ಯಾಯಿನಿ ಶ್ರೀಮತಿ ಉಷಾರವರು ಗಿಡ ನೀಡುವುದರ ಮೂಲಕ ಕಾರ್ಯಕ್ರಮ ಉದ್ಘಾಟಿಸಿ ಶುಭಹಾರೈಸಿದರು. ಉಪ್ಪಿನಂಗಡಿ ವಲಯ ಅರಣ್ಯಾಧಿಕಾರಿಯಾದ ಶ್ರೀ.ಜಯಾಕುಮಾರ್ ಪರಿಸರ ಸಂರಕ್ಷಣೆಯ ಕುರಿತು ತಿಳಿಸಿದರು. ಶ್ರೀ.ಬೆಟ್ಟಿ ಗುತ್ತಿಗಾರ್ ಇವರು ಮಳೆ ನೀರಿನ ಕೊಯ್ಲಿನ ಕುರಿತು ಮಾಹಿತಿ ನೀಡಿದರು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ|ಫಾ| ಬಿನೋಯಿ ಎ.ಜೆ. ಇವರು ಪ್ರಾಸ್ತಾವನೆಗೈದರು. ಅಕ್ಷಯ ಮಹಾಸಂಘದ ವತಿಯಿಂದ ಓಟ್ಲ ಎಂಬಲ್ಲಿ ರಸ್ತೆ ದುರಸ್ಥಿ ಆಗ್ರಹಿಸಿ ಶಿರಾಡಿ ಗ್ರಾಮ ಪಂಚಾಯತ್‌ಗೆ ಮನವಿ ಸಲ್ಲಿಸಲಾಯಿತು. ವೇದಿಕೆಯಲ್ಲಿ ಅಕ್ಷಯ ಮಹಾಸಂಘದ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಬಿಂಧು ಸನ್ನಿ ಉಪಸ್ಥಿತರಿದ್ದರು. ಸಭಾ ಕಾರ್ಯಕ್ರಮದ ನಂತರ ಶಾಲಾ ಆವರಣ ಸ್ವಚ್ಛಗೊಳಿಸಿ ಗಿಡ ನೆಡಲಾಯಿತು.

ದಿನಾಂಕ 22.6.2019 ರಂದು ಅರುಣೋದಯ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಅಸ್ತಿತ್ವದಲ್ಲಿರುವ ಕಾನೂನುಗಳ ಕುರಿತು ತರಭೇತಿ ಕಾರ್ಯಕ್ರಮವನ್ನು ಸಂಜಯನಗರ ಅಂಗನವಾಡಿಯಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ವಕೀಲರಾದ ಶ್ರೀಮತಿ ಸುಭಾಷಿಣಿ ಇವರು ಮಹಿಳಾ ದೌರ್ಜನ್ಯ ತಡೆ ಕಾಯ್ದೆ ಮತ್ತು ಪೋಕ್ಸೋ ಕಾಯ್ದೆ ಕುರಿತು ಮಾಹಿತಿ ನೀಡಿದರು

ದಿನಾಂಕ 24.6.2019 ರಂದು ಕಿರಣ್ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟ ಮತ್ತು ಸ್ನೇಹಜ್ಯೋತಿ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟದ ಸದಸ್ಯರಿಗೆ ಒಕ್ಕೂಟ ಬಲವರ್ಧನೆ ಮತ್ತು ಜಿಲ್ಲಾ ಒಕ್ಕೂಟದ ಪರಿಕಲ್ಪನೆ ಕುರಿತು ತರಭೇತಿ ಕಾರ್ಯಕ್ರಮವನ ಕುಟ್ರುಪಾಡಿ ಚರ್ಚ್ ಹಾಲ್‌ನಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ

ವಂ|ಫಾ| ಬಿನೋಯಿ ಎ.ಜೆ.ರವರು ಉಪಸ್ಥಿತರಿದ್ದರು. ಸ್ಥಳೀಯ ಚರ್ಚ್‌ನ ಧರ್ಮಗುರುಗಳಾದ ವಂ|ಫಾ| ಜೋಸ್ ಆಯಾಂಕುಡಿರವರು ಒಕ್ಕೂಟ ಬಲವರ್ಧನೆ ಮತ್ತು ಜಿಲ್ಲಾ ಒಕ್ಕೂಟದ ಪರಿಕಲ್ಪನೆಯ ಕುರಿತು ಮಾಹಿತಿ ನೀಡಿದರು.

ದಿನಾಂಕ 27.6.2019 ರಂದು ಅಮೂಲ್ಯ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಹಕ್ಕು ಆಧಾರಿತ ವಿಧಾನದ ಕುರಿತು ತರಭೇತಿ ಕಾರ್ಯಕ್ರಮವನ್ನು ನೆಲ್ಯಾಡಿ ಚರ್ಚ್‌ಹಾಲ್‌ನಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಂಯೋಜಕರಾದ ಶ್ರೀ. ಸುನಿಲ್ ಗೊನ್ಸಾಲ್ವಿಸ್‌ರವರು ಮಾಹಿತಿ ನೀಡಿದರು. ಕಾರ್ಯಕರ್ತರಾದ ಶ್ರೀಮತಿ ಎಲ್ಸಿ ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 28.6.2019 ರಂದು ತೋಟತ್ತಾಡಿಯಲ್ಲಿ ಸಂಘದ ಸದಸ್ಯರಿಗೆ ಜಾಗತಿಕ ತಾಪಾಮಾನ ಏರಿಕೆ ಮತ್ತು ಹವಾಮಾನ ಬದಲಾವಣೆಯ ಕುರಿತು ತರಭೇತಿ ಕಾರ್ಯಕ್ರಮವನ್ನು ತೋಟತ್ತಾಡಿ ಚರ್ಚ್‌ಹಾಲ್‌ನಲ್ಲಿ ಹಮ್ಮಿಕೊಳ್ಳಲಾಯಿತು. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ಈ



ಮಾಹಿತಿ ಕಾರ್ಯಗಾರ ನಡೆಸಿಕೊಟ್ಟರು. ಕಾರ್ಯಕರ್ತರಾದ ಜಾನ್ಸನ್ ಉಪಸ್ಥಿತರಿದ್ದರು.

**ಆರೋಗ್ಯ ಶಿಬಿರ**

ನೆಹರೂ ಯುವ ಕೇಂದ್ರ ಮಂಗಳೂರು, ಮಲೆನಾಡು ಎಜುಕೇಶನ್ ಸೊಸೈಟಿ (ರಿ), ಶ್ರೀ ವಿದ್ಯಾಗಣಪತಿ ಸೇವಾ ಸಮಿತಿ ಮಲವಂತಿಗೆ ಇದರ ನೇತೃತ್ವದಲ್ಲಿ ಎ.ಜೆ ಆಸ್ಪತ್ರೆ, ಇಂಡಿಯನ್ ಕ್ಯಾನ್ಸರ್ ಸೊಸೈಟಿ, ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಬೆಳ್ತಂಗಡಿ ಹಾಗೂ

ಸ್ಥಳೀಯ ಸಂಘ ಸಂಸ್ಥೆಗಳ ಸಂಯುಕ್ತ ಆಶ್ರಯದಲ್ಲಿ ಬೃಹತ್ ಉಚಿತ ವೈದ್ಯಕೀಯ

ಶಿಬಿರ ಮತ್ತು ಸ್ವಯಂ ಪ್ರೇರಿತ ರಕ್ತದಾನ ಶಿಬಿರವು ದಿನಾಂಕ 21.07.2019 ರಂದು ಅನುದಾನಿತ ಖಾಸಗಿ ಹಿರಿಯ ಪ್ರಾಥಮಿಕ ಶಾಲೆ ಮಲವಂತಿಗೆಯಲ್ಲಿ

ನಡೆಯಿತು. ಬೆಳ್ತಂಗಡಿ ಆರಕ್ಷಕ ಠಾಣೆಯ ವೃತ್ತ ನಿರೀಕ್ಷಕರಾದ ಶ್ರೀ. ಸಂದೇಶ್ ಪಿ.ಜಿ. ಶಿಬಿರವನ್ನು ಉದ್ಘಾಟಿಸಿದರು.ಎ.ಜೆ. ಆಸ್ಪತ್ರೆಯ ಖ್ಯಾತ ಕ್ಯಾನ್ಸರ್ ತಜ್ಞರಾದ ಡಾ॥ ಕೆ. ಕಮಲಾಕ್ಷ ಶೆಣೈ ಕ್ಯಾನ್ಸರ್ ಖಾಯಿಲೆಯ ಕುರಿತು ಮಾಹಿತಿ ನೀಡಿದರು. ಡಾ॥ ವಾಣಿ ಸುಗುಣ ಕಿಲ್ಲೂರು, ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ನಿರ್ದೇಶಕರಾದ ವಂ. ಸ್ವಾ. ಬಿನೋಯಿ ಎ.ಜೆ, ರಘುವೀರ್ ಎಸ್. ಎಸ್.ಡಿ.ಎಮ್ ಪಿ.ಯು ಕಾಲೇಜಿನ ಉಪನ್ಯಾಸಕ ರಾಜೇಶ್, ಕುಶಾಲಪ್ಪ ಗೌಡ, ಎ.ಜೆ ಆಸ್ಪತ್ರೆಯ ಶಿಬಿರ ಸಂಯೋಜಕ ದಿಲೀಪ್ ಕುಮಾರ್ ಮೊದಲಾದವರು ವೇದಿಕೆಯಲ್ಲಿ ಉಪಸ್ಥಿತರಿದ್ದರು. ಉಜಿರೆ ರಬ್ಬರ್ ಹಾಲು ಸೊಸೈಟಿಯ ಅಧ್ಯಕ್ಷರಾದ ಶ್ರೀಧರ್ ಜಿ. ಭಿಡೆ ಸಭಾದ್ಯಕ್ಷತೆ ವಹಿಸಿದ್ದರು. ಒಟ್ಟು 300 ಕ್ಕಿಂತ ಅಧಿಕ ಮಂದಿ ಶಿಬಿರದ ಪ್ರಯೋಜನ ಪಡೆದರು.

**Fr. Varkey Malikayil**
Director , DKRDS

# SOCIETY OF ST. VINCENT DE PAUL
## Central Council of Belthangady

The 14th Annual General Body Meeting (AGM) of SSVP Belthangady (Central Council) was held on 30.06.2019 at Jnananilaya, the Diocesan Pastoral Centre of the diocese. The morning session commenced with the Holy Mass offered by Bishop, His Excellency Mar Lawrence Mukkuzhy. Mar Lawrence Mukkuzhy inaugurated the AGM by lighting the lamp in the presence of Rev. Fr.Joseph Mattom, CC Spiritual Advisor, Rev. Fr. Joseph Kollara, visiting Professor St.Thomas Apostolic Seminary, Vadavathoor Kottayam, Bro. Paulose Rajan, CC President and other office bearers of the CC. In his inaugural speech he expressed his happiness on the activities done by Vincentians in catering to the needs of the needy and also on establishment of two more conferences in Sullia and Sampaje Parishes. He appreciated the dedicated activities of all Vincentians in the diocese. Resource person of the programme was Fr. Joseph Kollara. He spoke on the problems being faced by the church from within and from outside and the negative attitude of media in creating a negative image about the Catholic Church, neglecting the services provided by the church to the society in various fields. He urged all to make it known to the public the good things the church does in helping the poor and needy. The Business Session of the program started in the afternoon with the opening prayer by CC Secretary, Bro. OG Varghese. Fr. Joseph Mattam, Spiritual Advisor read the holy gospel from the book of St. Mathew and gave a brief message.

CC Secretary, Bro. OG Varghese presented the Minutes of the 13th AGM held in July 2018 and also presented the report of activities done during the year 2018-19. CC Treasurer, Bro. C. Joseph presented the accounts of the CC of the year 2018-19. Presidents of respective Area Councils presented the reports of Conference level activities during the year.

Bro. Paulose Rajan, CC President in his concluding remarks expressed his joy and satisfaction about the functioning of the





Conferences in general and emphasized on the need to revive a few conferences which are defunct/inactive and also for establishing new conferences in parishes where it is not in existence. He requested all the Vincentians to actively and wholeheartedly participate in activities of the Society in future also.

Bro. Thomas Kalapurackal, CC Vice President proposed vote of thanks and the AGM ended by 4.30 PM with the closing prayer by Bro TM Xavier, past President of the CC. A total of 210 Vincentians from various Conferences under the CC attended the program.



## Apostolic Exhortation
## Gaudete et Esultate of the Holy Father Francis on the call to Holiness in Today's world.
## ആനന്ദിച്ച് ആഹ്ലാദിക്കുവിൻ
## അധ്യായം നാല്
## ഇന്നത്തെ ലോകത്തിലെ വിശുദ്ധിയുടെ അടയാളങ്ങൾ

**110.** അഷ്ടഭാഗ്യങ്ങളും മത്തായി 25 - 31 :46 -വരെ നൽകുന്ന വിശുദ്ധിയെക്കുറിച്ചുള്ള ചട്ടക്കൂടിനുള്ളിൽ വരുന്ന ഏതാനും അടയാളങ്ങളെ അഥവാ ആത്മീയ മനോഭാവങ്ങളെക്കുറിച്ചു സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ അഭിപ്രായത്തിൽ, കർത്താവ് നമ്മെ വിളിക്കുന്ന ജീവിത മാർഗം മനസ്സിലാക്കുന്നതിന് അവ അത്യാവശ്യമാണ്. ഇതിനോടകം നമുക്കറിയാവുന്ന വിവിധ പ്രാർത്ഥന രീതികൾ അമൂല്യ കൂദാശകളായ ദിവ്യബലി, അനുരഞ്ജനം, വൈയക്തിക ത്യാഗങ്ങളുടെ കാഴ്ച സമർപ്പണം, വിവിധ രൂപങ്ങളിലുള്ള ഭക്ത്യഭ്യാസനങ്ങൾ, അത്മീയ ശിക്ഷണം തുടങ്ങിയ മറ്റനേകം വിശുദ്ധീകരണമാർഗങ്ങളെ വിശദീകരിക്കാൻ ഞാൻ മുതിരുന്നില്ല. പ്രത്യേകമായ രീതിയിൽ അർത്ഥവത്താണ് എന്നു ഞാൻ പ്രതീക്ഷിക്കുന്ന വിശുദ്ധിയിലേക്കുള്ള വിളിയുടെ ഏതാനും ചില മാനങ്ങളെക്കുറിച്ച് മാത്രമേ ഇവിടെ ഞാൻ പരാമർശിക്കുന്നുള്ളു.

**111.** ഞാൻ എടുത്തുകാണിക്കുവാൻ ആഗ്രഹിക്കുന്ന അടയാളങ്ങൾ വിശുദ്ധിയുടെ ഒരു മാതൃകയുടെ ആകെത്തുകയല്ല. പ്രത്യുത ഇന്നതെ സാംസ്കാരിക തലത്തിലുള്ള അപകടങ്ങളുടെയും പരിമിതികളുടെയും വെളിച്ചത്തിൽ പ്രത്യേകം പ്രാധാന്യമർഹിക്കുന്നു എന്നു ഞാൻ കരുതുന്ന ദൈവത്തോടും അയൽക്കാരോടുമുള്ള സ്നേഹത്തിന്റെ അഞ്ച് മഹത്തായ പ്രകടനങ്ങളാണ്. ഇന്നത്തെ സംസ്കാരത്തിൽ ശ്രദ്ധ ചിതറിക്കുന്നതും അസ്വസ്ഥമാക്കുന്നതും ചിലപ്പോൾ അക്രമാസക്തമാകുന്നതുമായ ഉൽക്കണ്ഠാഭാവം നാം കാണുന്നു. അതോടൊപ്പം, സ്വാത്മനിഷേധവും വിഷണ്ണതയും ഉപഭോഗ സംസ്കാരം പോഷിപ്പിക്കുന്ന സംതൃപ്തിയും സ്വാർത്ഥതയും, ഇപ്പോഴത്തെ മതസംബന്ധ കമ്പോളത്തിൽ ദൈവത്തിന് യാതൊരു സ്ഥാനവും നൽകാത്ത വികലമായ ആത്മീയതയുടെ എല്ലാ രൂപങ്ങളും നാം കാണുന്നു.

### സ്ഥിരോത്സാഹവും ക്ഷമയും ശാന്തതയും

**112.** ഈ മഹത്തായ അടയാളങ്ങളിൽ ഒന്നാമത്തേത്, നമ്മെ സ്നേഹിക്കുകയും പാലിക്കുകയും ചെയ്യുന്ന ദൈവത്തിൽ ഉറച്ച അടിസ്ഥാനമിടലാണ്. അന്തസ്ഥിതമായ ശക്തിയുടെ ഈ ഉറവിടം ജീവിതത്തിന്റെ ജയാപജയങ്ങളുടെ മധ്യേ സ്ഥിരോത്സാഹത്തോടുകൂടി പരിശ്രമിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. മാത്രവുമല്ല ശത്രുതയും വിശ്വാസ വഞ്ചനയും മറ്റുള്ളവരിൽ നിന്നുള്ള ന്യൂനതകളും ക്ഷമയോടെ സഹിക്കുവാനും നമ്മെ പ്രാപ്തരാക്കുന്നു. ദൈവം നമ്മുടെ കൂടെയെങ്കിൽ ആരാണ് നമുക്കെതിര് (റോമ 8-31) വിശുദ്ധിരിൽ കാണുന്ന സമാധാനത്തിന്റെ ഉറവിടം ഇതാണ്. ഇത്തരത്തിലുള്ള അന്തസ്ഥിത ശക്തി അതിവേഗ ഭാവവും ശബ്ദായമാനവും കടന്നാക്രമണ പ്രവണതയുള്ളതുമായ നമ്മുടെ ലോകത്തിൽ ക്ഷമവഴിയും നന്മ ചെയ്യുന്നതിലുള്ള സ്ഥിരത വഴിയും വിശുദ്ധിക്ക് ഒരു സാക്ഷ്യം നൽകുന്നതു നമുക്ക് സാധ്യമാക്കുന്നു. സ്നേഹത്തിൽ നിന്നും ഉത്ഭവിക്കുന്ന വിശ്വസ്തതയുടെ ഒരടയാളമാണത്. എന്തെന്നാൽ, ദൈവത്തിൽ വിശ്വാസമർപ്പിക്കുന്നവന് മറ്റുള്ളവരോട് വിശ്വസ്തത കാണിക്കാനും കഴിയും. കഷ്ടതയുടെ ക്കാലത്ത് മറ്റുള്ളവരെ അവൻ ഉപേക്ഷിക്കുകയില്ല. പെട്ടെന്നുള്ള സംതൃപ്തി ലഭിക്കുകയില്ലെങ്കിൽ പ്പോലും അവരുടെ ആകുലതയിലും കഷ്ടപാടിലും വിശുദ്ധർ അവരെ അനുയാത്ര ചെയ്യുന്നു.

**113.** വിശുദ്ധ പൗലോസ് റോമാക്കാരോട് തിന്മയ്ക്കു പകരം തിന്മ ചെയ്യാതിരിക്കാനും പ്രതികാരം ചെയ്യാതിരിക്കാനും തിന്മയാൽ കീഴ്പ്പെടുത്തപ്പെടാതിരിക്കാനും നിഷ്ക്കർഷിച്ചു. ഈ മനോഭാവം ബലഹീനതയുടെ . പിന്നെയോ, യഥാർത്ഥ ശക്തിയുടെതാണ്. എന്തെന്നാൽ ദൈവം തന്നെയും കോപിക്കുന്നതിൽ സാവകാശമുള്ളവനാണ്, അവിടുന്നു ക്ഷിപ്രകോപിയല്ല ശക്തിയിൽ അപാരനുമാണ്, സകല വിദ്വേഷവും ക്ഷോഭവും ക്രോധവും അട്ടഹാസവും ദൂഷണവും എല്ല തിന്മകളോടും കൂടി നിങ്ങൾ ഉപേക്ഷിക്കുവിൻ എന്ന് ദൈവവചനം നമ്മെ ഉദ്ബോധിപ്പിക്കുന്നു.

**114.** നാം നമ്മുടെ അക്രമാസക്തിയുടെയും സ്വാർത്ഥതയുടെയും പ്രവണതകളെ തിരിച്ചറിയുകയും അവയോടു പോരാടുകയും വേണം. കോപിക്കാം എന്നാൽ പാപം ചെയ്യരുത്. നിഹ്ങളുടെ കോപം സൂര്യൻ അസ്തമിക്കുന്നതുവരെ നീണ്ടപോകാതിരിക്കട്ടെ. നമ്മൾ ഗ്രസിക്കപ്പെട്ടിരിക്കുന്നു എന്നു തോന്നുമ്പോൾ എപ്പോഴും പ്രാർത്ഥനയെ മുറുകെപ്പിടിക്കണം. പ്രാർത്ഥന നമ്മെ ദൈവത്തിന്റെ കരങ്ങളിലേക്ക് അടുപ്പിക്കുന്നു. അതു സമാധനത്തിന്റെ ഉറവിടവുമാണ്. ഒന്നിനെക്കുറിച്ചും ആകുലകാകേണ്ട. പ്രാർത്ഥനയിലൂടെയും അപേക്ഷയിലൂടെയും കൃതജ്ഞതാസ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ

അർപ്പിക്കുവിൻ. അപ്പോൾ നമ്മുടെ എല്ലാ ധാരണയേയും അതിലംഘി ക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്ത കളെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും.

**115.** ക്രൈസ്തവരും സൂക്ഷിച്ചില്ലെങ്കിൽ ഇന്റർനെറ്റു വഴിയം ആധുനിക മാധ്യമ സമ്പർക്കം വഴിയും വാക്കുകളാലുള്ള അക്രമങ്ങളിൽ കുടു ങ്ങിപ്പോകാവുന്നതാണ്. കത്തോലിക്കാ മാധ്യമങ്ങളിൽ പ്പോലും , അതിര വിട്ട്, അപകീർത്തിയും അപവാദവും പരത്തുന്നത് സാധാരണമാകാ വുന്നതും എല്ലാ സദാചാരമാനദണ്ഡങ്ങളും ഉപേക്ഷിക്കുകയും മറ്റു ള്ളവരുടെ സൽപ്പേരിന് കളങ്കം വരുത്തുന്നത് പതിവായിരിക്കുകയും ചെയ്തിരിക്കുന്നു. അതിന്റെ പലമോ, അപകടകരമായ ഒരു വിഭാഗീക രണമാണ്, പൊതു വേദിയിലെ ഒരു പ്രഭാഷണത്തിൽ പറയരുതാത്ത കാര്യങ്ങൾ ആധിനിക ജനസമ്പർക്ക മാധ്യമങ്ങളിൽ പറയാവുന്നതു കൊണ്ട്, മറ്റുള്ളവരെ പഴിച്ചുകൊണ്ട് അവർ തങ്ങളുടെ തന്നെന്തുഷ്ടി യുടെ കുറവുനികത്തുന്നു. ശ്രദ്ധേയമായ കാര്യം ചിലപ്പോൾ മറ്റു കല്പ നകളെയെല്ലാം മുറുകെപ്പിടിക്കുന്നു എന്ന് അവകാശപ്പെട്ടുകൊണ്ടു തന്നെ കള്ളസാക്ഷി പറയരുത് എന്ന എട്ടാം പ്രമാണത്തെ പാടെ അവഗണി ക്കുന്നു. നരകത്തീ കത്തുന്ന തടിയിടാത്ത ഒരു നാവ് എല്ലാറ്റിനെയും കത്തിച്ചു ചാമ്പലാക്കുന്നതെങ്ങനെയെന്ന് ഇവിടെ നാം കാണുന്നു.

**116.** ഇന്നത്തെ ജീവിതത്തിന്റെ ഭാഗമായിത്തീർന്നാലെന്നപോലുള്ള അക്ര മവാസനയാൽ നാം വലിച്ചു കൊണ്ടുപോകപ്പെടാൻ ഇടവരാത്തവിധം അന്ത സ്ഥിതമായ ശക്തി, കൃപാവരത്തിന്റെ പ്രവർത്തനമെന്ന നിലയിൽ നമ്മെ സംരക്ഷിക്കുന്നു. എന്തെന്നാൽ കൃപാവരം നമ്മുടെ ഗർവ്വിനെ അകറ്റി ഹൃദയത്തിന്റെ ശാന്തത ഉളവാക്കുന്നു. വിശുദ്ധർ മറ്റുള്ളവരുടെ വീഴ്ചകളെക്കുറിച്ച് പരിഭവം പറഞ്ഞ് തങ്ങളുടെ ഊർജ്ജം ദുർവ്യയം ചെയ്യുന്നില്ല. തങ്ങളുടെ സഹോദരീ സഹോദരന്മാരുടെ കുറവുകളുടെ മുൻപിൽ തങ്ങളുടെനാവിനെ അടക്കിനിർത്താനവർക്കാകും. മറ്റുള്ളവ രോട് ഹീനമായും മോശമായും പെരുമാറുന്നതായ വാക്കുകളാലുള്ള ക്രൂരത അകറ്റിനിർത്താൻ അവർക്കാകും. കാഠിന്യത്തോടുകൂടി മറ്റു ള്ളവരോടു പെരുമാറുവാൻ വിശുദ്ധർ വിമുഖരാണ്, മറ്റുള്ളവർ തങ്ങ ളെക്കാൾ ശ്രേഷ്ഠരാണെന്ന് അവർ കരുതുന്നു.



# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## ജൂലൈ - 2019

2,3 കാക്കനാട് വച്ച് നടന്ന സീറോ മലബാർ സഭയുടെ മതബോധന കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

3. രാവിലെ : ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് കത്തീഡ്രൽ പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഉച്ചക്ക് ജ്ഞാനനിലയത്തിൽ വച്ച് നടന്ന തോമസ് നാമധാരികളായവരുടെ തിരുനാളാഘോഷത്തിൽ പങ്കെടുത്തു.

7. എസ്. എം. വൈ. എം. General Body മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ച് സന്ദേശം നല്കി.

8-13 ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെട്ട രൂപതാ വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു,

15. രാവിലെ ജ്ഞാനനിലയത്തിൽ വച്ച് നടന്ന, Mathruvedhi General Body മീറ്റിംഗിൽ പങ്കെടുത്തു. : വൈകുന്നേരം 4.30 ന് മംഗലാപുരം ബിഷപ്പ് ഹൗസിൽ വച്ച് നടന്ന United Christian Forumത്തിന്റെ മീറ്റിംഗിൽ പങ്കെടുത്തു

17 രാവിലെ K. E. T മീറ്റിംഗിൽ പങ്കെടുത്തു

18 ആരാധന സംഗീതത്തിന് വേണ്ടിയുള്ള രൂപതാ കമ്മിറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

21 ഷിരാടിയിൽ പുതുതായി നിർമ്മിച്ച വൈദിക മന്ദിരത്തിന്റെ വെഞ്ചിരിപ്പ് നടത്തി, വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

22 ഗണ്ടിബാഗ് ഹൈസ്സ്ക്കുളിൽ നടന്ന മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ച് സന്ദേശം നല്കി.

24 ജ്ഞാനനിലയത്തിൽ വച്ച് നടന്ന രൂപത കരിസ്മാറ്റിക്ക് മീറ്റിംഗിൽ പങ്കെടുത്തു.

26 കാക്കനാട് വച്ച് നടന്ന മതബോധന കമ്മിഷൻ മീറ്റിംഗിൽ പങ്കെടുത്തു.

27 ജ്ഞാനനിലയത്തിൽ വച്ച് രാവിലെ 11 മണിക്ക് നടന്ന പിതൃവേദിയുടെ General Body മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി.

ഉച്ചയ്ക്ക് : 12 മണിക്ക് സൗഹാർദ്ദ വേദികെയുടെ ആഭിമുഖ്യത്തിൽ താലൂക്ക് തലത്തിൽ നടന്ന പ്രസംഗ മത്സരത്തിൽ അദ്ധ്യക്ഷത വഹിച്ച്, സമ്മാനദാനം നടത്തി, സന്ദേശം നല്കി.

27-28 പുത്തൂർ മൈനർ സെമിനാരി സന്ദർശിച്ചു.

29-30 ഹെബ്രി ദേവമാത ഫാം, പള്ളിയും സന്ദർശിച്ചു.



# Bishop's Diary



## August-2019

1 Kunnoth : Good Shepherd Seminary

3 Belthangady : Jnananilaya : Biblia

4 Belthangady : Cathedral Church : Anniversary of the Diocese

6-8 Bangalore : KRCBC

10 Morning : Belthangady : Cathedral Church

Evening : Kakkinje

12 Nellyady

13 Belthangady :Meeting of Diocesan Committee for Liturgical Hymn

13-14 Evening : Puttur : Minor Seminary

15 Morning 7.30 a.m. : Belthangady : Cathedral Church

Morning 9.00 a.m. : Sauhardha Vedhike

Afternoon 12.00 p.m. : DKRDS

16-18 Engaged

19-30 Ernakulam : Syro- Malabar Bishops' Synod

31 Kottayam